# പ്രകടനപത്രിക

## അഴിമതിരഹിത ജനപക്ഷ വികസനം

### *1.* ദേശീയ രാഷ്ട്രീയവും *13-*ആം കേരള നിയമസഭാ തെരഞ്ഞെടുപ്പും

*2006* ലെ നിയമസഭാ തെരഞ്ഞെടുപ്പിൽനിന്ന് വ്യത്യസ്തമായൊരു ദേശീയ രാഷ്ട്രീയ പശ്ചാത്തലമാണ് *13-*ാം കേരള നിയമസഭാ തെരഞ്ഞെടുപ്പിനുള്ളത്. അന്ന് ബി.ജെ.പിയെ അധികാരത്തിൽനിന്ന് അകറ്റിനിർത്തുന്നതിനായി ഇടതുപക്ഷം യു.പി.എ സർക്കാരിനെ പിന്തുണച്ചു. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മതനിരപേക്ഷതയും ന്യൂനപക്ഷാവകാശ പ്രതിബദ്ധതയും ഉത്തമ നിദർശനമായിരുന്നു സംസ്ഥാനത്തെ രാഷ്ട്രീയ ശത്രുക്കളുടെ ഒരു കേന്ദ്രസർക്കാരിനെ പിന്താങ്ങിയ ഈ നിലപാട്. എന്നാല്, കോൺഗ്രസ്സിന്റെ അമേരിക്കന് വിധേയത്വവും ജനവിരുദ്ധ നയങ്ങളും മൂലം ഇടതുപക്ഷം ആ പിന്തുണ പിൻവലിച്ചു. ഒരു അവസരവാദ കൂട്ടുകെട്ടിന്റെ പിന്തുണയോടെ ഇന്ന് കേന്ദ്രം ഭരിച്ചുകൊണ്ടിരിക്കുന്ന രണ്ടാം യു.പി.എ സർക്കാരാവട്ടെ കൂടുതല് തീവ്രതയോടെ ആഗോളവൽക്കരണ ജനവിരുദ്ധ നയങ്ങള് നടപ്പാക്കുകയാണ്.

രണ്ടാം യുപിഎ സർക്കാര് അമേരിക്കന് വിധേയത്വ നയമാണ് നിര്ലജ്ജം പിന്തുടരുന്നത്. ആണവക്കരാര് അമേരിക്കയുമായുള്ള തന്ത്രപരമായ സൈനിക ബന്ധത്തിന്റെ തുടക്കമായിരുന്നു. അമേരിക്കന് സമ്മർദ്ദത്തിനു വഴങ്ങി ധനകാര്യമേഖലയില് ആഗോളവത്കരണ പരിഷ്കാരങ്ങള് പൂർവാധികം ശക്തിയോടെ മുന്നോട്ടു കൊണ്ടുപോവുകയാണ് ചരക്കുകളുടെ കാര്യത്തിലെന്നപോലെ ധനകാര്യത്തിലും ഇന്ത്യയെ ഒരു തുറന്ന സമ്പദ്ഘടനയാക്കുകയാണ് ഈ നടപടികളുടെ ലക്ഷ്യം. കോർപ്പറേറ്റുകൾക്ക്ഭീമമായ നികുതി ഇളവുകള് പ്രഖ്യാപിക്കുന്ന കേന്ദ്രസർക്കാര് വരുമാന നഷ്ടം നികത്താന് പൊതുമേഖലയെ കോർപ്പറേറ്റുകൾക്ക്വിൽക്കുകയാണ്. ഇവയെല്ലാം സ്വാശ്രയത്വത്തിന് മാത്രമല്ല, രാഷ്ട്രപരമാധികാരത്തിനു തന്നെ ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്നു.

കേന്ദ്രനയങ്ങള് രൂക്ഷമായ വിലക്കയറ്റത്തിലേയ്ക്കും ജനജീവിതദുരിതത്തിലേയ്ക്കും നയിച്ചിരിക്കുകയാണ്. കാർഷിക നിക്ഷേപത്തിലുണ്ടായ ഇടിവു മൂലം ഉൽപാദനം മുരടിച്ചു നിൽക്കുന്നതും ഇടത്തട്ടുകാരുടെയും ഊഹക്കച്ചവടക്കാരുടെയും തിരിമറികളും ഭക്ഷ്യസാധനങ്ങളുടെ വിലവർദ്ധനയ്ക്ക് ഇടയാക്കിരിക്കുന്നു. കേന്ദ്രസർക്കാരാകട്ടെ, വില നിയന്ത്രിക്കുന്നതിന് പൊതുവിതരണ സമ്പ്രദായം ഉപയോഗപ്പെടുത്താന് വിസമ്മതിക്കുകയാണ്. എണ്ണവില തുടർച്ചയായി ഉയർത്തുന്നത് ഭക്ഷ്യവിലക്കയറ്റം പൊതുവിലക്കയറ്റമായി മാറുന്നതിന് പ്രേരകമായിരിക്കുകയാണ്. കേന്ദ്ര ബജറ്റില് വിലക്കയറ്റത്തെ തടയാന് ഫലപ്രദമായ ഒരു നിർദ്ദേശവുമില്ല. ധനികർക്ക് *5.6* ലക്ഷം കോടി രൂപയുടെ നികുതിയിളവ് നൽകിയവർക്ക് ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതിനുള്ള *90,000* കോടി രൂപ കണ്ടെത്താനായിട്ടില്ല.

സ്വകാര്യവത്കരണം പൊതുസമ്പത്തിന്റെ കൊള്ളയായി മാറിയിരിക്കുന്നു. ഭരണത്തിന്റെ മേലുള്ള ദുസ്വാധീനമായിരിക്കുന്നു കോർപറേറ്റുകളുടെ മത്സരശേഷിയുടെ പ്രധാനഘടകം ഈ ചങ്ങാത്ത മുതലാളിത്തത്തിന്റെ ഏറ്റവും ദുർഗന്ധം വമിക്കുന്ന അധ്യായമായി *2-*ജി സ്പെക്ട്രം അഴിമതി മാറിയിട്ടുണ്ട് കോർപറേറ്റുകളാണ് രണ്ടാം യുപിഎ സർക്കാരിലെ മന്ത്രിമാരെപ്പോലും നിശ്ചയിച്ചതെന്ന് റാഡിയ ടേപ്പ് സംഭവം വെളിപ്പെടുത്തി. ആദർശ് ഫ്ളാറ്റ് കുംഭകോണം, കോമൺവെൽത്ത് ഗെയിംസ് വെട്ടിപ്പ്, എസ് ബാൻഡ് *(*ഐ.എസ്.ആർ.ഒ*)* തിരിമറി, കേന്ദ്ര വിജിലൻസ് കമ്മീഷണര് നിയമനം, ഭീമാകാരമായ കള്ളപ്പണത്തിനുള്ള സംരക്ഷണം ഇങ്ങനെ അഴിമതിക്കഥകള് ഒന്നൊന്നായി പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. സുപ്രീംകോടതി വിധികള് പ്രധാനമന്ത്രിയെപ്പോലും സംശയത്തിന്റെ നിഴലിലാക്കിയിരിക്കുന്നു.

ഈയൊരു സാഹചര്യത്തെ മുതലാക്കുന്നതിന് ബിജെപി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എന്നാല് *2-*ജി സ്പെക്ട്രമടക്കമുള്ള കുംഭകോണങ്ങളുടെ വേര് ബിജെപി ഭരണം വരെ ചെല്ലുന്നുണ്ട്. കർണാടക മുഖ്യമന്ത്രി യെഡ്യൂരപ്പയുടെ അഴിമതിയെ ബിജെപി നേതൃത്വത്തിനു ന്യായീകരിക്കേണ്ടി വന്നു. ഹിന്ദുത്വ വർഗീയവാദികൾക്ക് ഭീകര പ്രവർത്തനങ്ങളുമായുള്ള ബന്ധം കോടതിയുടെ മുന്നിലെത്തിക്കഴിഞ്ഞു. കോൺഗ്രസില് നിന്നു വ്യത്യസ്തമായ നയങ്ങളില്ലെന്നു മാത്രമല്ല, കോൺഗ്രസിന്റെ അഴിമതി പാരമ്പര്യവും ബിജെപി ഏറ്റെടുത്തിരിക്കുകയാണ്. ഭീകര പ്രവർത്തനങ്ങള് രാജ്യത്ത് ഭീഷണമായിക്കൊണ്ടിരിക്കുമ്പോള് ബിജെപിയുടെ ബന്ധുക്കൾക്ക് ഇവയില് പങ്കുണ്ടെന്ന് തെളിഞ്ഞിരിക്കുന്നു. ബിജെപി ഒന്നുകൊണ്ടും കോൺഗ്രസിനു ബദലല്ല.

ഈ പശ്ചാത്തലത്തിലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഉയർത്തുന്ന ബദല് പ്രസക്തമായി തീരുന്നത്. സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും ഉത്തമതാൽപര്യങ്ങള് സംരക്ഷിച്ചുകൊണ്ടുള്ള ബദല് നയം ആവിഷ്കരിക്കുന്നതിന് ശക്തമായ പരിമിതികളുണ്ട്. സംസ്ഥാനത്തിന്റെ ആവശ്യങ്ങളോട് അവഗണനാ മനോഭാവമാണ് കേന്ദ്രസർക്കാര് തുടരുന്നത്. ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ *3.2* ശതമാനം കേരളത്തിലാണെങ്കിലും കേന്ദ്ര നികുതി വിഹിതത്തില് നമ്മുടെ ഓഹരി *2.6* ശതമാനം മാത്രമാണ്. കേരളത്തിലെ കേന്ദ്ര നിക്ഷേപം *2.6* ശതമാനമാണ്. എന്നാല് ഈ പരിമിതികൾക്കുള്ളില് നിന്നു കൊണ്ട് ഓരോ മേഖലയിലും യുഡിഎഫിന്റേതില് നിന്ന് വ്യത്യസ്തമായ നയസമീപനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടു വെയ്ക്കുന്നത്

കോൺഗ്രസ് പ്രചരിപ്പിക്കുന്ന യാഥാസ്ഥിക ധനനയങ്ങൾക്കുപകരം വികസനോന്മുഖ ധനനയം സ്വീകരിച്ചു. വികസന-ക്ഷേമ ചെലവുകള് വെട്ടിച്ചുരുക്കാതെ വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് കമ്മി കുറച്ചു. അഞ്ചുവർഷം കൊണ്ട് സർക്കാര് ചെലവ് ഇരട്ടിയായി. നികുതി വരുമാനമാകട്ടെ ഏതാണ്ട് *7000* കോടി രൂപയിൽനിന്ന് *16000* കോടി രൂപയായി ഇരട്ടിയിലേറെ ഉയർന്നു. റോഡ് നിർമ്മാണം പോലുള്ള മൂലധന ചെലവിനായി വായ്പ എടുക്കുന്നത് തെറ്റാണെന്ന് കേരളത്തിലെ ബദല് ധനനയം കാണുന്നില്ല. കടഭാരത്തെ അളക്കുന്നത് വായ്പയുടെ വലുപ്പം നോക്കിയല്ല. മറിച്ച് അത് തിരിച്ചടയ്ക്കാനുള്ള സമ്പദ്ഘടനയുടെ ശേഷിയുടെ അഥവാ വലുപ്പത്തിന്റെ അടിസ്ഥാനത്തിലാവണം. കേരള സമ്പദ്ഘടന വേഗതയില് വളർന്നതുകൊണ്ട് കടഭാരത്തിന്റെ തോത് കുറയുകയാണ് ഉണ്ടായത്.

കാർഷികമേഖലയില് സ്വതന്ത്രവ്യാപാര കരാറുകളെ കേരളം ശക്തിയുക്തം എതിർത്തു. ആസിയാന് കരാറിന്റെ ആപത്ത് നാം അഭിമുഖീകരിക്കാന് പോവുന്നതേ ഉള്ളൂ. കരാര് കൃഷിക്കും മറ്റും ബദലായി കർഷക കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് പിന്തുടർന്നത്. ഭക്ഷ്യ ആവശ്യങ്ങള് കമ്പോളം പരിഹരിക്കും എന്നതിന് പകരം ഭക്ഷ്യസുരക്ഷയിലാണ് എല്.ഡി.എഫ് സർക്കാര് ഊന്നുന്നത്.

വ്യവസായ മേഖലയില് പൊതുമേഖലയെ സ്വകാര്യവൽക്കരിക്കുന്നതിന് പകരം ശക്തിപ്പെടുത്തുന്ന ബദല് നയം എല്.ഡി.എഫ് നടപ്പിലാക്കി. വൈദ്യുതി മേഖല സ്വകാര്യവൽക്കിക്കുന്നതിന് കേരളം വിസമ്മതിച്ചു. ദേശീയപാതാ നിർമ്മാണത്തില് കേന്ദ്രസർക്കാര് മുന്നോട്ടുവയ്ക്കുന്ന ടോളിന് പകരം ഭാവി വരുമാനത്തിന്റെ അടിസ്ഥാനത്തില്വായ്പ എടുത്ത് റോഡ് വികസനത്തിന് സമഗ്ര റോഡ് പദ്ധതി ആവിഷ്കരിച്ചു.

കേരളത്തിലെ പൊതുവിതരണത്തെ സംരക്ഷിച്ചും നിരന്തരവും ശക്തവുമായ കമ്പോള ഇടപെടലിന്റെ ഭാഗമായും വിലക്കയറ്റത്തില്നിന്ന് ഒരു പരിധി വരെ ജനങ്ങൾക്ക് സംരക്ഷണം നൽകാന് കഴിഞ്ഞു. കേന്ദ്ര ലേബര് ബ്യൂറോയുടെ കണക്കനുസരിച്ച് കേരളം വിലക്കയറ്റത്തില് *17*-ാം സ്ഥാനത്താണ്.

ആരോഗ്യ-വിദ്യാഭ്യാസമേഖലയില് പൊതുസംവിധാനം ശക്തിപ്പെടുത്തി. കേന്ദ്രസർക്കാരിന്റെ അർഹരെപോലും പുറന്തള്ളുന്ന ബി.പി.എല് ലിസ്റ്റിനു പകരം ബദല് ബി.പി.എല് ലിസ്റ്റിന് രൂപം നൽകി. ആരോഗ്യ ഇൻഷ്വറൻസ് പൊതു ആരോഗ്യവുമായി ബന്ധപ്പെടുത്തിയാണ് കേരളത്തില് നടപ്പിലാക്കുന്നത്. കോൺഗ്രസ്സിന്റെ ആന്ധ്രയിലെ തകർന്നുകിടക്കുന്ന മൈക്രോഫിനാൻസ് മാതൃകയ്ക്കു കേരളത്തിലെ കുടുംബശ്രീ ഒരു ബദലാണ്. അധികാരവികേന്ദ്രീകരണത്തില് ഏറ്റവും മുൻപന്തിയില് നിന്നത് കേരളമാണ്. കോൺഗ്രസ് സർക്കാരിനെപ്പോലെ ഭരണപരിഷ്കാരമായി ഇതിനെ കാണുന്നതിനു പകരം താഴെ തട്ടിൽനിന്നുള്ള ജനകീയ പ്രസ്ഥാനമായിട്ടാണ് ഇതിനെ സംഘടിപ്പിച്ചത്. ലോകബാങ്ക് ആവിഷ്കരിച്ച അധികാരവികേന്ദ്രീകൃത മാതൃകയിൽനിന്ന് കേരളത്തിന്റെ സംഭാവന തികച്ചും വ്യത്യസ്തമാണ്.

ഇപ്രകാരം ഓരോ മേഖലയിലും ജനകീയ ബദലിന് രൂപം നൽകാനാണ് ശ്രമിച്ചത്. ഇതിന്റെ അടിസ്ഥാനത്തില് സാമ്പത്തിക വളർച്ചയും സാമൂഹ്യ-സാമ്പത്തിക നീതിയും ഒന്നിച്ചുകൊണ്ടുപോകുന്ന കേരള വികസന മാതൃകയ്ക്ക് രൂപം നൽകി. അനിയന്ത്രിതമായ കമ്പോളവൽക്കരണമാണ് വികസന മാർഗം എന്ന ധാരണ കേരളം തിരുത്തുകയാണ്.

## *2.* വാഗ്ദാനങ്ങള് പാലിച്ചുകൊണ്ട്..

അഞ്ചുവർഷം മുമ്പ് സമ്മതിദായകർക്കു നൽകിയ വാഗ്ദാനങ്ങള് പാലിച്ചുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി തെരഞ്ഞെടുപ്പിനെ നേരിടുന്നത്. ക്ഷേമപെൻഷന് *200* രൂപയാക്കുമെന്ന് പറഞ്ഞു. എന്നാല് അത് *400* രൂപയായി ഉയർത്തി. ബിപിഎല് കുടുംബങ്ങൾക്ക് സൗജന്യവിലയ്ക്ക് റേഷന് നൽകുമെന്നു പ്രഖ്യാപിച്ചു. എന്നാല് എല്ലാവർക്കും രണ്ടുരൂപയ്ക്ക് അരി നൽകാന് തീരുമാനിച്ചു. ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയെക്കുറിച്ചേ പ്രകടനപത്രികയില്പരാമർശമുണ്ടായിരുന്നുള്ളൂ. എന്നാല് അത് നഗരങ്ങളിലേയ്ക്കും വ്യാപിപ്പിച്ചു. പരമ്പരാഗത മേഖലയില് വരുമാനമുറപ്പു പദ്ധതിയും ആവിഷ്ക്കരിച്ചു. എല്ലാവർക്കും വീട് എന്ന സങ്കൽപം ഇഎംഎസ് പാർപ്പിട പദ്ധതിയിലൂടെയും എം.എന് ലക്ഷംവീട് പദ്ധതിയിലൂടെയും പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. പാവപ്പെട്ടവരുടെ എല്ലാ ഭവനവായ്പകളും എഴുതിത്തള്ളി. പ്രകടനപത്രികയില് പറഞ്ഞതുപോലെ എല്ലാ വീട്ടിലും വെളിച്ചവും കക്കൂസും ഉറപ്പുവരുത്താന്നടപടി സ്വീകരിച്ചു.

നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കുമെന്നു മാത്രമേ പറഞ്ഞിരുന്നുള്ളൂ. എന്നാല് *7* രൂപയില് നിന്ന് *14* രൂപയായി, ഇരട്ടിയായി, വർദ്ധിപ്പിച്ചു. കടാശ്വാസം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിലെ ഒരു പ്രധാന ഇനമായിരുന്നു. കേന്ദ്ര കടാശ്വാസ പ്രഖ്യാപനത്തിനു മുന്നേ തന്നെ കാർഷിക കടാശ്വാസ കമ്മിഷനു കേരള സർക്കാര് രൂപം നൽകി. മത്സ്യത്തൊഴിലാളികൾക്കും പട്ടികവിഭാഗങ്ങൾക്കും കടാശ്വാസം പ്രഖ്യാപിച്ചു.

വിൽപന നിർത്തിവെച്ച് പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുമെന്ന് പറഞ്ഞപ്പോള് *96* കോടി രൂപ നഷ്ടം വരുത്തിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങള് *300* കോടിയിലേറെ ലാഭം സൃഷ്ടിക്കുന്നവയായി മാറുമെന്ന് എത്രപേര് ചിന്തിച്ചിട്ടുണ്ടാകും*?* എട്ടു പുതിയ പൊതുമേഖലാ സ്ഥാപനങ്ങള് ആരംഭിച്ചു എന്നു മാത്രമല്ല, ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് ദേശസാൽക്കരിക്കുകയും ചെയ്തു. ഇൻഫോപാർക്ക് സംരക്ഷിച്ചും വികസിപ്പിച്ചും കൊണ്ടു തന്നെ സ്മാർട്ട്സിറ്റി യാഥാർത്ഥ്യമാക്കി. അഞ്ചുവർഷം കൊണ്ട് ഐടി പാർക്കുകളുടെ വിസ്തൃതി *339* ഏക്കറിൽനിന്ന് *2261* ഏക്കറായി ഉയർത്തി. കെട്ടിടങ്ങളുടെ വിസ്തൃതിയാകട്ടെ *18.9* ലക്ഷം ചതുരശ്ര അടിയില് നിന്ന് *76.1* ലക്ഷം ചതുരശ്ര അടിയായി ഉയർത്തി. പൈതൃക സംരക്ഷണ ടൂറിസം ആവിഷ്കരിച്ചു. ഈ സർക്കാര് വരുന്നതുവരെ വ്യവസായ ആവശ്യങ്ങൾക്ക് ഏറ്റെടുത്ത ഭൂമിയുടെ വിസ്തൃതി *3000* ഏക്കറായിരുന്നു. കഴിഞ്ഞ അഞ്ചുവർഷത്തിനിടെയില് മാത്രം *3700* ഏക്കര് ഭൂമി കൂടി

ഏറ്റെടുക്കാനുള്ള നടപടികള് പൂർത്തിയാക്കി. വനാവകാശ നിയമമനുസരിച്ച് *30,000*-ത്തോളം ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്തു. ഇന്ത്യയില് ആദ്യമായി ഈ നിയമം പൂർണ്ണമായി നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളം.

എല്.ഡി.എഫ് സർക്കാരിന്റെ റോഡ് പുനരുദ്ധാരണത്തിന് പ്രകടനപത്രിക നൽകിയ പ്രാധാന്യം കണക്കിലെടുത്ത് രണ്ടാം വർഷം ഓരോ മണ്ഡലത്തിനും ഒരു കോടി രൂപ വീതവും മൂന്നാം വർഷം രണ്ടു കോടി രൂപ വീതവും നാലാം വർഷം ചുരുങ്ങിയത് *15* കോടി രൂപ വീതവും അങ്ങനെ ഏതാണ്ട് *5000* കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്ക് അനുവാദം നൽകി. ഈ അനുഭവങ്ങളുടെ അടിസ്ഥാനത്തില് കേരളത്തിലെ റോഡുകള് മുഴുവന് പുനരുദ്ധരിക്കുന്നതിന് *40,000* കോടി രൂപയുടെ സമഗ്ര പരിപാടിയ്ക്ക് രൂപം നൽകാനും കഴിഞ്ഞു.

പ്രകടനപത്രികയിലെ കാഴ്ചപ്പാട് അനുസരിച്ച് രൂപീകരിച്ച ജനകീയാരോഗ്യ നയവും വിദ്യാഭ്യാസ നയവും ഈ മേഖലകളിലെ പൊതുസംവിധാനങ്ങളിലെ ഗുണമേന്മയില് കുതിച്ചു ചാട്ടം സൃഷ്ടിച്ചു. സ്വകാര്യവൽക്കരണമല്ല ജനപങ്കാളിത്തമാണ് ഗുണമേന്മ ഉയർത്താനുള്ള മാർഗം എന്ന് കേരളത്തിലെ അനുഭവം തെളിയിക്കുന്നു. വിദ്യാഭ്യാസ മേഖലയിലെ ചെലവ് മൂന്നു മടങ്ങിലേറെയായി ഉയർത്തിയിരിക്കുകയാണ്. മാതൃഭാഷാ സംരക്ഷണത്തിനുള്ള നടപടികളും സ്വീകരിച്ചു.

പരിസ്ഥിതി സംരക്ഷണത്തിനു നൽകിയ ഊന്നല് ഇന്ന് ഹരിത ബജറ്റിലെത്തിയിരിക്കുകയാണ്. റിസർവ്വ് വനത്തിന്റെ വിസ്തൃതിയില് *50,000*-ത്തിൽപ്പരം ഏക്കര് വർദ്ധനവ് വരുത്തി. ജെൻഡര് ബജറ്റ് യാഥാർത്ഥ്യമായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളില് *50* ശതമാനം വനിതാസംവരണം ഏർപ്പെടുത്തി. യുഡിഎഫ് നിയോഗിച്ച മൂന്നാം ധനകാര്യകമ്മിഷന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു ലഭിച്ചുവന്ന ധനസഹായം ഗണ്യമായി വെട്ടിക്കുറച്ചു. നാലാം ധനകാര്യ കമ്മിഷനിലൂടെ അവ പുനസ്ഥാപിച്ചിരിക്കുകയാണ്. നടപ്പു വർഷത്തില് *40* ശതമാനമാണ് മുൻവർഷത്തെ അപേക്ഷിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികമായി ലഭിക്കുന്ന സഹായം. പട്ടികജാതി-പട്ടികവർഗ വികസന പദ്ധതികൾക്കുള്ള പണം അനുമാനക്കണക്കുകളെ അടിസ്ഥാനമാക്കാതെ ജനസംഖ്യാനുപാതികമായി നീക്കിവെയ്ക്കും എന്ന വാഗ്ദാനം പാലിച്ചതിന്റെ ഫലമായി ഇവയുടെ അടങ്കല് ഇരട്ടിയായി.

നിയമനിരോധനം അവസാനിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. യുഡിഎഫ് *13600* തസ്തിക നിർത്തലാക്കിയ സ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാര് *31000* തസ്തിക സൃഷ്ടിച്ചു. പിഎസ്‌സി വഴി ഒന്നേമുക്കാല് ലക്ഷം പേർക്ക് തൊഴില് നൽകി. ദേവസ്വം ബോർഡ് ഉൾപ്പെടെയുള്ള നിരവധി നിയമനങ്ങള് പി.എസ്.സിക്ക് വിട്ടു. ജീവനക്കാർക്ക് കഴിഞ്ഞ സർക്കാര് നിഷേധിച്ച ഭവനവായ്പയടക്കം എല്ലാ ആനുകൂല്യങ്ങളും പുനസ്ഥാപിച്ചു. യു.ഡി.എഫ് സർക്കാരിൽനിന്ന് വ്യത്യസ്തമായി കൃത്യസമയത്ത് ശമ്പളപരിഷ്കരണം നടപ്പിലാക്കി. അനോമിലി പരിഹരിക്കുന്നതിന് സംവിധാനമേർപ്പെടുത്തി. കെ.എസ്.ഇ.ബി, കെ.ഡബ്ല്യൂഎ തുടങ്ങി ഏതാണ്ടെല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ശമ്പളപരിഷ്കരണം നടപ്പാക്കി. കെ.എസ്.ആര്.ടി.സി *1290* പുതിയ ഷെഡ്യൂളുകള്ഈ കാലയളവില് ആരംഭിച്ചു. *19,948* പുതിയ നിയമനങ്ങള് ഇതിനകം ഇവിടെ നടത്തി. ട്രാൻസ്പോർട്ട് രംഗത്ത് *13* ശതമാനം ഉണ്ടായിരുന്ന കെ.എസ്.ആര്.ടി.സിയുടെ പങ്കാളിത്തം *27* ശതമാനമായി ഉയർത്തി. മുല്ലപ്പെരിയാര് പ്രശ്നത്തില് കേരളത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിനുള്ള നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായി.

ദേശീയ ശരാശരിയെക്കാള് ഗണ്യമായ സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനായിരിക്കും ഇടതുപക്ഷ ജനാധിപത്യമുന്നണി ലക്ഷ്യമിടുന്നത്"എന്ന പ്രഖ്യാപനം അക്ഷരംപ്രതി യാഥാർത്ഥ്യമായിരിക്കുകയാണ്. കഴിഞ്ഞ വർഷം ദേശീയ വരുമാനം *8.6* ശതമാനം ഉയർന്നപ്പോള് കേരളത്തില് *9.6* ശതമാനം ഉയർന്നു.

## *3.* രണ്ടു മാതൃകകള്

വാഗ്ദാനങ്ങള് പാലിച്ചുകൊണ്ടുള്ള കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ എൽഡിഎഫ് ഭരണത്തെ യുഡിഎഫിന്റെ ദുർഭരണവുമായി താരതമ്യപ്പെടുത്തിയാല് എന്തിന്റെ തുടർച്ചയാണ് കേരളത്തില് ഇനി വേണ്ടത് എന്നതിനെക്കുറിച്ച് ഒരാൾക്കുപോലും സംശയത്തിനിടയുണ്ടാവില്ല.

*2001-06* കാലത്ത് അധികാരത്തിലിരുന്ന കോൺഗ്രസ് സർക്കാരിന്റേതുപോലൊരു ദുർഭരണം കേരളം അതുവരെ കണ്ടിട്ടുണ്ടായിരുന്നില്ല. കേരള വികസനത്തിന് നഷ്ടത്തിന്റെ അഞ്ചുവർഷമായി ആ കാലയളവു മാറി. ജനകീയാസൂത്രണത്തിനു പകരം കേരള വികസന പദ്ധതി എന്ന പേരില് അവര് തട്ടിക്കൂട്ടിയ പരിഷ്കരണ പ്രവർത്തനങ്ങള് വികേന്ദ്രീകരണ സങ്കൽപങ്ങളുടെ അടിത്തറ തന്നെ നശിപ്പിച്ചു. മൂന്നാം ഭരണപരിഷ്കാര കമ്മീഷന് റിപ്പോർട്ടിനെ എഡിബിയുടെ ഭരണ നവീകരണ പദ്ധതിയാക്കി അധഃപതിപ്പിച്ചു. ട്രേഡ് യൂണിയന് അവകാശങ്ങള് കവർന്നെടുത്തും പ്രതികരിക്കാനും പ്രക്ഷോഭം നടത്താനുമുള്ള ജനാധിപത്യാവകാശങ്ങൾക്കു വില പറഞ്ഞുമാണ് വലതുമുന്നണി സർക്കാര് അഞ്ചുവർഷം ഭരിച്ചത്. ധനകാര്യ ഉത്തരവാദിത്വ ബില് പാസ്സാക്കികൊണ്ടു സംസ്ഥാന സർക്കാരിന്റെ ക്ഷേമ-വികസന ഇടപെടലുകളുടെ സാധ്യത വെട്ടിച്ചുരുക്കി ഭരണകൂടത്തെ നിർബന്ധിത ചെറുതാക്കലിനു വിധേയമാക്കി.

വിദ്യാഭ്യാസ, ആരോഗ്യ, ക്ഷേമ പൊതുസൗകര്യങ്ങൾക്കും പൊതുമേഖലയ്ക്കും പരമ്പരാഗതവ്യവസായങ്ങൾക്കും മറ്റുമുള്ള ധനസഹായം വെട്ടിക്കുറക്കപ്പെട്ടു. പൊതുകാര്യങ്ങളില് നിന്നും ഭരണകൂടം പിന്മാറുകയാണെന്നും ആ ഇടം കമ്പോള ശക്തികൾക്കു അഥവാ മൂലധനശക്തികൾക്കു വിട്ടുകൊടുക്കുകയാണെന്നും വിളംബരമുണ്ടായി. സർക്കാര് ഉദ്യോഗസ്ഥന്മാരുടെ തസ്തികകള് വെട്ടിക്കുറക്കുകയും, ശമ്പളം മരവിപ്പിക്കുകയും ചെയ്തു. പൊതുമേഖലാ സ്ഥാപനങ്ങളെ വിൽപ്പനയ്ക്കുവെച്ചു. കാടും, കായലും, കടലോരങ്ങളും, പുഴയും, റവന്യൂ ഭൂമിയും എന്നു വേണ്ട പൊതുസ്വത്തും പൊതുവിഭവങ്ങളും കൈയ്യേറ്റക്കാരുടെ സ്വാതന്ത്ര്യത്തിനു വിട്ടുകൊടുക്കുന്ന സ്ഥിതിയുണ്ടായി അഴിമതി അഴിഞ്ഞാടി. ഏതാണ്ട് എല്ലാ മന്ത്രിമാരും അഴിമതിയാരോപണങ്ങളിലും കേസിലും പ്രതികളായി.

കേരളത്തിന്റെ വികസനരംഗത്ത് ഘടനാപരമായ അപഭ്രംശത്തിനു ഇടയാക്കിയ മുന് യു.ഡി.എഫ് സർക്കാരിന്റെ മേൽപറഞ്ഞ നടപടികളുടെ പ്രത്യാഘാതം ഏറെ രൂക്ഷമായിരുന്നു. കേരളം പട്ടിണിമരണങ്ങളുടെയും കർഷക ആത്മഹത്യകളുടെയും നാടായി മാറി. നിർമ്മാർജനം ചെയ്യപ്പെട്ടു എന്നു കരുതിയിരുന്ന പകർച്ചവ്യാധികള് തിരിച്ചുവന്നു. വർഗീയ കലാപങ്ങള് രൂപപ്പെട്ടു. പെൺവാണിഭസംഘങ്ങള് പെരുകി. അധോലോകം വളർന്നു. തീവ്രവാദസംഘങ്ങള് കേരളത്തെ സുരക്ഷിത സങ്കേതമാക്കി. പൊതുസ്ഥലങ്ങളില് ബോംബുകള് കണ്ടെത്തുന്നതും, ദുരൂഹമായ സ്ഫോടനങ്ങള് ഉണ്ടാവുന്നതും വ്യാപകമായി റിപ്പോർട്ടു ചെയ്യപ്പെട്ടു. കൂട്ടായ ഇടപെടലിന്റെ ഇടതുപക്ഷ പാരമ്പര്യത്തില് നിന്നുള്ള വ്യതിചലനം കേരളത്തെ എവിടെ കൊണ്ടെത്തിക്കും എന്നതിന്റെ തുറന്നുകാട്ടലായി ആ വർഷങ്ങള്.

ഐക്യകേരളപ്പിറവിക്കു ശേഷം സംസ്ഥാനത്തിന്റെ പുരോഗമന വികസന മാതൃകക്കെതിരെ നടന്ന ഏറ്റവും ക്രൂരമായ ഈ ആക്രമണത്തില് മുറിവേറ്റു ക്ഷീണിച്ച സംസ്ഥാനത്തെ വീണ്ടും വികസനത്തിന്റെയും ക്ഷേമത്തിന്റെയും സാമൂഹ്യനീതിയുടെയും പാതയിലേക്കു തിരിച്ചെത്തിക്കുക എന്ന കടമയാണ് *2006-2011*ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാര് ഏറ്റെടുത്തത്. അങ്ങനെ കഴിഞ്ഞ അഞ്ചുവർഷം യുഡിഎഫ് ദുർഭരണത്തില് നിന്നും തികച്ചും വ്യത്യസ്തമായ ഒരനുഭവമായി മാറി. ഏത് മേഖലയെടുത്തു പരിശോധിച്ചാലും ഈ മാറ്റം അനുഭവവേദ്യമാണ്.

ക്ഷേമമേഖലയില് യുഡിഎഫ്, എൽഡിഎഫ് ഭരണങ്ങള് തമ്മിലുള്ള താരതമ്യം താഴെ കൊടുക്കുന്നു.

| ക്ഷേമമേഖലയില് യുഡിഎഫ്, എൽഡിഎഫ് ഭരണങ്ങള് തമ്മിലുള്ള താരതമ്യം | | |
|---|---|---|
| **മുന്നണി** | **യുഡിഎഫ്** | **എൽഡിഎഫ്** |
| **ക്ഷേമ പെൻഷനുകള്** | ***134* കോടി** | ***389* കോടി** |
| **ഭക്ഷ്യസബ്സിഡി** | ***34* കോടി** | ***235* കോടി** |
| **മത്സ്യമേഖല** | ***105* കോടി** | ***619* കോടി** |
| **കയർമേഖല** | ***23* കോടി** | ***59* കോടി** |
| **കശുവണ്ടി** | ***15* കോടി** | ***42* കോടി** |
| | ***40 - 50* തൊഴിൽ ദിനങ്ങൾ** | ***200* തൊഴില് ദിനങ്ങള്** |
| **കൈത്തറി** | ***28* കോടി** | ***48* കോടി** |
| | | ***2011-'12*ല് *57* കോടി** |
| **പട്ടികജാതി ഘടകപദ്ധതി** | ***395* കോടി** | ***840* കോടി** |

| | | |
|---|---|---|
| | ***64%*** **മാത്രം ചെലവഴിച്ചു** | ***91%*** **ചെലവഴിച്ചു** |
| **പട്ടികവർഗ്ഗ ഉപപദ്ധതി** | ***103*** **കോടി** | ***178*** **കോടി** |
| | ***65%*** **മാത്രം ചെലവഴിച്ചു** | ***93%*** **ചെലവഴിച്ചു** |
| **കുടിവെള്ളം എത്തിച്ച വീടുകള്** | ***25*** **ലക്ഷം** | ***59*** **ലക്ഷം** |

കർഷക ആത്മഹത്യകള് പഴങ്കഥകളായി. കേരളത്തില് ഇപ്പോള് കർഷക ആത്മഹത്യ ഇല്ലെന്ന് കേന്ദ്രമന്ത്രി പാർലമെന്റില് പ്രഖ്യാപിച്ചു. *1999-2004* കാലത്തെ വിലത്തകർച്ചയുടെ കെടുതിയില് നിന്ന് കാർഷിക ഉത്പാദനം ഇനിയും കരകയറിക്കഴിഞ്ഞിട്ടില്ല. വിലത്തകർച്ചയുടെ കാലയളവില് നിക്ഷേപത്തില് വലിയ ഇടിവുണ്ടായി. കേരളത്തിലെ കൃഷി വൃക്ഷവിളകളായതിനാല് ഉത്പാദനക്ഷമത വീണ്ടും ഉയർന്നു തുടങ്ങാന് ഇനിയും താമസമുണ്ടാകും. ഇതാണ് യുഡിഎഫ് വലിയ വിമർശനമായി മുന്നോട്ടു വയ്ക്കുന്നത് നടപ്പു വർഷംമുതലുള്ള കാർഷിക വളർച്ച അവരുടെ വായടക്കും. നെൽകൃഷിയുടെ കാര്യത്തില് മൂന്നു പതിറ്റാണ്ടായി തുടരുന്ന വിസ്തൃതിയുടെയും ഉൽപാദനത്തിന്റെയും ഇടിവ് തിരുത്താന് ഭക്ഷ്യസുരക്ഷാ പരിപാടിയിലൂടെ കഴിഞ്ഞു. *2007-08*ല് *2.28* ലക്ഷം ഹെക്ടര് ഭൂമിയില് നിന്ന് *5.28* ലക്ഷം ടണ് നെല്ലായിരുന്നു ഉൽപാദിപ്പിച്ചത്. തുടർന്നുള്ള മൂന്നുവർഷങ്ങളിലും തുടർച്ചയായി ഉൽപാദനം ഉയർന്നു. ഇക്കണോമിക് റിവ്യൂ റിപ്പോർട്ടു പ്രകാരം *2009-10*ല് തുടർച്ചയായി ഉൽപാദനം ഉയർന്നു. ഇക്കണോമിക് റിവ്യൂ റിപ്പോർട്ടുപ്രകാരം *2009-10*ല് വയല് വിസ്തൃതി *2.34* ലക്ഷം ഹെക്ടറായും ഉൽപാദനം *5.9* ലക്ഷം ടണ്ണായും വർദ്ധിച്ചു.

യുഡിഎഫ് ഭരണകാലത്ത് പാലിന്റെ ഉൽപാദനവും തുടർച്ചയായി കുറയുകയായിരുന്നു. *2005-06*ല് *20.63* ലക്ഷം ടണ് പാലുൽപാദിപ്പിച്ച സ്ഥാനത്ത് *2010-11*ല് *29* ലക്ഷം ടണ് പാല് ഉൽപാദിപ്പിച്ചു. മുട്ടയുടെ ഉൽപാദനം *120* കോടിയിൽനിന്ന് *163* കോടിയായി ഉയർന്നു. ഉൾനാടന് മത്സ്യോത്പാദനം *0.75* ലക്ഷം ടണ്ണില് നിന്ന് *1.26* ലക്ഷം ടണ്ണായി ഉയർന്നു. പച്ചക്കറിയുടെ ഉൽപാദനത്തിലും ഗണ്യമായ വർദ്ധനയുണ്ട്.

ഏറ്റവും പിന്നോക്കം നിന്ന സ്കൂളുകളിൽപ്പോലും വിജയശതമാനത്തിലുണ്ടായ വലിയ വർദ്ധന സ്കൂള് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർന്നതിന്റെ സൂചികയാണ്. ഉന്നതവിദ്യാഭ്യാസതലത്തില് സെമസ്റ്റര് സമ്പ്രദായവും പാഠ്യപദ്ധതി പരിഷ്കാരവും നടപ്പാക്കി. യുഡിഎഫ് ഭരണകാലത്ത് ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കുള്ള ധനസഹായം *2001-02*ല് *710.28* കോടി രൂപ ആയിരുന്നത് *2005-06*ല് *790.34* കോടി രൂപയായി തുടരുകയായിരുന്നു. ഇതിന്റെ ഫലമായി അത്യാവശ്യം ഒഴിവുകള് പോലും നികത്താനാവാത്ത നില സർവകലാശാലകൾക്കു വന്നു ചേർന്നു. എന്നാല് ഈ സ്ഥിതിവിശേഷം ഇന്നു പാടേ മാറി. *2011-12*ല് *2300* കോടി രൂപയാണ് വകയിരുത്തിയിട്ടു ള്ളത് മെഡിക്കല് യൂണിവേഴ്സിറ്റി, വെറ്റിനറി യൂണിവേഴ്സിറ്റി, ഫിഷറീസ് യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപിച്ചു.

ആരോഗ്യമേഖലയിലും മുൻകാലത്തെ അപേക്ഷിച്ച് ശ്രദ്ധേയമായ പുരോഗതി ഉണ്ടായിട്ടു ണ്ട് പുതിയ ആശുപത്രി കെട്ടിടങ്ങള്, ആധുനിക ഉപകരണങ്ങള്, സ്റ്റാഫിന്റെ എണ്ണത്തിലുള്ള വർദ്ധന, മെഡിക്കല് കോർപ്പറേഷന് വഴിയുള്ള മരുന്ന് സപ്ലൈ ഇവയെല്ലാം ആരോഗ്യമേഖലയില് പുതിയൊരു അധ്യായം തുറന്നിരിക്കുകയാണ്.

കഴിഞ്ഞ മൂന്നുവർഷങ്ങളില് ഒരു ദിവസം പോലും ട്രഷറി ഓവർഡ്രാഫ്റ്റിലായില്ല. നടപ്പു വർഷത്തില് ഇതുവരെ ഒരുദിവസം പോലും റിസർവ് ബാങ്കില് നിന്നു കൈവായ്പ വാങ്ങേണ്ടി വന്നിട്ടില്ല. ഏതാണ്ടെല്ലാ വെയ്സ് ആൻഡ് മീൻസ് നിയന്ത്രണങ്ങളും വേണ്ടെന്നു വച്ചിരിക്കുകയാണ്. ഇക്കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനിടയില് കേരളത്തില് ഇങ്ങനെയൊരു അനുഭവമുണ്ടായിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂരിപക്ഷം ദിവസങ്ങളിലും ട്രഷറി ഓവർഡ്രാഫ്റ്റിലായിരുന്നു എന്നോർക്കണം.

യു.ഡി.എഫ് കാലത്തെ പവർകട്ടു ം ലോഡ്ഷെഡ്ഡിംഗും പൂർണ്ണമായും ഒഴിവാക്കി. അഞ്ചുവർഷത്തിനിടയില് താരിഫ് വർദ്ധിപ്പിക്കുകയുണ്ടായില്ല. മീറ്റര് വാടക വേണ്ടെന്നുവച്ചു. വല്ലാർപ്പാടം, വിഴിഞ്ഞം പോർട്ട്, സ്മാർട്ട് സിറ്റി, കണ്ണൂര് വിമാനത്താവളം തുടങ്ങിയവ യാഥാർത്ഥ്യമാക്കി.

ഇടതുപക്ഷ ജനാധിപത്യ മുന്നണി മന്ത്രിമാരില് ഒരാൾക്കെതിരെ പോലും തെളിവുസഹിതം ഒരഅഴിമതിയാരോപണം പോലും തെളിവുസഹിതം ഉന്നയിക്കുന്നതിന് പ്രതിപക്ഷത്തിനു കഴിഞ്ഞിട്ടില്ല. എന്നാല് ഒരു യുഡിഎഫ് മന്ത്രി ഇതിനകം ശിക്ഷിക്കപ്പെട്ടിട്ടു ണ്ട് നാലുപേർക്കെതിരെ കോടതിയില് കേസ് നടന്നുവരികയാണ്. ബാക്കിയുള്ളവരില് ഭൂരിപക്ഷവും വിജിലൻസ് അന്വേഷണം നേരിടുകയാണ്.

യുഡിഎഫ് ഭരണകാലം സ്ത്രീപീഡനങ്ങളുടെ വിളയാട്ടമായിരുന്നു. ക്രമസമാധാനത്തകർച്ചയുടെ കാലമായിരുന്നു. *121* വർഗീയ ലഹളകള് ഇക്കാലത്ത് നടന്നു. ഇതില് *18* പേര് മരണപ്പെട്ടു. *72* പോലീസ് വെടിവെപ്പുകളും ഉണ്ടായി. ഇതായിരുന്നു യുഡിഎഫ് ഭരണകാലത്തെ ക്രമസമാധാനത്തിന്റെ റെക്കോഡ്.

രാഷ്ട്രീയ എതിരാളികളുടെ പോലും പ്രശംസ പിടിച്ചുപറ്റിയ വികസന നയങ്ങളാണ് സർക്കാർ നടപ്പാക്കിയത്. കേന്ദ്രസർക്കാര് ഏർപ്പെടുത്തിയ പല പുരസ്കാരങ്ങളും സംസ്ഥാനത്തെ തേടിയെത്തി.

1. കാര്യക്ഷമമായ അധികാര വികേന്ദ്രീകരണത്തിന്
2. മികച്ച ക്രമസമാധാന പാലനത്തിന്
3. ശുദ്ധജലവിതരണ രംഗത്തെ മികച്ച പ്രവർത്തനത്തിന് മൂന്ന് അവാർഡുകള്
4. സർവ്വശിക്ഷാ അഭിയാന് അപ്പര് പ്രൈമറി തലംവരെ മികച്ച രീതിയില് നടപ്പാക്കിയതിന്.
5. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക്
6. ശുചിത്വ പരിപാലനത്തിന്
7. രാഷ്ട്രീയ സ്വാസ്ഥ്യ ഭീമാ യോജന മികച്ച രീതിയില് നടപ്പാക്കുന്നതിന്
8. 'എന്റെ മരം' പദ്ധതിക്കും വനത്തിനുപുറത്ത് വൃക്ഷാവരണം തീർക്കുന്നതിനും
9. ഹയർസെക്കണ്ടറി പ്രവേശനത്തിന് ഏകജാലകസംവിധാനം നടപ്പിലാക്കിയതിന്
10. സോഫ്റ്റ്വെയര് വികസനത്തിന്
11. നികുതി വകുപ്പിലെ ഇ-ഗവേർണൻസിന് *3* അവാർഡുകള്
12. ടൂറിസത്തിന് *26* അവാർഡുകള്

---

## പുത്തന് കേരള വികസന മാതൃകയ്ക്കായി ഒരു കർമ്മപരിപാടി

മുകളില് വിവരിച്ച നേട്ടങ്ങളുടെ നിറവില് നിന്നുകൊണ്ട് നാളയിലേക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണി ആത്മവിശ്വാസത്തോടെ ഉറ്റു നോക്കുകയാണ് കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണത്തിന് ഒരു തുടർച്ച ഉണ്ടായേ തീരൂ. കഴിഞ്ഞ അഞ്ചുവർഷത്തെ അനുഭവങ്ങള് ഉൾക്കൊണ്ടുകൊണ്ട് പുത്തന് വികസന മാതൃക സൃഷ്ടിക്കായുള്ള കർമ്മപരിപാടി കേരളത്തിലെ ജനങ്ങളുടെ മുന്നില് വയ്ക്കുകയാണ്. അവ ഏഴ് ഖണ്ഡികകളിലായി സംക്ഷേപിക്കുന്നു.

1. അഞ്ചുവർഷം കൊണ്ട് കേരളത്തെ ഇന്ത്യയില് ഏറ്റവും വേഗതയില് വളരുന്ന സംസ്ഥാനമാക്കി മാറ്റും. ഇതിനായി കാർഷികാഭിവൃദ്ധി ഉറപ്പു വരുത്തും ഐടി, ടൂറിസം, ഇലക്ട്രോണിക്സ്, മൂല്യവർദ്ധിത കാർഷിക വ്യവസായങ്ങള് തുടങ്ങിയ മേഖലകളുടെ ഗതിവേഗം ഉയർത്തും.
2. നാൽപതിനായിരം കോടി രൂപയുടെ റോഡു പുനരുദ്ധാരണ പദ്ധതി നടപ്പാക്കും. അതിവേഗ റെയിൽപാത, ദേശീയ ജലപാതകള്, വിമാനത്താവളങ്ങള്, പുതിയ തുറമുഖങ്ങള്, വാതകശൃംഖല എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കും. സ്വകാര്യ നിക്ഷേപകരെ കൂടുതലായി കേരളത്തിലേയ്ക്ക് ആകർഷിക്കും. അതോടൊപ്പം പൊതുമേഖലയെ വളർച്ചയുടെ ചാലകശക്തിയാക്കി മാറ്റും.
3. സാമ്പത്തിക വളർച്ചയിലൂടെ തൊഴിലവസരങ്ങളില് ഗണ്യമായ വർദ്ധന സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്. ചെറുകിട-സൂക്ഷ്മ മേഖലകളില് പത്തുലക്ഷവും സേനവത്തുറകളില് പത്തുലക്ഷവും ഐ.ടി-ബി.ടി സംഘടിത മേഖലകളില് അഞ്ചുലക്ഷവും സർക്കാര് മേഖലയില് *50,000* പേർക്ക് പുതുതായി തൊഴില് നൽകും. ഇത്തരത്തില് കാർഷികേതര മേഖലകളില് *25* ലക്ഷത്തിൽപ്പരം തൊഴിലവസരം സൃഷ്ടിക്കും.
4. കേന്ദ്രസർക്കാര് പിന്തുടരുന്ന നിയോലിബറല് ചട്ടക്കൂട് അസമത്വവും ദാരിദ്ര്യവും തീക്ഷ്ണമാക്കുന്നു. അതുകൊണ്ട് വളർച്ചയോടൊപ്പം സാധാരണക്കാരായ മുഴുവന് പൗരന്മാർക്കും സമഗ്രമായ സാമൂഹ്യസുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രതിജ്ഞാബദ്ധമാണ്. ഭൂപ്രശ്നത്തിന് പരിഹാരം കാണും. എല്ലാവർക്കും വീട്, എല്ലാ വീട്ടിലും ഭക്ഷണം, വെള്ളം, വെളിച്ചം, ശുചിത്വം എന്നിവ ഉറപ്പു വരുത്താന്നടപ്പാക്കിവരുന്ന സ്കീമുകള് പൂർണതയിലെത്തിക്കും. പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോള് മതിയായ വില നൽകി സാമൂഹ്യസുരക്ഷാ പുനരധിവാസ പദ്ധതി നടപ്പിലാക്കും.
5. സാധാരണക്കാര് ആശ്രയിക്കുന്ന പൊതു വിദ്യാഭ്യാസ ആരോഗ്യ സംവിധാനങ്ങള് ശക്തിപ്പെടുത്തും. വളർന്നുവരുന്ന തലമുറയുടെ തൊഴില് നൈപുണി മെച്ചപ്പെടുത്തുന്നതിനും വിവിധ തൊഴിൽത്തുറകളില് മികവുറ്റ തൊഴിലാളികളെ ലഭ്യമാക്കുന്നതിനും ഉപകരിക്കുംവിധം വൊക്കേഷണല് ഹയർസെക്കണ്ടറി വിദ്യാഭ്യാസം/പോളിടെക്നിക്/ഐ.ടി.ഐ തുടങ്ങിയവ പരിഷ്കരിക്കുന്നതാണ്. കേരളത്തെ വൈജ്ഞാനിക സമൂഹമായി മാറ്റാനുതകുന്ന രീതിയില് ഉന്നത വിദ്യാഭ്യാസ മേഖലയിലെ നിക്ഷേപം ഉയർത്തും.
6. കേരളത്തെ സ്ത്രീ സൗഹൃദ സംസ്ഥാനമാക്കും. ദുർബ്ബല വിഭാഗങ്ങളെ മുഖ്യധാരയിലെത്തിക്കും. പരിസ്ഥിതി സന്തുലനാവസ്ഥ സംരക്ഷിക്കും.

7. വികസനോന്മുഖ ധനനയം നടപ്പാക്കും. ക്ഷേമച്ചെലവുകള് ചുരുക്കാതെ റവന്യൂ കമ്മി പരമാവധി കുറയ്ക്കും അതേസമയം നാടിന് അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യങ്ങള് സൃഷ്ടിക്കുന്നതിന് ഭാവനാപൂർണമായ പരിപാടികള് ആവിഷ്കരിക്കും. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാന് ഉതകുംവിധം സമഗ്രമായ ഭരണപരിഷ്കാരം നടപ്പാക്കും. പുതിയ നിയമത്തിന്റെ അടിസ്ഥാനത്തില് പൊലീസ് ഭരണം നവീകരിക്കും. സെക്രട്ടേറിയറ്റ്, റവന്യൂ തുടങ്ങിയ ഭരണതലങ്ങളിലും അടിയന്തര പരിഷ്കാരങ്ങള് നടത്തും.

ഇപ്രകാരം ക്ഷേമവും നീതിയും ഉറപ്പു വരുത്തി അതിവേഗത്തില്വളരുന്ന ഒരു പുതിയ മാതൃക കേരളത്തില് സൃഷ്ടിക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി മുഴുവന് ജനങ്ങളുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു. ഇതോടൊപ്പം മതസൗഹാർദ്ദത്തിന്റെയും മതനിരപേക്ഷ മൂല്യങ്ങളുടെയും പാരമ്പര്യത്തെ സംരക്ഷിക്കുന്നതിന് ഞങ്ങള് പ്രതിജ്ഞാബദ്ധരാണ്. അഴിമതി തുടച്ചുനീക്കി സംശുദ്ധമായ പൊതുജീവിതം ഉറപ്പു വരുത്തും ഇങ്ങനെയുള്ളൊരു നവീന കേരള സൃഷ്ടിക്കായുള്ള അഞ്ചുവർഷ കർമ്മപരിപാടി താഴെ കൊടുക്കുന്നു :

## എല്ലാവർക്കും ക്ഷേമം

### *ജനനം മുതല് മരണം വരെ സാമൂഹ്യസുരക്ഷ*

1. കഴിഞ്ഞ അഞ്ചുവർഷത്തെ ഏറ്റവും സുപ്രധാന നേട്ടങ്ങളിലൊന്ന് വിവിധങ്ങളായ ക്ഷേമ സുരക്ഷാ പരിപാടികളെ സംയോജിപ്പിച്ച് സമഗ്ര സാമൂഹ്യസുരക്ഷ പദ്ധതിയ്ക്കു രൂപം നൽകി എന്നതാണ്. അടുത്ത അഞ്ചുവർഷം കൊണ്ട് ജനനം മുതല് മരണം വരെ കേരളത്തിലെ ഓരോ പൗരനും സുരക്ഷ ഉറപ്പു വരുത്താനുളളപരിപാടി നടപ്പാക്കും. താഴെ പറയുന്നവയാണ് ഇതില് പ്രധാനപ്പെട്ട സ്കീമുകള്.

a. അസംഘടിത മേഖലയിലെ സ്ത്രീകൾക്ക് ഒരു മാസത്തെ കൂലിയോടുകൂടിയുള്ള പ്രസവാവധി.

b. എല്ലാ കുഞ്ഞുങ്ങളുടെ പേരിലും 10,000 രൂപയുടെ നിക്ഷേപം.

c. എല്ലാ സ്കൂള് കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം (പാഠപുസ്തകവും ഉച്ചഭക്ഷണവും യൂണിഫോമുമടക്കം)

d. ആരോഗ്യ ഇൻഷ്വറൻസ്

e. വരുമാന - തൊഴിലുറപ്പു പദ്ധതികള്

f. എല്ലാവർക്കും 2 രൂപയ്ക്ക് അരി

g. 400 രൂപ വാർദ്ധക്യകാല പെൻഷന്

2. അഞ്ചുവർഷം കൊണ്ട് കൂലിയോടു കൂടിയുളള പ്രസവാവധി മൂന്നു മാസമായി ഉയർത്തും. വാർധക്യകാല/ക്ഷേമ പെൻഷന് 1000 രൂപയായി ഉയർത്തും. ക്ഷേമ പെൻഷനുകള് ഇല്ലാത്ത എല്ലാവർക്കും ഇതിന്റെ നാലിലൊന്നെങ്കിലും പെൻഷന് ഉറപ്പു വരുത്തും കൂടുതല് ഉയർന്ന ഇൻഷ്വറൻസിനും പെൻഷനും കൂടുതല് പ്രീമിയമോ അംശദായമോ അടച്ച് അർഹത നേടുന്നതിന് വ്യക്തികൾക്ക് അവസരം നൽകും. ക്ഷേമനിധിയിലെ അംഗങ്ങൾക്കും ഇപ്രകാരം കൂടുതല് ഉയർന്ന പ്രീമിയമോ അംശദായമോ അടയ്ക്കാവുന്നതാണ്.

3. ക്ഷേമനിധികളുടെ പ്രവർത്തനങ്ങള് ഏകോപിപ്പിക്കുന്നതാണ്. ഗാർഹിക തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തും. അണ് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാര് (സ്പെഷ്യല് സ്കൂളിലെ ജീവനക്കാരടക്കം) അടക്കം മുഴുവന് തൊഴിലാളികൾക്കും ക്ഷേമപദ്ധതിയും പെൻഷനും ഉറപ്പു വരുത്തും വിവിധ മതവിഭാഗങ്ങളുടെ ആരാധനാലയങ്ങളിലെ ജീവനക്കാർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തും.

4. ഇഎംഎസ് പാർപ്പിട പദ്ധതി പൂർത്തീകരിക്കുന്നതിലൂടെ എല്ലാവർക്കും വീട് ഉറപ്പു വരുത്തും ഇപ്പോള് 100 മണ്ഡലങ്ങളില് സമ്പൂർണ്ണ വൈദ്യുതീകരണം നേടിക്കഴിഞ്ഞു അടുത്ത ആറുമാസം കൊണ്ട് എല്ലാ വീടുകളിലും വെളിച്ചമെത്തിക്കും. അഞ്ചുവർഷം കൊണ്ട് എല്ലാ വീട്ടിലും ശുദ്ധജലം ഉറപ്പു വരുത്തും

### *പാവപ്പെട്ടവരെല്ലാം ബിപിഎല്*

5. കേന്ദ്രസർക്കാര് 11.5 ലക്ഷം കുടുംബങ്ങളെ മാത്രമേ ബിപിഎല് ആയി അംഗീകരിച്ചിട്ടുളളൂ എന്നാല് കേരള സർക്കാര് കർഷകത്തൊഴിലാളികള്, മത്സ്യത്തൊഴിലാളികള്, പട്ടിക വിഭാഗങ്ങള്, പരമ്പരാഗത വ്യവസായ തൊഴിലാളികള് എന്നിങ്ങനെ മുഴുവന് സ്വയംതൊഴിലെടുക്കുന്നതോ കൂലിവേലക്കാരോ ആയ അസംഘടിത മേഖലയിലെ പാവപ്പെട്ടവരെയും ബിപിഎല് ലിസ്റ്റില് ഉൾപ്പെടുത്തും. അങ്ങനെ സംസ്ഥാന സർക്കാരിന്റെ ബിപിഎല് ലിസ്റ്റില് ഉൾപ്പെടുന്ന 20 ലക്ഷം കുടുംബങ്ങളുടെ പേരുകള് തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തില് പരസ്യപ്പെടുത്തിയിട്ടുണ്ട് ഇതില് ഉൾപ്പെടാതെ പോയിട്ടുളള അർഹരായവരെ ഇനിയും ഉൾപ്പെടുത്തുന്നതാണ്. അങ്ങനെ 35-40 ലക്ഷം കുടുംബങ്ങളെ ബിപിഎല് കുടുംബങ്ങളായി സംസ്ഥാനം അംഗീകരിക്കും.

## *വിലക്കയറ്റത്തിനെതിരെ*

6. വിലക്കയറ്റത്തിനെതിരെ ഫലപ്രദമായ ഒരു നടപടിയും സ്വീകരിക്കാന് കേന്ദ്രസർക്കാര് തയ്യാറായിട്ടില്ല. കേന്ദ്ര ഭക്ഷ്യസുരക്ഷാ നിയമം പാസ്സാക്കുന്നതിനുവേണ്ടി ശക്തമായ സമ്മർദ്ദം ചെലുത്തും. കേരളത്തില് എല്.ഡി.എഫ് പ്രഖ്യാപിച്ചിട്ടുള്ള എ.പി.എല്, ബി.പി.എല് കാർഡ് ഉടമകൾക്ക് രണ്ടുരൂപയ്ക്ക് അരി നൽകുന്ന പദ്ധതിയും ശക്തിപ്പെടുത്തും.

7. മണ്ണെണ്ണ, റേഷനു പകരം ബി.പി.എല് കുടുംബങ്ങൾക്ക് സബ്സിഡി പണമായി നൽകാനാണ് കേന്ദ്രസർക്കാര് ആലോചിക്കുന്നത്. വൈദ്യുതി ലഭ്യമായിട്ടുള്ള വീടുകൾക്കിത് ലഭിക്കുകയുമില്ല. പ്രായോഗികമായി മണ്ണെണ്ണ റേഷന് സംവിധാനം തന്നെ ഇല്ലാതാകുന്ന നിലയാണ് ഉണ്ടാവുക. ഈ നയത്തിനെതിരെ ശക്തമായ സമ്മർദ്ദം സംസ്ഥാന സർക്കാര് നടത്തും.

8. കമ്പോള വിലയെക്കാള് 30-60 ശതമാനം വരെ താഴ്ന്ന വിലയ്ക്ക് മാവേലിസ്റ്റോറുകള് വഴി പയറുകളും പലവ്യഞ്ജനങ്ങളുമുൾപ്പെടെ 13 ഇനങ്ങള് ലഭ്യമാക്കുന്നുണ്ട്. എന്നാല് ആവശ്യമായ അളവില് സാധനങ്ങള് ലഭ്യമാകുന്നില്ല എന്ന വിമർശനമുണ്ട്. അവശ്യവസ്തുക്കളുടെ ലഭ്യതയില് 50 ശതമാനമെങ്കിലും വർദ്ധന വരുത്തുന്നതാണ്. അവശ്യവസ്തുക്കള് റേഷന് കടകള് വഴിയും ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള പരിപാടി നടപ്പാക്കും. റേഷന് കടകളെ സിവില് സപ്ലൈസ് കോർപ്പറേഷന്റെ ഫ്രാഞ്ചൈസി കടകളായി പ്രഖ്യാപിക്കും. ഈ കടകളിലൂടെ കാർഡ് ഒന്നിന് കമ്പോള വിലയ്ക്ക് 300 രൂപ വിലമതിക്കുന്ന വെളിച്ചെണ്ണ, പയര്, പരിപ്പ്, മുളക്, പഞ്ചസാര എന്നീ അഞ്ച് ഇനങ്ങളുടെ കിറ്റ് 150 രൂപയ്ക്കു ലഭ്യമാക്കും.

9. 14,400ത്തില് പരം റേഷന് കടകളുടെ ബൃഹദ്ശൃംഖല കേരളത്തിലുണ്ട്. എന്നാല് സാർവത്രിക സ്റ്റാറ്റിയൂട്ടറി റേഷനിംഗ് കേന്ദ്രസർക്കാര് നിർത്തലാക്കിയതോടെ റേഷന് കടകള് പ്രതിസന്ധിയിലാണ്. റേഷന് വ്യാപാരികൾക്കുള്ള അരിയുടെയും ഗോതമ്പിന്റെയും കമ്മിഷന് നിരക്കുകള് വർദ്ധിപ്പിക്കും. മുഴുവന് റേഷന് കടകളും ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടര് സംവിധാനം എല്ലായിടത്തും ഏർപ്പെടുത്തും.

10. കൺസ്യൂമർഫെഡിന്റെയും സപ്ലൈകോയുടെയും സഹകരണ സംഘങ്ങളുടെയും നേതൃത്വത്തിലുള്ള ഉത്സവകാല ചന്തകള് വിപുലപ്പെടുത്തുന്നതാണ്. പച്ചക്കറിയുടെ വില നിയന്ത്രിക്കുന്നതിനുവേണ്ടി ഹോർട്ടികൾച്ചര് കോർപ്പറേഷന് തുടർച്ചയായി കമ്പോളത്തില് ഇടപെടുന്നതാണ്. കൂടുതല് മാവേലി മെഡിക്കല് സ്റ്റോറുകള് ആരംഭിക്കുന്നതാണ്.

11. വെട്ടിക്കുറച്ച മണ്ണെണ്ണ ക്വാട്ട പുനഃസ്ഥാപിക്കാനുള്ള അപേക്ഷ കേന്ദ്രസർക്കാര് മാനിച്ചിട്ടില്ല. ഇതിനുവേണ്ടി ശക്തമായ പ്രക്ഷോഭം ഉയരേണ്ടതുണ്ട്. ഈ അന്തരാളഘട്ടത്തില് മണ്ണെണ്ണയ്ക്ക് ലിറ്ററൊന്നിന് 20 രൂപ സബ്സിഡി നൽകും.

## *ദളിതരും ആദിവാസികളും മുഖ്യധാരയില്*

12. സാമൂഹ്യ പുരോഗതിക്കുള്ള മുഖ്യ ഇടപെടല് വിദ്യാഭ്യാസമാണ്. കൂടുതല് മോഡല് റസിഡൻഷ്യല് സ്കൂള് സ്ഥാപിക്കും. വിദ്യാഭ്യാസത്തിനായുള്ള അലവൻസുകളും സ്കോളർഷിപ്പുകളും ഗണ്യമായി ഇനിയും വർദ്ധിപ്പിക്കും. ഫിനിഷിംഗ് സ്കൂളുകള് ആരംഭിക്കും.

13. മുഴുവന് പട്ടികവർഗ കുടുംബങ്ങൾക്ക് കൃഷിഭൂമി ലഭ്യമാക്കും. വൻകിട തോട്ടമുടമകളും ഭൂപ്രമാണിമാരും അനധികൃതമായി കൈവശപ്പെടുത്തിയ ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് നൽകും. കർഷക തൊഴിലാളികൾക്കായി പഞ്ചായത്ത് അടിസ്ഥാനത്തില് ലേബര് സൊസൈറ്റികള് രൂപീകരിക്കും. ഈ ലേബര് സൊസൈറ്റികൾക്ക് പ്രവർത്തന മൂലധനം, ഓഫീസ് സംവിധാനം, കാർഷികോപകരണങ്ങള്, യന്ത്ര സാമഗ്രികള് തുടങ്ങിയവ ലഭ്യമാക്കും. ഇതു വഴി പട്ടികവിഭാഗക്കാര് ഭൂരിപക്ഷം വരുന്ന കാർഷിക കാർഷികേതര തൊഴിലാളികള്ക്ക് സ്ഥിരം തൊഴിലും സാമൂഹ്യ സുരക്ഷയും സാമ്പത്തിക ഭദ്രതയും ഉറപ്പു വരുത്തും നിർമ്മാണ മേഖലയിലും ഇത്തരം സൊസൈറ്റികള് ആരംഭിക്കും.

14. കൂടുതല് വിഭാഗങ്ങൾക്ക് സ്വയം തൊഴില് ലഭ്യമാക്കുന്ന വിധം പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷന്റെ പുനഃസംഘടന പൂർത്തിയാക്കും. പട്ടികജാതി-പട്ടികവർഗ സഹകരണ ഫെഡറേഷനില് അഫിലിയേറ്റ് ചെയ്തിട്ടുള്ള 538 പട്ടികജാതി സഹകരണ സംഘങ്ങളെയും 98 പട്ടികവർഗ സഹകരണ സംഘങ്ങളെയും പുനരുദ്ധരിക്കും.

15. പട്ടികജാതി-പട്ടികവർഗ ലിസ്റ്റുകള് പുതുക്കുന്നതും പരിഷ്കരിക്കുന്നതും കേന്ദ്രസർക്കാരാണ്. പാർലമെന്റ് അംഗീകരിക്കുന്ന മുറയ്ക്കാണ് ലിസ്റ്റില് കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും നടത്തുന്നത്. കിർത്താഡ് നടത്തുന്ന നരവംശശാസ്ത്ര പഠനത്തിന്റെ അടിസ്ഥാനത്തില് സംസ്ഥാന സർക്കാര് നൽകുന്ന നിർദ്ദേശങ്ങളില് കേന്ദ്രസർക്കാര് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനുള്ള സമ്മർദ്ദം ചെലുത്തും. വടക്കേ മലബാറിലെ മൂവാരി-മുഖാരി സമുദായത്തെ കേരളത്തില് ഒ.ബി.സി ലിസ്റ്റില് ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും.

16. മിശ്രവിവാഹ ദമ്പതികളില് ഒരാള് പട്ടികജാതിയായാല് അവരുടെ കുട്ടികൾക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് കേരള സർക്കാര് കൊണ്ടുവന്ന നിയമത്തിന് ഉടന് അംഗീകാരം നൽകുകയും ഇതു സംബന്ധിക്കുന്ന ഒരു കേന്ദ്ര നിയമം നിർമ്മിച്ച് നടപ്പിലാക്കുന്നതിന് സമ്മർദ്ദം ചെലുത്തും.

17. എല്ലാ പട്ടികജാതി-പട്ടികവർഗ സങ്കേതങ്ങളിലും അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കും. ഇതിന്റെ ഭാഗമായി കുടിവെള്ളം, വൈദ്യുതി റോഡ്, വിദ്യാഭ്യാസം, ചികിത്സാ സൗകര്യങ്ങള് എന്നിവയും ഏർപ്പെടുത്തും.

18. കേന്ദ്ര-സംസ്ഥാന സർക്കാരുകള് ഓരോ വർഷവും നടപ്പാക്കുന്ന വിവിധങ്ങളായ സ്കീമുകളുടെ അവലോകനം സ്വതന്ത്ര ഏജൻസിയെക്കൊണ്ട് തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യും.

### *പരിവർത്തിത ക്രിസ്ത്യാനികള്*

19. ദളിത് ക്രൈസ്തവർക്കുള്ള കൃഷിഭൂമി വായ്പ, സ്വയം തൊഴില് വായ്പ, വിവാഹവായ്പ, മിശ്രവിവാഹിതർക്കുള്ള ധനസഹായം എന്നിവയുടെ പലിശയും ആനുകൂല്യങ്ങളും പട്ടികജാതി-പട്ടികവർഗ വിഭാഗത്തിന്റേതിനു തുല്യമാക്കും. ഇതിനായി കൂടുതല് പണം പരിവർത്തിത ക്രൈസ്തവ വികസന കോർപറേഷന് അനുവദിക്കും. ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് പട്ടികജാതി വിദ്യാർത്ഥികളുടെ എല്ലാ ആനുകൂല്യങ്ങളും നൽകും.

### *പിന്നോക്ക സമുദായം*

20. പിന്നോക്ക സമുദായ വികസന കോർപറേഷന് കൂടുതല് പണം ലഭ്യമാക്കുന്നതാണ്. കുമാരപിള്ള കമ്മിഷന് അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസ സഹായം വർദ്ധിപ്പിക്കുന്നതാണ്. കാസർഗോഡ് തുളു ക്രിസ്ത്യാനികളുടെ അവശതകള് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. പിന്നോക്ക ക്ഷേമവകുപ്പ് രൂപീകരിക്കും.

### *ന്യൂനപക്ഷം*

21. സച്ചാര് കമ്മിറ്റി ശുപാർശയുടെ ഭാഗമായുള്ള പാലൊളി കമ്മിറ്റി ശുപാർശകള് നടപ്പിലാക്കും. ഹജ്ജ് കമ്മിറ്റിയ്ക്ക് സ്ഥിരം ഗ്രാന്റ് അനുവദിക്കും. വഖഫ് ബോർഡിനുള്ള ധനസഹായം വർദ്ധിപ്പിക്കും.

### *സ്ത്രീ തുല്യതയ്ക്കുവേണ്ടി*

22. കേരളത്തിന്റെ വികസനത്തില് സ്ത്രീകള് പാർശ്വവൽക്കരിക്കപ്പെടുന്നത് തിരുത്തുന്നതിനുള്ള പരിശ്രമം മുന്നോട്ട് കൊണ്ടുപോകും. യുഡിഎഫ് ഭരണകാലത്ത് പദ്ധതിയുടെ അഞ്ചുശതമാനത്തില് താഴെയാണ് സ്ത്രീകള് ഗുണഭോക്താക്കളായുള്ള സ്കീമുകൾക്ക് അനുവദിച്ചിരുന്നത്. *2011-12* ലെ ബജറ്റില് ഇത് *9.4* ശതമാനമായി ഉയർത്തി. ഇന്ത്യയില് ആദ്യമായി സംസ്ഥാനതലത്തില് ജെൻഡര് ബജറ്റിംഗ് കേരളത്തിലാണ് നടപ്പിലാക്കിയത്. അടുത്ത അഞ്ചുവർഷം കൊണ്ട് *7500* കോടി രൂപ സ്ത്രീകള് ഉപഭോക്താക്കളായുള്ള സ്കീമുകൾക്കായി ചെലവഴിക്കും.

23. വനിതാ അടങ്കലില് *1000* കോടി രൂപ കുടുംബശ്രീ വഴിയായിരിക്കും ചെലവഴിക്കുക. അഞ്ചുലക്ഷം സ്ത്രീകൾക്ക് സൂക്ഷ്മ തൊഴില് സംരംഭങ്ങളില് തൊഴില് നൽകുന്നതിനുള്ള സ്കീം കുടുംബശ്രീ വഴി നടപ്പാക്കും. നാലു ശതമാനം പലിശയ്ക്കുള്ള ബാങ്ക് ലിങ്കേജ് പദ്ധതി സാർവത്രികമാക്കും. പ്രൊഡ്യൂസർകമ്പനികൾക്കു കീഴില് സ്വയംതൊഴില് സംരംഭങ്ങള് വിപുലമായ തോതിലാരംഭിക്കും. നാഷണല് ലൈവ്ലിഹുഡ് മിഷന്റെ നോഡല് ഏജൻസി കുടുംബശ്രീ ആയിരിക്കും. ഈ സ്ഥാനം ജനശ്രീയ്ക്ക് നൽകുന്നതിനാണ് യുഡിഎഫ് ശ്രമിക്കുന്നത്. സ്വയംസഹായസംഘാംഗങ്ങളുടെ ആത്മഹത്യയിലൂടെ കുപ്രസിദ്ധമായ ആന്ധ്രയിലെ മൈക്രോ ഫിനാൻസ് ബ്ലേഡ് കമ്പനികള് പോലുള്ള ഒന്നായി ജനശ്രീ അതിവേഗം രൂപാന്തരപ്പെട്ടു കൊണ്ടിരിക്കുകയാണ്

24. എല്ലാ പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും സ്ത്രീകൾക്കു പ്രത്യേക മൂത്രപ്പുര നിർമ്മിക്കും. വനിതാ ഹോസ്റ്റലുകള് എല്ലാ നഗരങ്ങളിലും സ്ഥാപിക്കും. സ്ത്രീകൾക്കായുള്ള പ്രത്യേക തൊഴിൽപരിശീലന സ്ഥാപനങ്ങള് വ്യാപകമാക്കും. വിധവകള്, വിവാഹമോചിതരായ സ്ത്രീകള് എന്നിവർക്ക് സ്വയംതൊഴിലിന് കൂടുതല് പണമനുവദിക്കും. വിധവകൾക്ക് ജോലിക്കുള്ള പ്രായപരിധിയില് ഇളവു വരുത്തും.

25. തന്റേടം ജെൻഡര് പാർക്കുകള് ആരംഭിക്കും. സാംസ്കാരിക സേവനമേഖലകളിലെ സ്ത്രീ സംരംഭകർക്കുള്ള കെട്ടിട സൗകര്യങ്ങളും പഠന കേന്ദ്രവും ലൈബ്രറിയും ഗസ്റ്റ് ഹൗസ് തുടങ്ങിയവയെല്ലാമടങ്ങുന്നതായിരിക്കും ഈ പാർക്ക്.

26. വനിതാ കമ്മിഷന്, വനിതാ വികസന കോർപറേഷന്, ഗാർഹിക പീഡന നിയമത്തിന്റെ നടത്തിപ്പ് എന്നിവ ശക്തിപ്പെടുത്തും. സ്വതന്ത്രമായ വനിതാവികസന വകുപ്പ് രൂപീകരിക്കും.

### *തീരദേശത്തിന് പാക്കേജ്*

27. തീരദേശത്തിനുവേണ്ടി *5000* കോടി രൂപയുടെ പ്രത്യേക പാക്കേജ് ഉണ്ടാക്കും. ഇതിനുള്ള സ്കീം തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കും. കേന്ദ്ര-സംസ്ഥാന പ്രാദേശിക സർക്കാരുകള് സംയുക്തമായി ഇവ നടപ്പിലാക്കും. ഇതിന് രണ്ട് ഘടകങ്ങളുണ്ട്. ഒന്നാമത്തേത്, തീരദേശ പശ്ചാത്തല സൗകര്യ വികസനമാണ്. *1500* കോടി രൂപ ചെലവ് വരുന്ന തീരദേശ ഹൈവേ സമഗ്ര റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കും. ഇതിനു പുറമെ, *30* കിലോമീറ്ററിന് ഒന്ന് എന്ന തോതില് ഫിഷിംഗ് ഹാർബര് ഉണ്ടാക്കും. രണ്ടാമത്തെ ഘടകം മാതൃകാ മത്സ്യഗ്രാമം പരിപാടിയാണ്. ഇതിന്റെ ഭാഗമായി എല്ലാ ഗ്രാമങ്ങളിലും പാർപ്പിടം, കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കും മുഴവന് കുട്ടികൾക്കും *12*-ാം തരംവരെ വിദ്യാഭ്യാസം ഉറപ്പു വരുത്തും സംസ്ഥാന ശരാശരിയെക്കാള് ഉയർന്ന വിജയശതമാനം ഉറപ്പാക്കും. സംസ്ഥാന ശരാശരിയെക്കാള് ശിശുമരണ നിരക്ക് കുറച്ചുകൊണ്ടുവരുന്നതിനുള്ള പദ്ധതികള് നടപ്പിലാക്കും. ക്ഷേമനിധി അംഗത്വവും ഇൻഷ്വറൻസും എല്ലാവർക്കും ഉറപ്പു വരുത്തും വായനശാലയും ക്ലബ്ബും എല്ലാ

വാർഡുകളിലും ആരംഭിക്കും. ഇപ്രകാരം കൃത്യമായി മോണിറ്ററിംഗ് ചെയ്യാവുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും മാതൃകാ ഗ്രാമങ്ങളെ പ്രഖ്യാപിക്കുക. ഗ്രാമം ഒന്നിന് ശരാശരി 20 കോടി രൂപ ചെലവുവരും.

28. മത്സ്യത്തൊഴിലാളി മേഖലയില് ഇന്ന് നൽകിക്കൊണ്ടിരിക്കുന്ന ക്ഷേമ ആനുകൂല്യങ്ങള് ഇരട്ടിയായി വർദ്ധിപ്പിക്കും. പഞ്ഞമാസ സമാശ്വാസപദ്ധതി അനുബന്ധ തൊഴിലാളികളിലേക്ക് വ്യാപിപ്പിക്കുകയും ആനുകൂല്യം 1800 രൂപയിൽനിന്ന് 3600 രൂപയായി ഉയർത്തുകയും ചെയ്യും. ഇൻഷ്വറൻസ് പദ്ധതികള് കൂടുതല് ആകർഷകമാക്കും. ന്യായവിലയ്ക്ക് മണ്ണെണ്ണ ലഭ്യമാക്കാന് മണ്ണെണ്ണ ഇറക്കുമതി ചെയ്യും.

29. അക്വേറിയന് റിഫോംസ് നിയമം പാസ്സാക്കും. തൊഴില് വൈവിധ്യവൽക്കരണ സ്കീമുകള് ശക്തിപ്പെടുത്തും.

### *വികലാംഗരും അശരണരും*

30. ഈ വിഭാഗത്തിൽപ്പെടുന്നവരുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും പരിരക്ഷിക്കുന്നതിനാവശ്യമായ നടപടികള്കൈക്കൊള്ളും. ഇവർക്കുള്ള ധനസഹായങ്ങള് ഉയർത്തും. ശയ്യാവലംബരായ രോഗികളുടെയും മാനസിക രോഗികളുടെയും ശുശ്രൂഷകർക്കുള്ള ധനസഹായം വർദ്ധിപ്പിക്കും. എല്ലാ സ്പെഷ്യല് സ്കൂളുകളും കേന്ദ്ര നിരക്കില് ധനസഹായം നൽകും. വികലാംഗ കോർപ്പറേഷന്റെ പ്രവർത്തനം വിപുലപ്പെടുത്തും. എല്ലാ പഞ്ചായത്തുകളിലും ബഡ്സ് സ്കൂള് ആരംഭിക്കും.

31. എല്ലാ അനാഥാലയങ്ങൾക്കും ധനസഹായം നൽകും; ധനസഹായം വർദ്ധിപ്പിക്കും.

32. എൻഡോസൾഫാന് ദുരിതബാധിതർക്ക് പ്രഖ്യാപിച്ചിട്ടുള്ള പാക്കേജ് പൂർണ്ണമായും നടപ്പാക്കും. എൻഡോസൾഫാന് നിരോധിക്കുന്നതിനുള്ള നടപടികള് ശക്തമാക്കും. സാന്ത്വന ചികിത്സ ഗ്രൂപ്പുകൾക്ക്ധനസഹായം നൽകും.

### *പ്രവാസിക്ഷേമം*

33. കേരള സമ്പദ്ഘടനയുടെ ശക്തി സ്രോതസ്സാണ് പ്രവാസികള്. എന്നാല്, ഇവരുടെ സുരക്ഷിതത്വം സംസ്ഥാനത്തിന്റെ വികസനപ്രക്രിയയില് ഉൾച്ചേർക്കാന് നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. പ്രവാസികളുടെ സമ്പാദ്യം കേരളത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി രൂപീകരിച്ച ഇൻകെല്, അൽബരാക് തുടങ്ങിയ സ്ഥാപനങ്ങളുടെ അനുഭവങ്ങള് പരിശോധിച്ച് ഇത്തരം സംരംഭങ്ങള് വിപുലപ്പെടുത്തും. പ്രവാസി ഡവലപ്മെന്റ് കോർപ്പറേഷന് രൂപീകരിക്കും. വിദ്യാഭ്യാസം, ആശുപത്രി, വ്യവസായ സ്ഥാപനങ്ങള്, ഭവന നിർമ്മാണ മേഖലയിലും ഇതിന്റെ പ്രവർത്തനങ്ങള് വ്യാപിപ്പിക്കും. പ്രവാസി പുനരധിവാസ പദ്ധതിക്ക് രൂപം നൽകും.

34. കേന്ദ്രസർക്കാര് ഇതുവരെ പ്രവാസി ക്ഷേമത്തിനായി ഒരു സ്കീമും ആരംഭിക്കാന് തയ്യാറായിട്ടില്ല. സംസ്ഥാന സർക്കാര് ആരംഭിച്ചിട്ടുള്ള ക്ഷേമനിധി വഴി ആകർഷകമായ പെൻഷന് പദ്ധതി നടപ്പാക്കും. വിമാന സർവീസിന്റെ ചാർജ്ജ് ഭീമമായി ഉയർത്തുന്ന നടപടി അവസാനിപ്പിക്കുന്നതിനുള്ള ഇടപെടല് സർക്കാര് ഭാഗത്ത് നിന്നും ഉണ്ടാകും. ഗൾഫ് സർവ്വീസുകളില് ടാക്സ് ഏർപ്പെടുത്താതിരിക്കുന്നതിനുള്ള സമ്മർദ്ദം ചെലുത്തും. കൊച്ചിന് എയർപോർട്ട് അതോറിറ്റി ഗൾഫ് മലയാളികളെ ലക്ഷ്യമിട്ട് മുന്നോട്ടുവച്ച ഇന്റർനാഷണല് എയർലൈന് തുടങ്ങുവാനുള്ള നിർദ്ദേശം നടപ്പിലാക്കാന് സമ്മർദ്ദം ചെലുത്തും.

35. കുടിയേറ്റ നിയമങ്ങള് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള സമ്മർദ്ദം കേന്ദ്രസർക്കാരില് ചെലുത്തും. താഴ്ന്നവരുമാനക്കാരായ തൊഴിലാളികളുടെയും സ്ത്രീ തൊഴിലാളികളുടെയും അരക്ഷിതാവസ്ഥ പരിഹരിക്കുന്നതിന് സമഗ്രമായ നിയമം ആവിഷ്കരിക്കുന്നതിനുള്ള ഇടപെടല് നടത്തും. ഗൾഫ് രാജ്യങ്ങളില് ആരംഭിക്കാന് പോകുന്ന ലീഗല് സെല്ലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കും. ജയിലുകളില് കഴിയുന്നവരെ നാട്ടിലേക്ക തിരിച്ച കൊണ്ടുവരുന്നതിനുളള സാധ്യമായ നടപടികള്സ്വീകരിക്കും. ക്ഷേമനിധിയില് അംഗമാകുന്നതിനുള്ള പ്രായപരിധി ഉയർത്തും.

### *യുവജനക്ഷേമം*

36. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളില് സ്ഥാപിക്കപ്പെട്ട യൂത്ത് കോ-ഓർഡിനേഷന് കൗൺസിലുകള്, യൂത്ത് കോ-ഓർഡിനേറ്റർമാര്, യൂത്ത് സെന്ററുകള് എന്നീ സംവിധാനങ്ങളെ കൂടുതല് ശക്തമാക്കും. ജില്ലാടിസ്ഥാനത്തില് വികസനരംഗത്തെ യുവജനകൂട്ടായ്മ ഉറപ്പുവരുത്തുന്നതിനായി കോഓർഡിനേഷന് കൗൺസിലുകള് രൂപീകരിക്കും.

37. സ്പോർട്സ് കൗൺസില്-യുവജനക്ഷേമബോർഡ് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കും. തൊഴിൽവകുപ്പ്, വിദ്യാഭ്യാസവകുപ്പ്, സാസ്കാരിക വകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ് എന്നിവയുമായും യുവജനക്ഷേമ പ്രവർത്തനങ്ങള് ഏകോപിപ്പിക്കുന്നതിനുള്ള സംവിധാനം കൊണ്ടുവരും. കേരള യൂത്ത്ഫോറത്തെ, കേരള യുവത്വത്തിന്റെ ഏറ്റവും വലിയ ഒത്തുചേരലായി വിപുലീകരിക്കും.

38. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സചേഞ്ചുകളെ അടിമുടി പുനസംഘടിപ്പിക്കും. എല്ലാതരം തൊഴിലവസരങ്ങളെയും (സ്വകാര്യമേഖല ഉൾപ്പെടെ) വിദ്യാഭ്യാസ അവസരങ്ങളെയും ഏകോപിപ്പിക്കുന്ന കരുത്തുറ്റ സംവിധാനമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മാറ്റും.

39. യുവജനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികള് സംഘടിപ്പിക്കും. ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമല്ലാത്ത ഇത്തരം എല്ലാ പരിശീലപദ്ധതികളെയും ഏകോപിപ്പിക്കാനും നേതൃത്വം കൊടുക്കാനും നോർക്കയുമായി ചേർന്ന്, പ്രീ-ഡിപ്പാർച്ചര് ഓറിയന്റേഷന് കോഴ്സുകള് ഉൾപ്പെടെ വിപുലീകരിക്കാനും യുവജനക്ഷേമബോർഡിന് അവസരമൊരുക്കും.

## കൃഷിയും ഭക്ഷ്യസുരക്ഷയും

### *അരിശ്രീ പദ്ധതി*

40. നെൽകൃഷി പദ്ധതിക്കായി 'അരിശ്രീ' എന്നൊരു സമഗ്ര സ്കീമിന് രൂപം നൽകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മധ്യസ്ഥതയില് തരിശിടുന്ന ഭൂമി കൃഷി ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കും. ഇവിടെ കൃഷി ചെയ്യാന് തയ്യാറാവുന്നവർക്കും സർക്കാരിന്റെ ആനുകൂല്യങ്ങളും പലിശരഹിത വായ്പയും വിള ഇൻഷ്വറൻസും ലഭ്യമാക്കുന്നതിനുള്ള നടപടികള് സ്വീകരിക്കും. ഗ്രൂപ്പ് ഫാമുകള്, ലേബര് ബാങ്കുകള്, പാടശേഖര സമിതികള്, ഗാലസ, സ്വാശ്രയ സംഘങ്ങള് എന്നിവയുടെയെല്ലാം ആഭിമുഖ്യത്തിലുള്ള ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള കൃഷിയെ പ്രോത്സാഹിപ്പിക്കാനുള്ള നടപടി സ്വീകരിക്കും. കർഷകത്തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനവും ആധുനിക ഉപകരണങ്ങളും ലഭ്യമാക്കി ഗ്രീന് ആർമി എല്ലാ ബ്ലോക്കിലും രൂപീകരിക്കും. കാർഷിക മേഖലയില് തൊഴിലാളികളെ ലഭ്യമല്ലാത്ത ഇടങ്ങളില് അനുയോജ്യമായ തലത്തിലുള്ള യന്ത്രവൽക്കരണ പരിപാടികള് കൊണ്ടുവരുന്നതിനുള്ള സംവിധാനം ഉണ്ടാക്കും.

41. നെൽവയല് വിസ്തൃതി ഓരോ വർഷവും ആയിരം ഹെക്ടര് വീതം വർദ്ധിപ്പിക്കും. നെല്ലിന്റെ സംഭരണം എല്ലാ ജില്ലകളിലേയും സഹകരണ സംഘങ്ങള് വഴി വ്യാപിപ്പിക്കുന്ന പദ്ധതി കുറ്റമറ്റ രീതിയില് നടപ്പിലാക്കും. പ്രതിവർഷം ഒരു രൂപ വീതം നെല്ലിന്റെ സംഭരണവില ഉയർത്തും.

42. നടീല് വസ്തുക്കളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് കാർഷിക സർവകലാശാലയും കൃഷി വകുപ്പും സീഡ് ഫാമുകളും കൃഷിക്കാരും ഇതര ഏജൻസികളും ചേർന്നുള്ള സംയോജിത പ്രവർത്തനം നടപ്പിലാക്കും.

### *പച്ചക്കറിയില് സ്വയംപര്യാപ്തത*

43. പച്ചക്കറിയുടെ കാര്യത്തില് സ്വയംപര്യാപ്തത നേടിയെടുക്കും. വയലുകളില് തുടർവിളയായും തെങ്ങിൻതോപ്പുകളിലും മറ്റും ഇടവിളയായി പച്ചക്കറികൃഷിക്ക് പ്രോത്സാഹനം നൽകി കൃഷി ആദായകരമാക്കാന് നടപടി കൈക്കൊള്ളും. പുരയിടകൃഷിയുടെ ഭാഗമായി ഔഷധ കൃഷി പ്രോത്സാഹിപ്പിക്കും. കൂണ് കൃഷി, പുഷ്പ കൃഷി എന്നിവ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഗൾഫ് രാജ്യങ്ങളിലേക്കും മറ്റും പച്ചക്കറികളും പഴവർഗങ്ങളും കയറ്റി അയയ്ക്കുന്നത് വർദ്ധിപ്പിക്കും.

44. കൃഷിക്കാരനേയും കൃഷിഭൂമിയേയും കേന്ദ്രസ്ഥാനത്ത് നിർത്തികൊണ്ട് ജലസേചന വകുപ്പിന്റെ പ്രവർത്തനങ്ങള് പുനഃസംഘടിപ്പിക്കും. ചെറുകിട പദ്ധതികളും പ്രിസിഷന് ഫാമിംഗ് പോലുള്ള സംവിധാനങ്ങളും പ്രോത്സാഹിപ്പിക്കും. മണ്ണ് പരിശോധന ശക്തിപ്പെടുത്തി മണ്ണ് അറിഞ്ഞുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്ന സമ്പ്രദായം കൊണ്ട് വരും. ഇക്കാര്യത്തില് ബന്ധപ്പെട്ട വകുപ്പുകളുടേയും കർഷക സംഘടനകളുടേയും കൂട്ടായ പ്രവർത്തനം സംഘടിപ്പിക്കും.

45. കൃഷിഭവനുകളിലെ അഗ്രോ ക്ലിനിക്കുകളുടെ പ്രവർത്തനങ്ങൾക്ക് കൃത്യമായ കലണ്ടര് തയ്യാറാക്കുകയും അഗ്രോ ക്ലിനിക്കുകള് ആഴ്ചയില് ഒരു ദിവസം എന്ന നിലയില് കൃത്യമായി പ്രവർത്തിപ്പിക്കുകയും ചെയ്യും. കർഷകരെ വിളിച്ചു ചേർത്തുകൊണ്ടുളള വിജ്ഞാന വ്യാപന പ്രവർത്തനങ്ങള് സംഘടിപ്പിക്കും.

46. കൃഷിക്കാരുടെയും കർഷകതൊഴിലാളി സംഘടനകളുടെയും മറ്റു ബഹുജനങ്ങളുടെയും പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ആഭിമുഖ്യത്തില് നീർത്തട വികസന പരിപാടി കൂടുതല് വിപുലമാക്കും. നീർത്തട മാസ്റ്റര് പ്ലാന് ഉണ്ടാക്കും. ഉപഗ്രഹ സംവിധാനത്തെക്കൂടി ഉപയോഗപ്പെടുത്തി ഈ പ്രവർത്തനത്തെ കൂടുതല് ശാസ്ത്രീയമാക്കും.

47. കർഷക പെൻഷന് സമഗ്രപദ്ധതിയായി വികസിപ്പിക്കും. കാർഷിക വായ്പകള് കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പ്രോത്സാഹനമായി പലിശ സബ്സിഡി അനുവദിക്കും.

### *പാലിലും മുട്ടയിലും സ്വയംപര്യാപ്തത*

48. പാലിന്റെ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കും. കന്നുകുട്ടി പരിപാലന പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി എല്ലാ കൃഷിക്കാർക്കും എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

49. നെല്ലിന്റെ വിളവെടുപ്പ് കാലത്ത് വയ്ക്കോല് സംഭരിച്ച് പെല്ലറ്റുകളുണ്ടാക്കി സൂക്ഷിച്ച് കൃഷിക്കാർക്ക് വിതരണം ചെയ്യുന്ന പരിപാടി കൂടുതല് ശക്തിപ്പെടുത്തും. തീറ്റപ്പുല്കൃഷി വ്യാപിപ്പിക്കും. നിലവിലുളള കാലിത്തീറ്റാ ഫാക്ടറികളുടെ ഉൽപാദനശേഷി വർദ്ധിപ്പിക്കും.

50. രോഗപ്രതിരോധത്തിനും ചികിത്സയ്ക്കും ആവശ്യമായ മരുന്നുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും ഉയർന്ന വില കുറയ്ക്കുന്നതിനും ആവശ്യമായ ഇടപെടല് നടത്തും. ഇതിനായി പുതിയൊരു ഫാക്ടറി സ്ഥാപിക്കുന്നതാണ്. കന്നുകാലി ഇൻഷ്വറൻസ് പദ്ധതി കൂടുതല് ശക്തിപ്പെടുത്തും.

51. വീട്ടുവളപ്പിലെ ചെറുകിട-ഇടത്തരം കൃഷിക്കാരുടെ കന്നുകാലി വളർത്തലിനോടൊപ്പം സാധ്യതയുള്ള ഇടങ്ങളില് വാണിജ്യാടിസ്ഥാനത്തിലുള്ള കന്നുകാലി വളർത്തലും പ്രോത്സാഹിപ്പിക്കുന്നതാണ്.

52. പരമാവധി കോഴികുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുകയും മുട്ടയും ഇറച്ചിയും കൃഷിക്കാരില് നിന്ന് ശേഖരിച്ച് സംഘടിതമായി വിതരണം ചെയ്യുന്നതിനുള്ള പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷന് കൂടുതല് ശക്തിപ്പെടുത്തും. ആട്, പന്നി, മുയര്, കാട തുടങ്ങിയവ വളർത്തുന്നതിന് അയൽക്കൂട്ടങ്ങളെ പ്രോത്സാഹിപ്പിക്കും.

53. എല്ലാ അറവുശാലകളിലും ആരോഗ്യ, ശുചിത്വ സംവിധാനങ്ങളും ശാസ്ത്രീയ സംസ്കരണത്തിനുള്ള സംവിധാനങ്ങളും ഉറപ്പു വരുത്തുകയും ഗുണമേന്മയുള്ള മാംസം ലഭ്യമാക്കുകയും ചെയ്യും.

*നാണ്യവിളകൾക്ക് ഇറക്കുമതി ഭീഷണി*

54. ലോകവ്യാപാര കരാര് ഒപ്പിട്ടതിനു ശേഷമുള്ള ഏതാനും വർഷങ്ങള് നാണ്യവിളകൾക്കു നല്ല വില കിട്ടിയതു പോലെ ആസിയാന് കരാറിനു ശേഷം ഇപ്പോള് താരതമ്യേന മെച്ചപ്പെട്ട വിലയുണ്ട്. ഇതു ചൂണ്ടിക്കാണിച്ച് ആസിയന് കരാര് കേരളത്തിനു ഗുണകരമാണെന്ന് വാദിക്കുകയാണ് യുഡിഎഫ്. യുഡിഎഫ് ഭരണകാലത്ത് വിലത്തകർച്ചയെത്തുടർന്ന് ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ എണ്ണം അവര് വിസ്മരിച്ചു കഴിഞ്ഞു കാർഷിക മേഖലയുടെ സ്വതന്ത്രവ്യാപാര നയത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ശക്തമായി എതിർക്കും. നാണ്യവിളകൾക്ക് വിലസ്ഥിരതാ ഫണ്ടും ഇൻഷ്വറൻസും ഏർപ്പെടുത്താന് സമ്മർദ്ദം ചെലുത്തും. ഓരോ നാണ്യവിളകളുടെയും ഉൽപാദനക്ഷമത ഉയർത്തുന്നതിന് പാക്കേജുകള് തയ്യാറാക്കും. അവ നടപ്പാക്കുന്നതിന് കേന്ദ്രസർക്കാരിന്റെ വിള ബോർഡുകൾക്കു മേല് ശക്തമായ സമ്മർദ്ദം ചെലുത്തും.

55. ജൈവ സാങ്കേതികവിദ്യ സംബന്ധിച്ചുള്ള ഗവേഷണ പ്രവർത്തനങ്ങള് ശക്തിപ്പെടുത്തുകയും കൃഷി സമ്പ്രദായങ്ങളെ ആധുനീകരിക്കുന്നതിനുള്ള നടപടികള് സ്വീകരിക്കുകയും ചെയ്യും. അതോടൊപ്പംതന്നെ ജൈവ കൃഷി സമ്പ്രദായങ്ങളേയും പദ്ധതികളേയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും. റീപ്ലാന്റിംഗിന് സമയബന്ധിത പരിപാടി തയ്യാറാക്കും. രോഗം ബാധിച്ച തെങ്ങുകള് വെട്ടിമാറ്റി പുതിയ തൈകള് വളർത്തുന്ന പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കും. കേന്ദ്രസർക്കാര് പാമോയിലിന് നൽകുന്ന 15 രൂപ സബ്സിഡി വെളിച്ചെണ്ണയ്ക്കും നല്കുന്നതിന് കേന്ദ്രസർക്കാരില് സമ്മർദ്ദം ചെലുത്തും.

56. മലയോര കർഷകർക്ക് 28558 ഹെക്ടര് ഭൂമിക്ക് പട്ടയവിതരണം നടത്തിയിട്ടുണ്ട് അവശേഷിക്കുന്നവരുടെ കൈമാറ്റാവകാശത്തോടെയുള്ള പട്ടയവിതരണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കും. ഒരുവർഷത്തിനുള്ളില് ഈ നടപടി പൂർത്തിയാക്കും. വന്യമൃഗ ഭീഷണിക്കെതിരെ ഇലക്ട്രിക് ഫെൻസിംഗ് നടപടികള് ഊർജ്ജിതപ്പെടുത്തി നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കും.

57. കാർഷികോൽപന്നങ്ങള് കേടുകൂടാതെ സംഭരിക്കുന്നതിനും സംസ്കരണ വിപണന കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നതിനും കോൾഡ് ചെയിന് ഉൾപ്പെടെയുള്ള സൗകര്യങ്ങള് ഒരുക്കും. മൂല്യവർദ്ധിത കാർഷിക സംസ്ക്കരണ വ്യവസായങ്ങൾക്ക് പ്രത്യേക പ്രോത്സാഹനം നൽകും. അച്ചാര്, സ്ക്വാഷ്, ജ്യൂസ്, ജാം തുടങ്ങിയ ഫല പച്ചക്കറി സംസ്ക്കരണ വ്യവസായങ്ങൾക്ക് പ്രത്യേക സബ്സിഡി അനുവദിക്കും.

58. അടഞ്ഞുകിടന്ന 20 തോട്ടങ്ങള് തുറന്നു. ഇപ്പോഴും അടഞ്ഞുകിടക്കുന്ന രണ്ടെണ്ണം ഏറ്റെടുക്കാനുള്ള നിയമം കൊണ്ടുവരും. തോട്ടം മേഖല സംരക്ഷിക്കുന്നതിനുള്ള നടപടികള് സ്വീകരിക്കും.

## പരമ്പരാഗത വ്യവസായങ്ങള്

59. പരമ്പരാഗത വ്യവസായങ്ങളില് പണി കിട്ടിയാലും തൊഴിലുറപ്പു പദ്ധതിയിലെ കൂലി ലഭിക്കുന്നില്ല എന്നതാണ്പരാതി. മിനിമം കൂലി ഉറപ്പു വരുത്തുന്നതിനായി വരുമാന ഉറപ്പ് പദ്ധതിയെ വിപുലപ്പെടുത്തും

*കയര്*

60. കയര് വ്യവസായത്തെക്കുറിച്ചു സമഗ്രമായ പഠനത്തിന്റെ അടിസ്ഥാനത്തില് കയര് കമ്മിഷന് മുന്നോട്ടുവെച്ച നിർദ്ദേശങ്ങളെക്കുറിച്ച് പൊതുവില് ഒരഭിപ്രായ സമന്വയം ഉണ്ടായിട്ടുണ്ട് ഇവ നടപ്പിലാക്കുന്നതിനുള്ള നടപടികള് സ്വീകരിക്കും. സഹകരണ മേഖലയുടെ പുനഃസംഘാടനം പൂർത്തീകരിക്കും.

61. കയര് ജിയോടെക്സ്റ്റയിലിനെ ഒരു നിർമാണസാമഗ്രിയായി പൊതുമരാമത്ത് മാന്വലില് അംഗീകരിക്കും. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകള് അടക്കം കയർപിരി യന്ത്രങ്ങൾക്കായി നടക്കുന്ന ഗവേഷണങ്ങള് ഫലപ്രാപ്തിയിലെത്തിക്കും. വാണിജ്യാടിസ്ഥാനത്തില് ആലപ്പുഴയിലെ പുതിയ യന്ത്രനിർമ്മാണ ഫാക്ടറിയില് കയര് യന്ത്രങ്ങള് നിർമ്മിക്കും. പരമ്പരാഗത കയർമേഖലയ്ക്കു പുറത്ത് പച്ചത്തൊണ്ട് സംസ്കരണ മില്ലുകള് സ്ഥാപിക്കുകയും അവയ്ക്കു തൊണ്ട് ലഭ്യമാക്കുന്നതിന് പ്രാദേശിക സംഭരണ സംവിധാനത്തിന് രൂപംനൽകുകയും ചെയ്യും.

62. കയറുൽപ്പന്ന മേഖലയില് ഉൽപ്പാദകർക്ക് ഡിപ്പോ സമ്പ്രദായത്തിനു പകരം അംഗീകൃത വില ഉറപ്പു വരുത്തിക്കൊണ്ടുള്ള കയര് കോർപ്പറേഷന്റെ സംഭരണ പരിപാടി വിപുലീകരിക്കും. കയർഫെഡും ചെറുകിട ഉൽപ്പാദകരിൽനിന്ന് കയര് സംഭരിക്കുന്നതാണ്.

### *കശുവണ്ടി*

63. കശുവണ്ടി കോർപ്പറേഷനും കാപ്പെക്സും ബാങ്കുകൾക്ക് നൽകാനുള്ള *100* കോടിയിൽപ്പരം രൂപയുടെ കുടിശ്ശിക സർക്കാര് ഏറ്റെടുക്കും. ഫാക്ടറികളുടെ നവീകരണം സമയബന്ധിതമായി പൂർത്തിയാക്കും. ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം ഊർജ്ജിതപ്പെടുത്തും. ഇതുവഴി ആഭ്യന്തര കമ്പോളത്തില് ശക്തമായി ഇടപെടാന് കഴിയും.

64. കശുമാങ്ങയുടെയും കശുവണ്ടി തോടിന്റെയും ഉപയോഗം വാണിജ്യാടിസ്ഥാനത്തില് വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കശുമാവ് കൃഷിക്കുള്ള സ്കീം തരിശുഭൂമിയിലും തെങ്ങിന് ഇടവിളയായും സമയബന്ധിതമായി പൂർത്തിയാക്കും.

65. കാഷ്യൂ ബോർഡ്രൂപീകരിക്കാന് കേന്ദ്രസർക്കാരില് സമ്മർദ്ദം ചെലുത്തും.

### *കൈത്തറി*

66. കണ്ണൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ആന്റ് ടെക്സ്റ്റൈല് ടെക്നോളജി ദേശീയ നിലവാരത്തില് ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കും. കൈത്തറിയുടെ ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിനും ഉൽപ്പാദന പ്രക്രിയയുടെ ആധുനികവൽക്കരണത്തിനുമുള്ള നടപടികള് ത്വരിതപ്പെടുത്തും.

67. നൂലിന്റെ അമിതമായ വിലക്കയറ്റമാണ് കൈത്തറി മേഖല നേരിടുന്ന മറ്റൊരു മുഖ്യപ്രശ്നം. അസംസ്കൃത വസ്തുവായ കഴിനൂലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് കേരളത്തിലെ സഹകരണ സ്പിന്നിങ് മില്ലുകളോടനുബന്ധിച്ച് കഴിനൂല് നിർമാണകേന്ദ്രങ്ങള് സ്ഥാപിക്കുന്നതിന് സർക്കാര് ധനസഹായം നൽകുകയുണ്ടായി. നൂല് സംസ്കരിക്കുന്നതിനും ചായം മുക്കുന്നതിനും ഒരു നൂല് സംസ്കരണശാല ഉടന് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

68. സഹകരണസംഘങ്ങളുടെ പുന:സംഘടനയ്ക്കു കൂടുതല് പണം ലഭ്യമാക്കും. അതോടൊപ്പം തന്നെ ബിനാമി സംഘങ്ങളെ നീക്കം ചെയ്യുന്നതിനുളള നടപടികളും ത്വരിതപ്പെടുത്തും ഹാൻടെക്സിന്റെയും ഹാൻവീവിന്റെയും പുന:സംഘടന പൂർത്തിയാക്കും. ഇവ സംഘങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക ആറുമാസത്തിനുള്ളില് കൊടുത്തു തീർക്കും.

### *കളിമണ് വ്യവസായങ്ങള്*

69. കളിമണ് വ്യവസായത്തിന് ഡാമുകളിലെയും മറ്റും ചെളി നീക്കം ചെയ്യുന്നത് സഹായവിലയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കും.

70. ആധുനിക കാലത്തെ കെട്ടിടനിർമാണ ആവശ്യങ്ങൾക്ക് അനുയോജ്യമായ വസ്തുക്കള് നിർമിച്ചും ആധുനികീകരിച്ചും ഓട് വ്യവസായത്തെ സംരക്ഷിക്കുന്നതിനുള്ള പ്രോത്സാഹനം നൽകും. മണ്ണുകൊണ്ടുളള അലങ്കാര വസ്തു നിർമ്മാണത്തിനു കൂടി ഊന്നല് നൽകികൊണ്ട് മൺപാത്ര നിർമ്മാണ വ്യവസായത്തെ വൈവിദ്ധ്യവത്കരിക്കും.

### *മുള വ്യവസായം*

71. മുളയുടെ മേഖലയില് ക്ലസ്റ്റര് മാതൃകയില് ഉൽപാദക യൂണിറ്റു കളെ സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും മുളങ്കാടുകളുടെ വ്യാപ്തി വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. സംസ്ഥാന ബാംബൂ കോർപ്പറേഷന് ആരംഭിച്ചിട്ടു ളള യന്ത്രവൽകൃത കമ്മ്യൂണിറ്റി മാറ്റ് വീവിങ് സെന്ററുകള്, ഫ്ളാറ്റൻഡ് ബാംബൂ ബോർഡ് എന്നിവയുടെ യൂണിറ്റു കള്ശക്തിപ്പെടുത്തുന്നതിനുള്ള സഹായങ്ങള് നൽകും.

### *കരകൗശലം*

72. കൊല്ലം ജില്ലയില് ഉമയനല്ലൂര്, കോഴിക്കോട് നടുവണ്ണൂര് എന്നീ സ്ഥലങ്ങളിലെ കരകൗകല പരിശീലന കേന്ദ്രങ്ങള് വിപുലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

73. കരകൗശല ഉൽപാദന പ്രക്രിയയില് തനതായ പാരമ്പര്യം നിലനിർത്തിത്തന്നെ യന്ത്ര സാങ്കേതിക വിദ്യകള് ഉപയോഗപ്പെടുത്തുന്നതിനുള്ള സഹായങ്ങള് നൽകും. ഹാന്റിക്രാഫ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ റോ മെറ്റീരിയല് ബാങ്കിന്റെ പ്രവർത്തനം ശക്തിപ്പെടും. ആർട്ടിസാൻസ് കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കും.

### *ബീഡി*

74. ദിനേശ്ബീഡി സഹകരണ സംഘത്തില് ഏർപ്പെടുത്തിയിരിക്കുന്ന പ്രത്യേക റിട്ടയർമെന്റ് പദ്ധതി സ്വകാര്യമേഖലയിലേക്കും കൂടി വ്യാപിപ്പിക്കും. ദിനേശ്ബീഡി സഹകരണസംഘത്തിന്റെ വൈവിധ്യവൽക്കരണത്തിന് പ്രത്യേക ധനസഹായം നൽകും.

*ചെത്ത്*

75. ചെത്ത് വ്യവസായത്തെ പുനഃസംഘടിപ്പിക്കും. ചെത്ത് മേഖലയില് സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കും. സഹകരണാടിസ്ഥാനത്തില് നീര ഉൽപ്പാദിപ്പിക്കും. വ്യാജക്കള്ളിനെതിരെ കർശനമായ നടപടി സ്വീകരിക്കും. കള്ളുഷാപ്പുകളുടെ നവീകരണത്തിന് ഒരു പ്രത്യേക സ്കീമിന് രൂപം നൽകുന്നതാണ്.

*ഖാദി ഗ്രാമവ്യവസായങ്ങള്*

76. *76.* ഗ്രാമവ്യവസായത്തില് വ്യക്തിഗത വായ്പകൾക്ക് ഒറ്റത്തവണ തീർപ്പാക്കല്/എഴുതി തള്ളല്, സംഘങ്ങളെ സജീവമാക്കി പുനരുദ്ധരിക്കല് എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കൺസോർഷ്യം പദ്ധതിയിലൂടെ വായ്പയെടുത്ത് റിക്കവറി നേരിടുന്നവർക്കും സമഗ്രമായ ഒറ്റത്തവണ തീർപ്പാക്കല് നടപ്പിലാക്കും. ഖാദി ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തും. തൊഴിലാളികൾക്ക് മിനിമം കൂലി ലഭ്യമാക്കും. ഇവയുടെ ഉൽപ്പന്നങ്ങളെ പൂർണ്ണമായും വാറ്റ് നികുതിയില് നിന്നും ഒഴിവാക്കും.

*വാണിജ്യം*

77. ചില്ലറ വ്യാപാരരംഗം വിദേശ-നാടന് കുത്തകകൾക്ക് തുറന്നുകൊടുക്കുന്ന യു.പി.എ ഗവൺമെന്റിന്റെ നയം ഉയർത്തുന്ന ഭീഷണിയിൽനിന്ന് വ്യാപാരികളെ രക്ഷിക്കുന്നതിനായി താഴെ പറയുന്ന നടപടികള് കൈക്കൊള്ളും. വാണിജ്യമിഷന് രൂപീകരിക്കും. ഈ മേഖലയിലെ സർക്കാരിന്റെ നോഡല് ഏജൻസിയായിട്ടായിരിക്കും വാണിജ്യമിഷന് പ്രവർത്തിക്കുക. *2020*-നകം കൈവരിക്കേണ്ട കൃത്യമായ ലക്ഷ്യങ്ങളും ഒരു റീട്ടെയില് നയവും പ്രഖ്യാപിക്കും. ഈ നയത്തില് പശ്ചാത്തല സൗകര്യം, പരിസ്ഥിതി, പ്രോത്സാഹനങ്ങള്, സോണിംഗ്, ക്ലസ്റ്റര്, തെരുവോരക്കച്ചവടക്കാര്, വഴിയോര സൗകര്യങ്ങള് തുടങ്ങിയവയെല്ലാം സംബന്ധിച്ചുള്ള നയങ്ങള് ഉൾക്കൊള്ളണം. വാണിജ്യവുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും പ്രവർത്തനങ്ങളെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് അനുസൃതമായി ഏകോപിപ്പിക്കുക വാണിജ്യമിഷനായിരിക്കും.

78. കേരള റീട്ടെയില് എന്നൊരു പുതിയ ബ്രാൻഡ് സൃഷ്ടിക്കും. ഇതിനാവശ്യമായ പ്രചാരണം ടൂറിസവുമായി ബന്ധപ്പെടുത്തി നടത്തും. കേരളത്തിലെ വാണിജ്യമേഖലയെക്കുറിച്ച് ആകർഷകമായ പ്രതിഛായ സൃഷ്ടിക്കുകയാണ് ഈ ബ്രാൻഡ് പ്രചാരണത്തിന്റെ ലക്ഷ്യം. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവല് വിപുലപ്പെടുത്തി അടുത്ത അഞ്ചുവർഷത്തിനുള്ളില് കേരളത്തെ മറ്റു സംസ്ഥാനങ്ങളിലെയും വിദേശത്തെയും ടൂറിസ്റ്റുകളുടെ ഷോപ്പിംഗ് ഡെസ്റ്റിനേഷനാക്കി മാറ്റും

79. റോഡു നിർമ്മാണത്തിനും മറ്റും സ്ഥലമെടുക്കുമ്പോള്വ്യാപാരികൾക്ക് പുനരധിവാസ പദ്ധതി നടപ്പാക്കും.

80. വ്യാപാരി ക്ഷേമനിധി ആനുകൂല്യങ്ങള് വിപുലപ്പെടുത്തും.

*നിർമ്മാണ മേഖല*

81. സിമന്റ്, കമ്പി, പെയിന്റ് കള്തുടങ്ങിയവയുടെ വിലകള് ഉൽപാദന ചെലവുമായി ബന്ധപ്പെടുത്താതെ ഏകപക്ഷീയമായി ഉയർത്തുന്ന കുത്തകകളുടെ നടപടിയ്ക്കെതിരെ തൊഴിലാളികളുടെയും ഇതര ജനവിഭാഗങ്ങളുടെയും ശക്തമായ ചെറുത്തുനിൽപ്പ് ഉയർത്തിക്കൊണ്ടുവരും. ഈ രംഗത്ത് കുത്തകകളെ പ്രീണിപ്പിക്കുന്ന കേന്ദ്രസർക്കാരിന്റെ നയം തുറന്നുകാട്ടുകയും ഇതിനെതിരെ കേന്ദ്രസർക്കാരില് സമ്മർദ്ദം ചെലുത്തുകയും ചെയ്യും.

82. നിർമ്മാണരംഗത്തെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികള് സ്വീകരിക്കും. പാറമടകളുടെ പ്രവർത്തനത്തിനുള്ള തടസ്സം നീക്കം ചെയ്യുന്നതിനാവശ്യമായ ചട്ടങ്ങള് കൊണ്ടുവരും. ഡാമുകളിൽനിന്ന് മണല് സഹായവിലയ്ക്ക് ലഭ്യമാക്കും. മണല്, പാറ തുടങ്ങിയവയ്ക്ക് ബദല് നിർമ്മാണ സാമഗ്രികള് വികസിപ്പിക്കും. പുതിയ നിർമ്മാണ സാങ്കേതികവിദ്യകളെ പ്രോത്സാഹിപ്പിക്കും.

83. നിലവില് തൊഴിലെടുക്കുന്നവരെ പുനഃപരിശീലിപ്പിക്കുന്നതിനും വൈദഗ്ധ്യവും നൈപുണിയുമുള്ള ആധുനിക തൊഴിൽസേനയെ വാർത്തെടുക്കുന്നതിനും ഫലപ്രദമായ പരിശീലന പരിപാടികള് ആവിഷ്കരിക്കും. തൊഴിലാളികളുടെ ക്ഷേമവും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിന് ആരംഭിച്ച നടപടികള് ശക്തിപ്പെടുത്തും.

84. അന്യസംസ്ഥാന തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യം നൽകുന്നതിനും മെച്ചപ്പെട്ട തൊഴില് സാഹചര്യങ്ങളും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിനും വേണ്ട സംവിധാനങ്ങള് ഏർപ്പെടുത്തും.

---

## ഭൗതിക പശ്ചാത്തല സൗകര്യങ്ങള്

### *സമഗ്ര റോഡ് പുനരുദ്ധാരണ പദ്ധതി*

*85.* സംസ്ഥാനത്തെ റോഡുകള് അടിയന്തിരമായി നവീകരിക്കും. വര്ദ്ധിച്ചു വരുന്ന ഗതാഗതതിരക്കും വാഹനങ്ങളുടെ ബാഹുല്യവും ഇന്നത്തെ റോഡുകൾക്ക് താങ്ങാനാവുന്നതല്ല. ഇതിനായി ഇന്നത്തെ റോഡ് നിർമ്മാണ രീതി മാറ്റേണ്ടതുണ്ട്. ബിറ്റു മിന്മക്കാഡം-ബിറ്റു മിന് കോൺക്രീറ്റ് ഡിസൈനര് റോഡുകളിലേക്കുള്ള മാറ്റം വരുത്തും. പൊതുമരാമത്തു വകുപ്പിന്റെ അധീനതയിലുള്ള റോഡുകള് ഇപ്രകാരം നവീകരിക്കുന്നതിന് ഏകദേശം *40,000* കോടി രൂപ ചെലവ് വരും. സംസ്ഥാന സർക്കാര് നേരിട്ടല്ലാതെ സർക്കാര് നിയന്ത്രണത്തിലുള്ള സ്വതന്ത്രമായ ബോർഡുകളോ കമ്പനികളോ വഴി വായ്പയെടുത്ത് റോഡ് പുനരുദ്ധാരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും. ഈ ചുമതല റോഡ് ഫണ്ട് ബോർഡിനും റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപറേഷനേയും ഏൽപ്പിക്കും. മോട്ടോര് വാഹന നികുതിയുടെ ആദ്യത്തെ മൂന്ന്-ആറുമാസത്തെ വരുമാനം എസ്ക്രൂ അക്കൗണ്ടായി ഈ രണ്ടു സ്ഥാപനങ്ങൾക്കു നൽകുന്നതിന് നിയമനിർമ്മാണം നടത്തും. വായ്പാ തിരിച്ചടവ് ഉറപ്പു നൽകുന്ന നിയമബദ്ധമായ വരുമാനസ്രോതസ് ഉണ്ടെങ്കില് കമ്പോള വായ്പ എടുത്ത് റോഡ് പുനരുദ്ധാരണം നടത്താന് പ്രാപ്തിയുളള സ്ഥാപനങ്ങളായി റോഡ് ഫണ്ട് ബോർഡും റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപറേഷനേയും മാറ്റും.

*86.* സംസ്ഥാന ഹൈവേകളും ജില്ലാ റോഡുകളും പുനരുദ്ധരിക്കും. ഇതോടൊപ്പം തീരദേശ ഹൈവേയും മലയോര ഹൈവേയും പൂർത്തിയാക്കും. എല്ലാ പ്രധാന പട്ടണങ്ങൾക്കും ബൈപാസും/റിംഗ് റോഡുകളും കേന്ദ്രസർക്കാര് അംഗീകരിച്ച റെയില് ഓവർബ്രിഡ്ജുകളും അഞ്ച് കോർപ്പറേഷനുകളിലെയും ഫ്ളൈഓവറുകളും ഏറ്റെടുക്കുന്നതാണ്. അഞ്ചുവർഷത്തിനുള്ളില് മുഴുവന് നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കും. പത്തുവർഷത്തിനുള്ളില് പൂർത്തീകരിക്കും. റോഡ് നവീകരണത്തിന്റെ ഭാഗമായി റോഡ് സുരക്ഷയ്ക്കു പ്രാധാന്യം നൽകും.

*87.* പൊതുമരാമത്ത് മേഖലയില് അഴിമതി വിമുക്തമാക്കുന്നതിന് ഇതിനകം നടപ്പിലാക്കിത്തുടങ്ങിയ ഇ-ടെൻഡറിംഗ്, ദീർഘകാല മെയിന്റനൻസ് കോൺട്രാക്ട് തുടങ്ങിയ പരിഷ്കാരങ്ങള് പൂർണ്ണതയിലെത്തിക്കും.

### *വൈദ്യുതി*

*88.* സാധ്യമായ ഇടങ്ങളില് ജലവൈദ്യുത പദ്ധതികള്തുടങ്ങുന്നതിനും പൂർത്തീകരിക്കുന്നതിനും ഊർജിത നടപടികള് സ്വീകരിക്കും. പാരിസ്ഥിതിക പ്രശ്നങ്ങള് കൂടി കണക്കിലെടുത്തുകൊണ്ടായിരിക്കും ഇവ ആരംഭിക്കുക. നിലവില് നിർമ്മാണത്തില് ഇരിക്കുന്ന *331* മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള *12* ഇടത്തരം ജലവൈദ്യുത പദ്ധതികള്പൂർത്തീകരിക്കും. ഇതിനുപുറമെ *158* മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള *17* പുതിയ ജലവൈദ്യുതപദ്ധതികള് ഉടന് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

*89.* ബൈതരണി കൽക്കരി പാടത്തുനിന്നും അനുവദിച്ചു കിട്ടിയ കൽക്കരി ഉപയോഗപ്പെടുത്തി *1000* മെഗാവാട്ട് വരുന്ന വൈദ്യുതി നിലയം സ്ഥാപിക്കാനുള്ള നടപടികള് ത്വരിതപ്പെടുത്തും. പ്രകൃതിവാതകം ലഭ്യമാകുന്നതോടെ കൊച്ചിയിലും ചീമേനിയിലും *1000* മെഗാവാട്ടിന്റെ താപനിലയങ്ങള് സ്ഥാപിക്കുന്നതാണ്. നിലവില് ഡീസല് ഉപയോഗിച്ച് പ്രവർത്തിക്കുന്ന താപനിലയങ്ങളെ പ്രകൃതിവാതകം ഉപയോഗിച്ച് പ്രവർത്തിക്കുന്നവയാക്കി മാറ്റും. മേൽപ്പറഞ്ഞ പദ്ധതികള് സമയബന്ധിതമായി പൂർത്തീകരിക്കുകയും കേന്ദ്ര പൂളിൽനിന്നും കേരളത്തിന് അർഹമായ വിഹിതം ഉറപ്പു വരുത്താനും കഴിഞ്ഞാല്വൈദ്യുതി പ്രതിസന്ധി ഒഴിവാക്കാനാവും പ്രസരണ നഷ്ടം കുറയ്ക്കാനുള്ള നടപടികള് ഇനിയും ഊർജ്ജിതപ്പെടുത്തും.

*90.* ഇന്ത്യയില് ഉൽപാദിപ്പിക്കുന്ന പ്രകൃതി വാതകം, നിലവില് എല്.എന്.ജി ടെർമിനലിനോ ടനുബന്ധമായി നിർമ്മിക്കുന്ന പൈപ്പ് ലൈന് ഉപയോഗിച്ച് കേരളത്തില് എത്തിക്കുന്നതിനുള്ള നടപടികള് സ്വീകരിക്കും. മെച്ചപ്പെട്ട പരിസ്ഥിതി സൗഹൃദ ഇന്ധനമെന്ന നിലയ്ക്ക് കാസർകോട്ടെ ചീമേനിയിലും എറണാകുളത്തെ ബ്രഹ്മപുരത്തും പ്രകൃതിവാതക പദ്ധതികള് ആരംഭിക്കുന്നതിന് ഇന്ത്യന് പ്രകൃതി വാതക ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കും പ്രധാന നഗരങ്ങളില് ഗാർഹിക-വ്യാവസായിക ആവശ്യങ്ങൾക്കും തീരദേശത്ത് മത്സ്യബന്ധന ബോട്ടുകൾക്കും കെ.എസ്.ആർ.ടി.സി ബസുകൾക്കും ലഭ്യമാക്കും.

*91.* സൗരോർജ്ജം, കാറ്റാടി, മിനി മൈക്രോ ഹൈഡല് എന്നിവയുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കും. ഇതിനനുസൃതമായി അനർട്ടിനെ പുനഃസംവിധാനം ചെയ്യും.

*92.* സ്ട്രീറ്റ് ലൈറ്റു കള്തുടങ്ങിയ പൊതു സംവിധാനങ്ങള് തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ കൂടി സജീവ സഹകരണത്തോടെ മെച്ചപ്പെടുത്തും. പൊതു വിളക്കുകളുടെ ഊർജ്ജ ക്ഷമത മെച്ചപ്പെടുത്തുന്നതിനും അവയുടെ പരിപാലനം കാര്യക്ഷമമാക്കുന്ന തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തും

*93.* ഒന്നരക്കോടി സി.എഫ്.എല് പരിപാടിയുടെ തുടർച്ചയായി ഇത്രതന്നെ ബൾബുകളും വിതരണം ചെയ്യാനുള്ള രണ്ടാം ഘട്ടം ആവിഷ്കരിക്കും. ഗാർഹിക വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് പ്രോത്സാഹനാർത്ഥംകുട്ടികൾക്ക് എനർജി ക്രെഡിറ്റ് കൂപ്പണ് നൽകുന്ന സ്കീം നടപ്പിലാക്കും. പൊതു കെട്ടിടങ്ങളിലെ ഊർജവ്യയം കുറയ്ക്കുന്നതിന് എസ്കോ മോഡല് കമ്പനി രൂപീകരിക്കും. വ്യവസായ സ്ഥാപനങ്ങളിലും സർക്കാര് സ്ഥാപനങ്ങളിലും വൈദ്യുതിയുടെ ഉപയോഗക്ഷമത ഉറപ്പു വരുത്തുന്നതിന് എനർജിഓഡിറ്റിംഗ് നിർബന്ധമാക്കും.

### *മറ്റു പശ്ചാത്തല സൗകര്യങ്ങള്*

94. വിഴിഞ്ഞം അന്തർദേശീയ കണ്ടയ്നർഷിപ്പിന്റെ നിർമ്മാണം ഒന്നാം ഘട്ടം നേരിട്ട് പൂർത്തീകരിക്കും. രണ്ടാം ഘട്ടം ഉചിതമായ അന്തർദേശീയ പങ്കാളിയെ കണ്ടെത്തും. അഴീക്കല്, ബേപ്പൂര്, തങ്കശ്ശേരി, പൊന്നാനി, ആലപ്പുഴ മറീന എന്നിവ സംയുക്ത സംരംഭമായി നടപ്പാക്കും.

95. കോഴിക്കോട്ട് എയർപോർട്ട് വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുത്ത് നൽകുന്ന പ്രക്രിയ യുദ്ധകാല അടിസ്ഥാനത്തില് പൂർത്തീകരിക്കും. രണ്ട് വർഷത്തിനുള്ളില് കണ്ണൂര് വിമാനത്താവളം യാഥാർത്ഥ്യമാകും. വയനാട്ടിലും ഇടുക്കി ജില്ലയില് പുറ്റടിയിലും ബേക്കലിലും എയര് സ്ട്രിപ്പുകള്സ്ഥാപിക്കും.

96. തെക്ക്-വടക്ക് അതിവേഗ റെയിൽവേ പാതയുള്ള വിശദമായ റിപ്പോർട്ട് പൂർത്തീകരിച്ച് സംയുക്ത സംരംഭമായി നടപ്പാക്കും. റെയിൽവേ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കും. കൊച്ചി മെട്രോയ്ക്ക് അനുവാദം ലഭിക്കും എന്ന ശുഭപ്രതീക്ഷയില് റോഡ് വീതികൂട്ടല്, ഓവർബ്രിഡ്ജ് നിർമ്മാണം തുടങ്ങിയ അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകും

97. വ്യവസായ പാർക്കുകൾക്ക് കൂടുതല് സ്ഥലം ഏറ്റെടുക്കും. ഇവിടങ്ങളിലേക്കുള്ള പശ്ചാത്തല സൗകര്യങ്ങള് യുദ്ധകാലാടിസ്ഥാനത്തില് ഉറപ്പു വരുത്തും കർശനമായ നിബന്ധനകളുടെ അടിസ്ഥാനത്തിലേ പ്രത്യേക സാമ്പത്തിക മേഖലകള് നടപ്പിലാക്കൂ.

98. കൊച്ചിയിലെ എല്.എന്.ജി ടെർമിനലും ബംഗളൂരു, മംഗലാപുരം, കായംകുളം എന്നിവിടങ്ങളിലേയ്ക്കുള്ള വാതകപൈപ്പു ലൈനുകളും സ്ഥാപിക്കപ്പെട്ടു കഴിഞ്ഞാല്കെ.എസ്.ഐ.ഡിസിയുടെയും ഗെയിലിന്റെയും ആഭിമുഖ്യത്തില് സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട നഗരങ്ങളിലേയ്ക്കും സപ്ലിമെന്ററി വാതകവിനിയമ ശൃംഖല സ്ഥാപിക്കും.

99. കൊച്ചി, കോയമ്പത്തൂര് ഇൻഡസ്ട്രിയല് കോറിഡോറിനുള്ള മാസ്റ്റര് പ്ലാന് നടപ്പിലാക്കും.

### *നഗര വികസനം*

100. കേരളത്തിന്റെ വിസ്തൃതിയുടെ ആറുശതമാനം വരുന്ന നഗരങ്ങളിലാണ് ജനസംഖ്യയുടെ 26 ശതമാനവും ഉൽപ്പാദനത്തിന്റെ 50 ശതമാനവും. ഈ അവസ്ഥ സൃഷ്ടിക്കുന്ന ചേരിവൽക്കരണം, മാലിന്യപ്രശ്നങ്ങള്, ഗതാഗതക്കുരുക്കുകള് തുടങ്ങി സവിശേഷ പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകും.

### *ജലസേചനവും ജലനയവും*

101. ദേശീയ ജലപാത വികസനത്തിനുണ്ടായിരിക്കുന്ന കാലതാമസം കൂടി കണക്കിലെടുത്ത് ഭാവിയിലെ നിർമ്മാണപ്രവർത്തനങ്ങള് കൂടുതല് ഊർജ്ജിതമാക്കും.

102. നിലവിലുള്ള വൻകിട-ഇടത്തരം ജലസേചനപദ്ധതികള് എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിനുള്ള നടപടി ഊർജ്ജിതപ്പെടുത്തുന്നതാണ്. അതിനുശേഷമേ പുതിയവ ഏറ്റെടുക്കുകയുള്ളൂ. ചെറുകിട ജലസേചന പദ്ധതികൾക്കാണ് ഊന്നല് നൽകുക. കോള് നിലങ്ങള്, കുട്ടനാടന് പാടശേഖരം എന്നിവിടങ്ങളിലെ പുറം ബണ്ട് നിർമ്മാണം അടക്കമുള്ള പദ്ധതികള് യുദ്ധകാലാടിസ്ഥാനത്തില് പൂർത്തീകരിക്കും.

103. നിലവിലുള്ള അന്തർസംസ്ഥാന നദീജല കരാറുകള് പരിശോധിച്ച് സംസ്ഥാനത്തിന്റെ താൽപര്യം ഫലപ്രദമായി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കും. മുല്ലപ്പെരിയാര് പ്രശ്നത്തില് പുതിയ ഡാം നിർമ്മിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകിക്കൊണ്ടുള്ള നിലപാട് തുടരും. ജലവിഭവങ്ങളുടെ വികേന്ദ്രീകൃത സ്വഭാവം കണക്കിലെടുത്തുകൊണ്ടുള്ള മാനേജ്മെന്റ് രീതികള് കൂടുതല് കാര്യക്ഷമമായും സുതാര്യമായും നടപ്പിലാക്കുന്ന രീതി വികസിപ്പിക്കും. ജലവിതരണത്തെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തെ എതിർക്കും.

104. മഴവെള്ളം സംഭരിക്കുന്നതിനുള്ള ക്രിയാത്മകമായ പദ്ധതികളാരംഭിക്കും. ചെറുകിട ജലവിതരണ സംവിധാനത്തിനായി കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികള് വഴി കുറഞ്ഞ ചെലവില് ജലം പരിശോധിക്കാനുള്ള സംവിധാനം വ്യാപകമായി പ്രചരിപ്പിക്കും. സി.ഡി.എസുകള് വഴി സമയബന്ധിതമായി ജലത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാനും ക്ലോറിന് തളിക്കല് ഉൾപ്പടെയുള്ള പരിപാടികള് നടപ്പിലാക്കുന്നതിനുമുള്ള പദ്ധതികള് ആരംഭിക്കും.

105. അഞ്ചുവർഷത്തിനുള്ളില് എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഏറ്റെടുത്തിട്ടുള്ള സ്കീമുകള് സമയബന്ധിതമായി പൂർത്തീകരിക്കുകയും കാലഹരണപ്പെട്ട സ്കീമുകള് നവീകരിക്കുകയും ചെയ്യും. ജലനിധിയുടെ രണ്ടാം ഘട്ടം അഞ്ചുവർഷത്തിനുള്ളില് പൂർത്തീകരിക്കും.

---

## വ്യവസായ മേഖലകള്

### *പൊതുമേഖല*

*106.* പൊതുമേഖലയിലെ ഉത്പാദനശേഷി അഞ്ചു വർഷം കൊണ്ട് ഇരട്ടിയാക്കും. ഇതിനായി നിലവിലുള്ള സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും പുതിയവ സ്ഥാപിക്കുന്നതിനുമായി ഒരു സമയബന്ധിത പരിപാടി ആറു മാസത്തിനകം പ്രഖ്യാപിക്കും. *2011-12*ലേയ്ക്കുള്ള പ്രവർത്തനങ്ങള് ബജറ്റില് പ്രഖ്യാപിച്ചിട്ടുണ്ട്

*107.* പൊതുമേഖലാ സ്ഥാപനങ്ങള് അനുബന്ധ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന സമീപനം കൈക്കൊള്ളും. ഉദാഹരണത്തിന് കേരള സോപ്സ് ആൻഡ് ഓയിൽസിന് സോപ്പു നിർമ്മാണവുമായി ബന്ധപ്പെട്ട് ഒട്ടനവധി ചെറിയ സംരംഭങ്ങളുടെ ഉപദേഷ്ടാവായും പ്രമോട്ടറായും പ്രവർത്തിക്കും. കുടുംബശ്രീയുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ ഇത്തരം ക്ലസ്റ്ററുകള് രൂപീകരിക്കുന്നത് ആ മേഖലകളുടെ സാമ്പത്തിക വികസനത്തെ സഹായിക്കും.

*108.* പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബാധകമായി ഒരു മാതൃകാ കമ്പനി ഭരണ ചാർട്ടര് വികസിപ്പിക്കും. ഡയറക്ടര് ബോർഡുകള് എങ്ങനെ തിരഞ്ഞെടുക്കണം. അവയുടെ ചുമതലകള് എന്തായിരിക്കണം, ബോർഡും മാനേജ്മെന്റും തമ്മിലുള്ള ബന്ധം തുടങ്ങിയവ ഈ മാതൃകാ ചാർട്ടറില് നിർവചിക്കും. നിശ്ചിത വാണിജ്യ മാനദണ്ഡങ്ങള് പരിപാലിക്കുന്ന കമ്പനികൾക്കു സ്വയംഭരണം അനുവദിക്കും. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെന്നപോലെ സംസ്ഥാനത്തും ഭരണവകുപ്പിനും പൊതുമേഖലാ സ്ഥാപനത്തിനുമിടയില് ധാരണാപത്രം നിർബന്ധമാക്കും. അതതു വർഷങ്ങളില് എന്തൊക്കെയാണ് നേടിയെടുക്കേണ്ടതെന്നും അതിനുവേണ്ടി ഈ സ്ഥാപനങ്ങൾക്ക് ഏതു വിധത്തിലുള്ള സ്വതന്ത്രഭരണാധികാരമാണ് നൽകേണ്ടതെന്നും ഈ ധാരണാപത്രത്തില് കൃത്യമായും ക്രോഡീകരിക്കും. സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങള് തമ്മില് ലയിപ്പിക്കും.

*109.* മാനേജ്മെന്റ് പൂർണമായി പ്രൊഫഷണലൈസ് ചെയ്യും. മാനേജ്മെന്റില് തൊഴിലാളി പ്രാതിനിധ്യം അനുവദിക്കും. ലാഭത്തില് നിശ്ചിതവിഹിതം നീക്കിവെച്ചു കൊണ്ടുള്ള പെൻഷന് പദ്ധതി പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ആവിഷ്കരിക്കും.

*110.* എഫ്എസിടി, എച്ച്എംടി, റിഫൈനറീസ്, ഷിപ്പ്യാർഡ്, ഹിന്ദുസ്ഥാന് ന്യൂസ് പ്രിന്റ് തുടങ്ങിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനും വിപുലീകരണത്തിനും ശക്തമായ സമ്മർദ്ദം ചെലുത്തും. കൊച്ചിയിലെ എൽഎൻജി ടെർമിനല് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് മുൻഗണന നൽകും. പ്രകൃതി വാതകത്തെ അടിസ്ഥാനമാക്കി എഫ്എസിടിയില് യൂറിയാ കോംപ്ലക്സ്, കാസർകോട്ടെ ടെക്നോ കെമിക്കല് കോംപ്ലക്സ്, അമ്പലമേട്ടില് ഗ്യാസ് ക്രാക്കര് കോംപ്ലക്സ്, തുടങ്ങിയ വ്യവസായങ്ങളും ചെറുകിട അനുബന്ധ വ്യവസായങ്ങളും ആരംഭിക്കുന്നതിന് ഒരു മാസ്റ്റര് പ്ലാന് തയ്യാറാക്കി നടപ്പിലാക്കും.

*111.* നമ്മുടെ കരിമണല് ഉപയോഗിച്ചുള്ള ടൈറ്റാനിയം സ്പോഞ്ചും ലോഹവുമടക്കം ടൈറ്റാനിയം വികസനത്തിന് ഒരു മാസ്റ്റര് പ്ലാന് തയ്യാറാക്കുന്നതാണ്. ചവറയിലെയും തിരുവനന്തപുരത്തെയും ടൈറ്റാനിയം ഫാക്ടറികള് വിപുലീകരിക്കുന്നതിനും ആധുനീകരിക്കുന്നതിനും നടപടിയെടുക്കും.

### *സ്വകാര്യ വ്യവസായമേഖല*

*112.* ഇന്ത്യയിലെ വൻകിട മൂലധന നിക്ഷേപത്തിന്റെ തുച്ഛമായ ഭാഗമേ കേരളത്തിലേക്ക് വരുന്നുള്ളൂ. ദീർഘനാളായുള്ള സ്ഥിതിയാണിത്. അഞ്ചുവർഷം കൊണ്ട് മൂലധന നിക്ഷേപം ജനസംഖ്യാനുപാതികമായെങ്കിലും കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് ലക്ഷ്യമിട്ടുള്ള പ്രവർത്തനം നടത്തും.

*113.* നമ്മുടെ സംസ്ഥാനത്ത് നിക്ഷേപകർക്ക് കൂടുതല് സൗകര്യം ഉറപ്പു വരുത്തുന്നതിനു വേണ്ടി ഏകജാലക സംവിധാനം ഫലപ്രദമായി നടപ്പിലാക്കും. അനായാസേന വ്യവസായം ആരംഭിക്കുന്നതിനും പ്രവർത്തനങ്ങള് ക്രമീകരിക്കുന്നതിനുമുള്ള സൗകര്യങ്ങള് ഒരുക്കും. ആരോഗ്യകരമായ തൊഴില് ബന്ധങ്ങള് ഉറപ്പു വരുത്തും ഗുണനിലവാരമുള്ള വൈദ്യുതി ഗതാഗത സൗകര്യങ്ങള്, സ്റ്റോറേജ് സൗകര്യങ്ങള്, പൊതുമലിനീകരണം കുറയ്ക്കുന്നതിനാവശ്യമായ പൊതുസംവിധാനങ്ങള് തുടങ്ങിയ പശ്ചാത്തല സംവിധാനങ്ങള് സർക്കാര് ഉറപ്പു വരുത്തും

*114.* നിർമ്മാണ മേഖലയിലെ അനാരോഗ്യകരമായ പ്രവണതകൾക്ക് കർശനമായി വിരാമമിടും.

### *ചെറുകിട വ്യവസായങ്ങള്*

*115.* വൻകിട മൂലധനത്തെ ആകർഷിക്കാന് ശ്രമിക്കുന്നതോടൊപ്പം തന്നെ ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു പ്രത്യേകം ശ്രദ്ധ നൽകണം. വൻകിട വ്യവസായങ്ങളുടെ അനുബന്ധമേഖലകളായിട്ടോ സ്വതന്ത്രമായ ക്ലസ്റ്ററുകയോ ഇവ വളർത്തിയെടുക്കാം. സൂക്ഷ്മ തൊഴിൽസംരംഭങ്ങളുടെ സാധ്യതകളും പ്രയോജനപ്പെടുത്തണം.

*116.* സൂക്ഷ്മ പൊതുസംരംഭകർക്ക് പൊതു സൗകര്യ കേന്ദ്രങ്ങളും അവയുടെ ഉൽപ്പന്നങ്ങള് ബ്രാന്റ് ചെയ്തു വിൽക്കുന്നതിന് പൊതുവിപണന സംവിധാനങ്ങളും ഉണ്ടാക്കുന്നതാണ്. സൂക്ഷ്മ തൊഴിൽസംരംഭങ്ങളുടെ ഉൽപ്പന്നങ്ങള് വിൽക്കുന്നതിന് വിപണന കേന്ദ്രങ്ങളുടെ ഒരു സംസ്ഥാനതല ശൃംഖലയ്ക്ക് രൂപം നൽകുന്നതാണ്.

*117.* ചെറുകിട വ്യവസായികൾക്കുള്ള ക്ഷേമപദ്ധതി ശക്തിപ്പെടുത്തി ആകർഷകമാക്കും.

## *വിവര -വിനിമയ സാങ്കേതികവിദ്യാ വ്യവസായങ്ങള്*

118. സോഫ്റ്റ്‌വെയര് പാര്‍ക്കുകളുടെ വിസ്തൃതി അടുത്ത അഞ്ചുവര്‍ഷം കൊണ്ട് ഇരട്ടിയാക്കും. കേരളത്തിലെ ഐ.ടി നയത്തിന്റെ ശ്രദ്ധേയ വശം വികേന്ദ്രീകൃതമായ ഐടി വ്യവസായ കേന്ദ്രങ്ങളാണ്. തിരുവനന്തപുരം, കൊച്ചി നഗരങ്ങളോടനുബന്ധിച്ച് വലിയ ഐ.ടി. പാര്‍ക്കുകള് വികസിപ്പിക്കുമ്പോള്‍ത്തന്നെ വിവിധ ജില്ലകളിലും പാര്‍ക്കുകള് യുദ്ധകാലാടിസ്ഥാനത്തില് പൂര്‍ത്തീകരിക്കും.

119. വ്യവസായ പാര്‍ക്കുകളിലെ ഡാറ്റാ എന്‍ട്രി, സോഫ്റ്റ്‌വെയര് നിര്‍മ്മാണ സബ് കോണ്‍ട്രാക്റ്റിലെ തൊഴില് സാധ്യതകള് പ്രയോജനപ്പെടുത്തുന്നതോടൊപ്പം നിലവിലുളള ഉല്‍പാദനമേഖലകളുടെ നവീകരണത്തിനും വൈവിദ്ധ്യവത്കരണ ത്തിനും വിവരവിനിമയ സാങ്കേതികവിദ്യ ഉപയോഗിക്കും. മാത്രമല്ല, കാര്‍ഷിക പരമ്പരാഗത വ്യവസായ മേഖലകളുടെ നവീകരണത്തിനും വൈവിദ്ധ്യവല്‍കരണത്തിനും ഈ സാങ്കേതിക വിദ്യയുടെ സാധ്യതകള് ആരായും.

120. കച്ചവട സേവന മേഖലകളില് മാത്രമല്ല, പൊതു'ഭരണത്തിന്റെ കാര്യക്ഷമതയും സുതാര്യതയും ഈ സാങ്കേതികവിദ്യയെ പ്രയോജനപ്പെടുത്തും. വൈദഗ്ധ്യപോഷണം നടത്താനും നടപടി സ്വീകരിക്കും.

121. ഉളളടക്കം ഇന്നു വിവരവിനിയമ വ്യവസായത്തിന്റെ ഒരു ഘടകമാണ്. എഴുത്ത്, ഫോട്ടോഗ്രാഫുകള്, സിനിമ, വീഡിയോ, സംഗീതം, റിങ് ടോണുകള് ഇവയെല്ലാം മള്‍ട്ടി മീഡിയയുടെ വിവിധ രൂപങ്ങളാണ്. ഇവയടങ്ങുന്ന സിഡികളും വെബ് പേജുകളും മറ്റു ം കൈകാര്യം ചെയ്യു ന്ന സംരംഭങ്ങളെ'പ്രത്യേകം പ്രോത്സാഹിപ്പിക്കും.

122. ഐടി വ്യവസായത്തിനു സോഫ്റ്റ്‌വെയര് മാത്രമല്ല, കമ്പ്യൂട്ടറുകള്‍ുടങ്ങിയ ഹാര്‍ഡ്‌വെയറുകളും പ്രധാനമാണ്. ഇവയുളള നിര്‍മ്മാണവ്യവസായങ്ങളും ആരംഭിക്കും.

123. കേരളത്തിന്റെ വിവര സേവനാവശ്യങ്ങള് മുന്‍നിര്‍ത്തി പ്രാദേശിക വ്യവസായങ്ങളെ (പൊതുമേഖലാ സ്ഥാപനങ്ങളേയും ചെറുകിട-ഇടത്തരം സ്വകാര്യ സ്ഥാപനങ്ങളെയും) പ്രോത്സാഹിപ്പിക്കും. കേരളത്തിന്റെ വിവര സേവനാവശ്യങ്ങള് നിറവേറ്റു ന്നതിലൂടെ നേടുന്ന പരിചയം ഈ വ്യവസായങ്ങളെ വിദേശ കമ്പോളം ലക്ഷ്യമിട്ട് പ്രവര്‍ത്തിക്കാനും കൂടുതല് ഉയര്‍ന്ന മൂല്യം സൃഷ്ടിക്കാനും കൂടുതല് കയറ്റു മതി വരുമാനം കൊണ്ടുവരാനും പ്രാപ്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

124. വിദ്യാഭ്യാസ സ്ഥാപനങ്ങളില് 100 ശതമാനം ഇന്റര്‍നെറ്റ് കണക്ടിവിറ്റി കൈവരിക്കും. എഡ്യൂസറ്റ് സൗകര്യം എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും ലഭ്യമാക്കും. ടെലി മെഡിസിന് ശൃംഖല ജില്ലാ ആശുപത്രി വരെ ദീര്‍ഘിപ്പിക്കും. ടെലി അഗ്രിക്കള്‍ച്ചര് ശൃംഖലയും വിപണന സൗകര്യവും പഞ്ചായത്തുതലം വരെ സ്ഥാപിക്കും.

125. ഐ.ടി വ്യവസായത്തിന്റെ വളര്‍ച്ചയ്ക്ക് ആവശ്യമായ എഞ്ചിനീയര്‍മാരുടെയും മാനേജര്‍മാരുടെയും മറ്റ് സാങ്കേതിക വിദഗ്ധന്മാരുടെയും ലഭ്യത വര്‍ദ്ധിപ്പിക്കുന്നതിന് സമയബന്ധിത പരിപാടി തയ്യാറാക്കുന്നതാണ്. ആവശ്യമായ സ്ഥലങ്ങളില് വ്യവസായ അടിസ്ഥാനത്തിലുള്ള സര്‍ട്ടിഫിക്കേഷന് രീതികള് ഏര്‍പ്പെടുത്തുന്നത് കൂടാതെ പരിശീലനകേന്ദ്രങ്ങള്‍ക്കും പരിശീലകര്‍ക്കും സര്‍ട്ടിഫിക്കേഷന് നല്‍കുന്നതിനുള്ള ഏര്‍പ്പാടുകള് ഉണ്ടാക്കും.

126. ഉല്‍പ്പാദന-സേവന മേഖലകളുമായി ബന്ധപ്പെടുത്തിക്കൊണ്ട് അക്ഷയക്ക് പുതുജീവന് പകരും. 2010-ഓടെ നൂറുശതമാനം വിവര സാങ്കേതികവിദ്യാ സാക്ഷരത കൈവരിക്കും. കേരളത്തെ പൂര്‍ണ്ണമായും മലയാളഭാഷയില് പ്രവര്‍ത്തിക്കുന്ന, ഇലക്ട്രോണിക ഭരണ നിര്‍വ്വഹണക്ഷമത കൈവരിക്കുന്ന, രാജ്യത്തെ ആദ്യത്തെ സംസ്ഥാനമായിത്തീര്‍ക്കും.

127. മലയാള ഭാഷയിലുള്ള കംപ്യൂട്ടിംഗ് സൗകര്യങ്ങളും മള്‍ട്ടിമീഡിയ ഉള്ളടക്കവും വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങള്‍ക്ക് പ്രോല്‍സാഹനവും ധനസഹായവും നല്‍കും.

128. സ്വതന്ത്ര സോഫ്റ്റ്‌വെയറിനെ പ്രോത്സാഹിപ്പിക്കും. ഇതിനായുള്ള പഠനകേന്ദ്രത്തെ അന്തര്‍ദേശീയ നിലവാരത്തിലെത്തിക്കും.

## *ജൈവ സാങ്കേതിക വ്യവസായം*

129. കേരളാ ബയോടെക്നോളജി കമ്മീഷന് പുറത്തിക്കിയ സംസ്ഥാന ബയോടെക്നോളജി നയം ലക്ഷ്യമിടുന്നത് സംസ്ഥാനത്ത് ലഭ്യമായ ജൈവവിഭവങ്ങളും ഉയര്‍ന്ന മാനവശേഷിയും ഉപയോഗപ്പെടുത്തി ആഗോളതലത്തിലുള്ള ബയോടെക്നോളജി ഉല്‍പന്നങ്ങളുടെ ആവശ്യം നിറവേറ്റു ന്നതോടൊപ്പം കേരളത്തെ വികസനത്തിന്റെ പാതയിലെത്തിക്കുന്നതിന് ബയോടെക്നോളജി ഉപയോഗപ്പെടുത്തുക എന്നുള്ളതാണ്. ഇതിന്റെയൊപ്പം തന്നെ സംസ്ഥാനത്തിന്റെ ബയോടെക്നയം ലോകോത്തര ബയോടെക്നോളജി ഗവേഷണ വികസനസ്ഥാപനങ്ങള് തുടങ്ങുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും സ്വകാര്യ പങ്കാളിത്തത്തോടെയുള്ള അടിസ്ഥാന സൗകര്യവികസനത്തിനുമൊക്കെ ലക്ഷ്യമിടുന്നുണ്ട്. ബയോടെക്നോളജി പാര്‍ക്കുകള് രൂപീകരിക്കും.

130. പതിറ്റാണ്ടുകളായി കേരളത്തില് നിന്നും കയറും, കശുവണ്ടിയും, സുഗന്ധവ്യഞ്ജനങ്ങളും, മത്സ്യഉല്‍പന്നങ്ങളും, പഴം, പച്ചക്കറി ഉല്‍പന്നങ്ങളും കയറ്റി അയയ്ക്കുന്നുണ്ട്. എന്നാല് ഈ രംഗത്ത് ആഗോളതലത്തിലുള്ള മത്സരം നേരിടുന്നതിന് നാം നമ്മുടെ ഉല്‍പന്നങ്ങളുടെ ഗുണമേന്മ ബയോടെക്നോളജി ഉള്‍പ്പെടെയുള്ള നൂതനസാങ്കേതികവിദ്യകളുപയോഗിച്ച് വര്‍ധിപ്പിക്കേണ്ടതുണ്ട്.

131. കേരളത്തില് നിന്നിറങ്ങുന്ന ആയുര്‍വേദ ഔഷധങ്ങള്‍ക്ക് അന്തര്‍ദ്ദേശീയ കമ്പോളത്തിലേയ്ക്കു കടക്കാന് കഴിയുന്നില്ല. ഇതിന് പ്രധാന കാരണം ആയുര്‍വേദ ഔഷധക്കൂട്ടു കളുടെ ഗുണനിലവാരത്തെയും ഉള്ളടക്കത്തെയും സംബന്ധിച്ച് വിദേശരാജ്യങ്ങള്‍ക്കുള്ള സംശയങ്ങളാണ്. നിയന്ത്രിത ഫെര്‍മെന്റേഷനും മറ്റ് സങ്കേതങ്ങളും ഉപയോഗപ്പെടുത്തി ഈ രംഗത്ത് ഗുണനിലവാരമുറപ്പ് വരുത്താന്

കഴിയും. ഉൽപന്നങ്ങളെ ശാസ്ത്രീയമായി അപഗ്രഥിച്ച് സജീവമൂലകങ്ങളെ തിരിച്ചറിഞ്ഞ് ഉള്ളടക്കം നിർവചിക്കുന്നതോടെ ആയുർവേദ ഔഷധങ്ങൾക്ക് അന്തർദേശീയ വിപണി നേടാനാകും.

132. ടിഷ്യൂകൾച്ചർ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഗുണമേന്മയുള്ള ഔഷധസസ്യങ്ങളുടെ കൃത്രിമപ്രജനനം സാധ്യമാക്കിക്കൊണ്ട് ഈ രംഗത്ത് വ്യവസായ വികസനത്തിനും ഒപ്പം തന്നെ ജൈവവൈവിധ്യ സംരക്ഷണത്തിനുമുള്ള സാധ്യത തെളിയിക്കാനാകും. അലങ്കാരസസ്യങ്ങളും, നാണ്യവിളകളുമൊക്കെത്തന്നെ ഇത്തരത്തില് പ്രജനനം നടത്താമെന്നുള്ളത് കേരളത്തിലെ കർഷകർക്ക് കുറഞ്ഞ നിരക്കില് ഗുണമേന്മയുള്ള തൈകള് ലഭ്യമാക്കുന്നതിന് സഹായിക്കും.

133. ജീനോമിക്സ്/പ്രോട്ടിയോമിക്സ് സാങ്കേതികവിദ്യകളിലൂടെ രോഗങ്ങളെ തടയുന്നതിനോ മുൻകൂട്ടി കണ്ടെത്തുന്നതിനോ ഉള്ള ഉൽപന്നങ്ങള് വികസിപ്പിക്കാന് കഴിയും. കേരളത്തിലെ ബയോടെക്നോളജി അധിഷ്ഠിത ഔഷധനിർമാണരംഗത്ത് ഇത്തരം സംരംഭങ്ങൾക്കുള്ള ഉയർന്ന സാധ്യതകളെ പ്രയോജനപ്പെടുത്തും.

134. ഐ.ടിയും ബയോടെക്നോളജിയും കൈകോർത്ത് മുന്നേറുന്ന പുത്തന് സാങ്കേതികവിദ്യയാണ് ബയോഇൻഫർമാറ്റിക്സ്. ഈ രംഗത്ത് ഗവേഷണ സ്ഥാപനങ്ങളും മറ്റു ം ആരംഭിച്ച് പുറംജോലി കരാര്‍ഉൾപ്പെടെ കേരളത്തിന് ലഭിക്കാവുന്ന അവസരങ്ങള് അനവധിയാണ്. അവ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികള് സ്വീകരിക്കും.

*നാനോ സാങ്കേതിക വിദ്യ*

135. ചില സർവകലാശാലകളില് നാനോ സാങ്കേതികവിദ്യക്ക് പ്രത്യേക വകുപ്പു കളും ഇന്റർയൂണിവേഴ്സിറ്റി സെന്ററുകളും സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയിട്ടു ണ്ട് വ്യവസായം ഉൾപ്പെടെ വിവിധ മേഖലകളില് നാനോ സാങ്കേതികവിദ്യയുപയോഗിച്ച് നവീകരണത്തിനും വിപുലനത്തിനുമുള്ള സാധ്യതകള് ഒട്ടേറെയുണ്ട്. അവയെ പ്രയോജനപ്പെടുത്തുന്നതാണ്. അതിനായി തൊഴിലധിഷ്ഠിത നാനോ സാങ്കേതികവിദ്യാ കോഴ്സുകള് ആവശ്യാനുസരണം വർദ്ധിപ്പിക്കുകയും ചെയ്യു ം.

*ടൂറിസം*

136. ഏറ്റവും വേഗതയില് വളരുന്ന പുതിയ വ്യവസായ മേഖലയാണ് ടൂറിസം. ടൂറിസത്തിന്റെ സാധ്യതകള് പരമാവധി പ്രയോജനപ്പെടുത്തുന്നതിനും അതിന്റെ ദൂഷ്യഫലങ്ങള് പരമാവധി കുറയ്ക്കുന്നതിനും വേണ്ടിയാണ് എൽഡിഎഫ് സർക്കാര് ഉത്തരവാദിത്ത ടൂറിസം നയം രൂപീകരിച്ചത്. ഇത് ഫലപ്രദമായി നടപ്പാക്കുക എന്നതായിരിക്കും അടുത്ത അഞ്ചുവർഷത്തെ ലക്ഷ്യം.

137. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലെ പശ്ചാത്തല സൗകര്യങ്ങള് വിപുലീകരിക്കുകയും അവയുടെ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം കൂടുതല് ഫലപ്രദമാക്കുകയും ചെയ്യു ം. പ്രാദേശിക ഭരണകൂടങ്ങളുടെ പങ്കാളിത്തം ടൂറിസം വികസനത്തില് ഉറപ്പു വരുത്തും ഏതൊരു ജൈവ മേഖലയ്ക്കും താങ്ങാവുന്ന ഭാരത്തിന് പരിധിയുണ്ട്. ഇതു സംബന്ധിച്ച പഠനം നടത്തുകയും ആ പരിധി ലംഘിക്കാതെ ടൂറിസം പ്രവർത്തനങ്ങളെ ക്രമീകരിക്കുകയും ചെയ്യു ം.

138. ആരോഗ്യ ടൂറിസം, ഫാം ടൂറിസം, ഇക്കോ ടൂറിസം, അഡ്വഞ്ചര് ടൂറിസം തുടങ്ങിയ ടൂറിസത്തിന്റെ വൈവിദ്ധ്യമാർന്ന സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിന് നടപടികള് സ്വീകരിക്കും. കേരളത്തിന്റെ തനതു ജൈവസമ്പത്തുകളായ കാലാവസ്ഥ, കായലുകള്, ബീച്ചു കള് വന്യമൃഗ സങ്കേതങ്ങള്, ആയുർവ്വേദം ഇവയെ ഉപയോഗിച്ച് ടൂറിസം പദ്ധതികള് മുന്നോട്ടു കൊണ്ടുപോകാനുള്ള പരിപാടികള് ആവിഷ്കരിക്കും. എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഗുണമേന്മയും സൗകര്യങ്ങളും ഉറപ്പു വരുത്തുന്നതിന് ആവശ്യമായനടപടികള് സ്വീകരിക്കും.

139. മുസിരിസ്, തലശേരി, ആലപ്പു ഴ തിരുവനന്തപുരം, വയനാട് പൈതൃക സംരക്ഷണ സർക്യൂട്ടു കള് പൂർത്തീകരിക്കും. യുനെസ്കോയുടെ സഹായത്തോടെ സ്പൈസസ് റൂട്ട് എന്ന പൈതൃക അന്തർദ്ദേശീയ സർക്യൂട്ട് യാഥാർത്ഥ്യമാക്കും. മുപ്പതിൽപ്പരം രാജ്യങ്ങള് പങ്കാളികളായിട്ടു ള്ള ഈ ബൃഹദ് സംരംഭം കേരളത്തിലെ ടൂറിസത്തിന്റെ മുഖച്ഛായ മാറ്റു ം

140. ആയുർവേദ ചികിത്സയും സാംസ്കാരിക കലാരൂപങ്ങളും ടൂറിസത്തിന്റെ അതിരുകവിഞ്ഞ വാണിജ്യവൽകരണം മൂലം അധഃപതിക്കാതിരിക്കാന് കർശനമായ മാനദണ്ഡങ്ങള് ആവിഷ്കരിക്കും. ടൂറിസത്തിന്റെ സാംസ്കാരിക പ്രത്യാഘാതങ്ങൾക്കെതിരെ ജനങ്ങളെ ബോധവത്കരിക്കുകയും ചെയ്യു ം.

141. ടൂറിസത്തിന്റെ സാമ്പത്തിക നേട്ടം പ്രാദേശിക സമ്പദ്ഘടനയ്ക്കു കൂടി സഹായകരമാവും എന്നുറപ്പു വരുത്തേണ്ടതുണ്ട് ചെറുകിട സംരംഭങ്ങൾക്കു പരമാവധി സാധ്യതകള് തുറക്കുന്നതാണ്.

142. ടൂറിസ്റ്റ് ഡസ്റ്റിനേഷന് എന്ന നിലയില് കേരളത്തിന്റെ പ്രശസ്തി കൂടുതല് വളർത്തുന്നതിന് ശക്തമായ പ്രചാരണം വിദേശരാജ്യങ്ങളിലടക്കം തുടർന്നും നടത്തും. കേരള ട്രാവല് മാർട്ടിന് കൂടുതല് ധനസഹായം അനുവദിക്കും.

143. ടൂറിസം മേഖലയുടെ മേലുള്ള നികുതിഭാരം കുറയ്ക്കും.

---

## സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങള്

### *ആരോഗ്യം*

*144.* വൃദ്ധജനങ്ങളുടെ പ്രത്യേകമായ മാനസിക ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് പഠനവും ഇടപെടലും നടത്തും. ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനും ത്രിതല സംവിധാനത്തിലെ താഴെത്തട്ട് മുതല് ലഭ്യമായ സാധ്യത ഉപയോഗപ്പെടുത്തും. സാന്ത്വന ചികിത്സാപദ്ധതിയുമായി ബന്ധപ്പെടുത്തി 'വയോമിത്രം' പരിപാടി നടപ്പിലാക്കും.

*145.* ആശുപത്രികളുടെ സൗകര്യങ്ങള് വിപുലപ്പെടുത്തും. സ്റ്റാഫ് പാറ്റേണ് പരിഷ്കരിച്ച് ആവശ്യമായ ഡോക്ടർമാരെയും നേഴ്സുമാരെയും പാരാമെഡിക്കല് സ്റ്റാഫിനെയും നിയമിക്കും.

*146.* സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഡോക്ടർമാർക്കും ഇതര ജീവനക്കാർക്കും തുടർപരിശീലനം നൽകും. മെഡിക്കല് കോളേജുകളിലെ ഡോക്ടർമാരുടെ സ്വകാര്യ ചികിത്സാനിരോധനം വിജിലൻസ് സംവിധാനം ഏർപ്പെടുത്തി ഫലപ്രദമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും.

*147.* സാർവ്വത്രികവും സൗജന്യവുമായ ആരോഗ്യസേവനം ദരിദ്ര ജനവിഭാഗങ്ങൾക്ക് സാമ്പ്രദായികമായിത്തന്നെ എല്ലാ കാലത്തും ഉറപ്പ് വരുത്തും. മറ്റ് രാജ്യങ്ങളിലെ ഇൻഷുറൻസ് സംവിധാനത്തിലുണ്ടായ പാളിച്ചകള് പഠിച്ച് ഇൻഷുറൻസ് സംവിധാനം ശക്തിപ്പെടുത്തും. *108* ആംബുലൻസ് സമ്പ്രദായം സാർവ്വത്രികമാക്കും.

*148.* സാങ്കേതിക വിദ്യയുടെ വികാസത്തിനനുസരിച്ച് സേവനരീതികളും അതിനാവശ്യമായ പുതിയ ഉപകരണങ്ങളും വികസിപ്പിക്കപ്പെടുന്നുണ്ട്. എന്നാല് ഇത്തരം ഉപകരണങ്ങള് ഉപയോഗിക്കുന്നതിന് ആവശ്യമായ പാരമെഡിക്കല് പ്രവർത്തകരുടെ അഭാവം നേരിടുന്നു. ആവശ്യം അനുസരിച്ച് പുതിയ കോഴ്സുകള് ഈ മേഖലയില് ഉണ്ടാകേണ്ടിയിരിക്കുന്നു. കൂടാതെ സ്വകാര്യ മേഖലയില് ജോലി ചെയ്യുന്ന പാരാമെഡിക്കല് പ്രവർത്തകരുടെ യോഗ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

*149.* ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് മെഡിക്കല്കോളേജുകളിലെ ഫാർമസി ഡിപ്പാർട്ട്മെന്റുകള് വികസിപ്പിച്ച് ഇതിനുള്ള സംവിധാനം ഏർപ്പെടുത്തും. ജില്ലാതലത്തില് ഹൈടെക് ഡ്രഗ് വെയർഹൗസുകള് ആരംഭിക്കുന്നതാണ്.

*150.* സ്റ്റേറ്റ് ഡിസീസ് സർവയിലൻസ് സെല്ലിന്റെ പ്രവർത്തനം കൂടുതല് വിപുലപ്പെടുത്തും.

*151.* ആയുർവ്വേദ-ഹോമിയോ മേഖലകളില് വലിയ തോതിലുള്ള അടിസ്ഥാന സൗകര്യം ഉണ്ടായിട്ടുണ്ട് ഈ വളർച്ച നിലനിർത്തും. ജീവതശൈലീ രോഗങ്ങള് നിയന്ത്രിക്കുന്നതിനുള്ള സ്പെഷ്യാലിറ്റി ക്ലിനിക്കുകള് ആരംഭിക്കും. മെഡിക്കല് ഇൻഷ്വറൻസില് ആയുർവ്വേദ-ഹോമിയോ വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്താന് നടപടി സ്വീകരിക്കും. ആയുർവ്വേദ ഔഷധമേഖലയില് ഗവേഷണപ്രവർത്തനം പ്രോത്സാഹിപ്പിക്കും. മരുന്നുകളുടെ സ്റ്റാൻഡേർഡൈസേഷന്, വാലിഡേഷന് എന്നിവ ഉറപ്പു വരുത്തും

### *വിദ്യാഭ്യാസം*

*152.* കേരളത്തിലെ മുഴുവന് പ്രീസ്കൂള് പ്രായക്കാരെയും ഉൾക്കൊള്ളാന് പറ്റുന്നവിധത്തില് സാർവ്വത്രികവും ശാസ്ത്രീയവുമായ പ്രീസ്കൂള് വിദ്യാഭ്യാസം നടപ്പിലാക്കും. നിലവിലുള്ള അംഗൻവാടികളുടെയും ലോവര് പ്രൈമറി സ്കൂളുകളുടെയും ഭൗതിക സൗകര്യങ്ങള് കൂടി പ്രയോജനപ്പെടുത്തിക്കൊണ്ടായിരിക്കും ഇത് നടപ്പിലാക്കുക.

*153.* പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും. ഇതിനായി ജനപ്രതിനിധികളും അധ്യാപകരും രക്ഷിതാക്കളും വിദ്യാഭ്യാസ തൽപ്പരരും ചേർന്നുള്ള കൂട്ടായ്മ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സംഘടിപ്പിക്കും. പഠനത്തില് പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ സഹായിക്കാന് മുതിർന്നവരുടെയും യുവജനസംഘടനകളുടെയും ഗ്രന്ഥശാലകളുടെയും സഹായം ഉപയോഗപ്പെടുത്തും.

*154.* വിദ്യാഭ്യാസ അവകാശ നിയമം കേരളീയ പശ്ചാത്തലം കൂടി കണക്കിലെടുത്തുകൊണ്ട് നടപ്പിലാക്കുന്ന രീതിയായിരിക്കും അവലംബിക്കുക.

*155.* കലാ-കായിക അംശങ്ങളെ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഉൾച്ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

*156.* കുട്ടികള് അനുഭവിക്കുന്ന ശാരീരികവും മാനസികവുമായ പ്രശ്നങ്ങള് കൈകാര്യം ചെയ്ത് അവർക്ക് ആത്മവിശ്വാസത്തോടെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള ശേഷി സ്കൂള് ഘട്ടത്തില് തന്നെ ആർജ്ജിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

*157.* മാതൃഭാഷാ പഠനം നിർബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകും അതോടൊപ്പംതന്നെ ബന്ധഭാഷ എന്ന നിലയില് ഇംഗ്ലീഷ് വിനിമയശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും കുട്ടികൾക്ക് താൽപ്പര്യമുള്ള മറ്റ് ഭാഷകള് പഠിക്കാനുള്ള സൗകര്യവും ഉണ്ടാക്കും.

*158.* എല്ലാ തലങ്ങളിലും കൂടുതല് വിദ്യാഭ്യാസ അവസരങ്ങള് സൃഷ്ടിക്കുന്നതിന് സർക്കാര് യത്നിക്കും. അതിന് പരിമിതികള് ഉള്ളതുകൊണ്ട് സാമൂഹ്യ നിയന്ത്രണങ്ങൾക്കു വിധേയമായി സ്വാശ്രയ സ്ഥാപനങ്ങള് അനുവദിക്കും. സഹകരണ മേഖലയ്ക്കും സർക്കാര് നിയന്ത്രിത മേഖലയ്ക്കും ഈ മേഖലയില് പ്രാമുഖ്യം നൽകും. ഗുണമേന്മ, സാമൂഹ്യനീതി എന്നിവ ഈ സ്ഥാപനങ്ങളില് ഉറപ്പു വരുത്താന്സർക്കാര് സദാ ജാഗരൂകമായിരിക്കും.

*159.* ഇന്ത്യക്കകത്തും പുറത്തുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ക്രിയാത്മകമായ അക്കാദമിക സഹകരണത്തിനുള്ള അവസരങ്ങള് വര്ദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. അദ്ധ്യാപക പരിശീലനത്തിനും തുടര്പഠനത്തിനും ആവശ്യമായ സ്ഥിരം സംവിധാനങ്ങള് ഏര്പ്പെടുത്തും. ആധുനിക ആശയവിനിമയ സങ്കേതങ്ങള് പൂര്ണ്ണമായും ഉപയോഗപ്പെടുത്തികൊണ്ട് ഓപ്പണ് സര്വകലാശാല സ്ഥാപിക്കും.

*160.* അധികാര വികേന്ദ്രീകരണവും അക്കാദമിക മികവും സ്വ.യംഭരണവും സാമൂഹ്യ ഉത്തരവാദിത്തവും ജനാധിപത്യ പ്രാതിനിധ്യവും ഉറപ്പാക്കുംവിധവും അക്കാദമിക ആവശ്യങ്ങള് അനായാസേന നിറവേറ്റുന്നതിനു സഹായകമായ രീതിയിലും സര്വകലാശാലകളുടെയും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നിയമവ്യവസ്ഥകളും ഭരണനിര്വഹണവും പരിഷ്കരിക്കും.

*161.* വിദ്യാര്ത്ഥി പ്രവേശനം, ഫീസ്പിരിവ് എന്നിവയ്ക്ക് സര്വകലാശാലതലത്തില് ഏക ജാലക സംവിധാനം ഏര്പ്പെടുത്തും.

*162.* സ്വാശ്രയ സ്ഥാപനങ്ങളില് ഉള്പ്പടെ വിദ്യാര്ത്ഥികളുടേയും അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും ജനാധിപത്യ അവകാശങ്ങളും സംഘടനാസ്വാതന്ത്ര്യവും പരിരക്ഷിക്കുന്നതിനുവേണ്ട നിയമ - ഭരണ നടപടികള് കൈക്കൊള്ളും.

*163.* ശാരീരികമായി പ്രയാസം അനുഭവിക്കുന്ന വിദ്യാര്ത്ഥികള്ക്കുവേണ്ടി പ്രത്യേക അടിസ്ഥാന സൗകര്യങ്ങളും പഠനപ്രവര്ത്തനങ്ങളും എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉറപ്പാക്കും.

### *ഐ.ടി.ഐകള്*

*164.* കൂടുതല് ഐ.ടി.ഐകള് സ്ഥാപിക്കും. നിലവിലുള്ള ട്രേഡുകളുടെ കരിക്കുലവും പരിശീലന മുറകളും പരിശീലന സൗകര്യങ്ങളും കാലോചിതമായി പരിഷ്കരിക്കും. വ്യവസായ സ്ഥാപനങ്ങളും പരിശീലന സ്ഥാപനങ്ങളുമായുള്ള ബന്ധവും വിവരവിനിമയവും സഹകരണവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികള് സ്വീകരിക്കും.

### *ശാസ്ത്ര-സാങ്കേതിക ഗവേഷണം*

*165.* പല കാലങ്ങളിലായി ആരംഭിച്ചതും പ്രശസ്തിയാര്ജ്ജിച്ചതുമായ പല ശാസ്ത്ര-സാങ്കേതിക ഗവേഷണ സ്ഥാപനങ്ങള് കേരളത്തിലുണ്ട്. അവയുടെ പ്രവര്ത്തനം വിലയിരുത്തി അവയെ മെച്ചപ്പെടുത്താന് നടപടിയെടുക്കും. പല പുതിയ വിജ്ഞാനമേഖലകളിലും ഇത്തരം സ്ഥാപനങ്ങള് ആവശ്യമായി വന്നിട്ടുണ്ട് അവയും സര്വ്വകലാശാലകളുമായുള്ള ബന്ധം മെച്ചപ്പെടുത്തും. അവയ്ക്ക് കൂടുതല് സ്വയംഭരണം നല്കുന്നതിനും സമൂഹത്തിന് കൂടുതല് പ്രയോജനം അവയിലൂടെ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്താനും ഉതകുന്നവിധം ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗണ്സിലിന്റെ പ്രവര്ത്തനം പുനരാവിഷ്കരിക്കുന്നതാണ്.

### *വന സംരക്ഷണം*

*166.* വനസംരക്ഷണത്തിന് കൂടുതല് ഫോറസ്റ്റ് സ്റ്റേഷനുകളും ജീവനക്കാരെയും അനുവദിക്കും.

*167. 1977* ജനുവരി *1*-നു മുമ്പ് വനഭൂമിയില് കൃഷിയാരംഭിച്ചവര്ക്ക് പൂര്ണ്ണ സംരക്ഷണം നല്കുകയും പട്ടയം അനുവദിക്കുകയും ചെയ്യും. എന്നാല് പുതിയ വനം കയ്യേറ്റത്തെ കര്ശനമായി നേരിടും. കള്ളപ്പട്ടയങ്ങള് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് പ്രത്യേക ടീമിനെ നിയോഗിക്കുന്നതാണ്. ഇ.എഫ്.എല് പ്രശ്നം സമയബന്ധിതമായി പരിഹരിക്കും.

### *സംസ്കാരം*

*168.* ലൈബ്രറി കൗണ്സിലിന് നിയമമനുസരിച്ച് ലഭിക്കേണ്ട നികുതിവിഹിതം ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തും ഗ്രന്ഥശാലാസംഘങ്ങള്ക്കുള്ള ഗ്രാന്റില് വര്ദ്ധന വരുത്തും. ഗ്രാമീണ ലൈബ്രറികളില് ഇന്റര്നെറ്റ് അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളും നിലവാരമുള്ള പുസ്തക ശേഖരവും ഉറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കും ലൈബ്രേറിയന്മാരുടെ അലവന്സ് വര്ദ്ധിപ്പിക്കും.

*169.* നാടിന്റെ സാംസ്കാരിക കേന്ദ്രങ്ങളായി ഗ്രന്ഥശാലകളെ വളര്ത്തി എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന, വിജ്ഞാന വ്യാപനത്തിന്റെ മുഖ്യ കണ്ണിയായി ഗ്രന്ഥശാലകളെ മാറ്റിയെടുക്കും.

*170.* അക്കാദമികള്ക്കുള്ള ധനസഹായം ഗണ്യമായി വര്ദ്ധിപ്പിക്കും. അന്തര്ദേശീയ നിലവാരത്തിലുള്ള ഫിലിം, നാടക, സംഗീത, നൃത്ത, ചിത്രകല ഉത്സവങ്ങള്ക്ക് ധനസഹായം ഉറപ്പു വരുത്തും വായനശാലകള്ക്കെന്നപോലെതന്നെ ആര്ട്സ് ക്ലബ്ബുകള്ക്കും ധനസഹായം ഉറപ്പു വരുത്തും ഇവ കൂടാതെ നിരവധി സാംസ്കാരിക സ്ഥാപനങ്ങള് സംസ്ഥാനത്തുണ്ട്. അവയ്ക്ക് ആവശ്യമായ ധനസഹായം ലഭ്യമാക്കും. ഗോത്ര കലകളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കും.

*171.* മലയാളം മിഷന് ശക്തിപ്പെടുത്തും. മലയാള ഭാഷാ പഠനത്തിനും ഗവേഷണത്തിനും സര്വ്വകലാശാലകള്ക്കും ഇന്സ്റ്റിറ്റ്യൂട്ടുകള്ക്കും വിവിധ ഏജന്സികള്ക്കും പ്രത്യേക ധനസഹായം ഉറപ്പു വരുത്തും

*172.* പ്രാദേശിക ടെലിവിഷന് ചാനലുകളെ പ്രോത്സാഹിപ്പിക്കും. പ്രാദേശിക പത്രപ്രവര്ത്തകര്ക്കും ചാനല് പ്രവര്ത്തകര്ക്കും ക്ഷേമനിധി ഏര്പ്പെടുത്തും.

### *സ്പോർട്സ്*

173. എല്ലാ ജില്ലകളിലും കായിക പരിശീലനത്തിന് മികച്ച സൗകര്യമുണ്ടാക്കും. മിടുമിടുക്കരായ കായിക പ്രതിഭകളെ പരിശീലിപ്പിക്കുന്നതിന് ഒരു സെന്റർ ഓഫ് എക്സലൻസ് ഉണ്ടാക്കും. ലോകോത്തര നിലവാരത്തിലുള്ള എല്ലാ ഭൗതിക സൗകര്യങ്ങളും ഇവിടെ ഉറപ്പു വരുത്തും

174. സംസ്ഥാനത്തിനകത്തും പുറത്തും നടക്കുന്ന മത്സരങ്ങളില് വിജയിക്കുന്നവർക്കായി പ്രോത്സാഹക കായിക പരിശീലന ക്യാമ്പുകള് സംഘടിപ്പിക്കും.

175. കേരളത്തിലെ കായിക വിദ്യാഭ്യാസ കോഴ്സുകൾക്ക് ഒരു ഏകീകൃത സ്വഭാവം രൂപപ്പെടുത്തുന്നതിനുള്ള നടപടികള് സ്വീകരിക്കും.

176. കായികതാരങ്ങളെ സഹായിക്കുന്നതിനായി സംസ്ഥാനാടിസ്ഥാനത്തില് ഒരു സ്പോൺസറിംഗ് സെല് ആരംഭിക്കും.

177. സ്പോർട്സില് നിശ്ചിത നിലവാരം പുലർത്തുന്ന സ്കൂളുകൾക്ക് പ്രത്യേക ധനസഹായം നൽകും. സ്കൂള് കായികരംഗത്തുള്ള കുരുന്ന് പ്രതിഭകളെ ചെറിയ പ്രായത്തിൽത്തന്നെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംവിധാനങ്ങള് ശക്തിപ്പെടുത്തും.

---

## ഭരണപരിഷ്കാരം

### *സഹകരണം*

178. സ്വന്തം ഫണ്ടില് അധികരിച്ച് സഞ്ചിത നഷ്ടമുള്ള സംസ്ഥാന സഹകരണ ബാങ്കില് സംസ്ഥാന സർക്കാരിന്റെ ഓഹരി മൂലധനപങ്കാളിത്തം വർദ്ധിപ്പിക്കും. അപ്പെക്സ് സംഘങ്ങൾക്കു നൽകിയിട്ടുള്ളതും നിഷ്ക്രിയ വായ്പ ആയി തീർന്നതുമായ വായ്പകള് സ്റ്റാൻഡേർഡ് വായ്പകളാക്കുകയും ചെയ്യും.

179. ജീവനക്ഷമമല്ലാത്ത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി കർമ്മ പദ്ധതി തയ്യാറാക്കുകയും ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കുകയും ചെയ്യും. ലിക്വിഡേഷനിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന അർബന് സഹകരണ ബാങ്കുകൾക്ക് ഓഹരി മൂലധനം നൽകി സഹായിക്കും.

180. എല്ലാ പഞ്ചായത്തുകളിലും സഹകരണ വിപണന കേന്ദ്രങ്ങളും നീതി മെഡിക്കല് സ്റ്റോറുകളും തുടങ്ങും.

181. സഹകരണ പ്രാഥമിക വായ്പാ സംഘങ്ങളിലെ നിക്ഷേപകർക്കും വായ്പക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തും. ബാങ്കിങ് നിയന്ത്രണ നിയമത്തിന്റെ പരിധിയില് വരാത്ത വായ്പ സംഘങ്ങളിലെ നിക്ഷേപകർക്ക് ഒരു ലക്ഷം രൂപയുടെ ഡെപ്പോസിറ്റ് ഗ്യാരന്റി ഉറപ്പ് വരുത്തും.

182. സഹകരണ വായ്പാ സംഘങ്ങൾക്ക് അനുയോജ്യമായ സോഫ്റ്റ്വെയര് വികസിപ്പിച്ചെടുക്കുകയും കമ്പ്യൂട്ടറൈസ്ഡ് ആഡിറ്റിങ് സാധ്യമാക്കുകയും ചെയ്യും. സംസ്ഥാന സഹകരണ ബാങ്ക്, ജില്ല സഹകരണബാങ്കുകള്, അർബന് സഹകരണ ബാങ്കുകള് നല്ല നിലയില് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പ സംഘങ്ങള് എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ട് എ.റ്റി.എം.ശൃംഖല വിപുലപ്പെടുത്തും.

183. റിസർവ് ബാങ്ക് ലൈസൻസില്ലാത്ത ജില്ലസഹകരണ ബാങ്കുകൾക്ക് 2012 നു മുമ്പ് ലൈസൻസ് ലഭിക്കുന്നതിനുള്ള യോഗ്യതകള് കൈവരിക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കും.

### *ദേവസ്വം*

184. ശബരിമല മാസ്റ്റര് പ്ലാന് നടപ്പിലാക്കും. അതിന്റെ ആദ്യഘട്ടമായി 100 കോടി രൂപയുടെ ചെലവ് വരുന്ന നിലയ്ക്കല് പാർക്കിംഗ്, വലിയ നടപ്പന്തല് രണ്ടാംനില, അരവണ നിർമ്മാണശാല മാറ്റി സ്ഥാപിക്കല്, ഭക്തർക്ക് തിരിച്ചു പോകാന് പ്രത്യേക പാത തുടങ്ങിയവ അടുത്ത മകരമാസത്തിനു മുമ്പ് പൂർത്തീകരിക്കും. ശബരി പാതയ്ക്കായി റെയിൽവേയും റവന്യൂ വകുപ്പും സംയുക്തമായി കല്ലിട്ട് തിരിച്ചിരിക്കുന്ന ഐക്കൊമ്പ് (പാലയ്ക്കു സമീപം) വരെയുള്ള സ്ഥലത്തിന്റെ വില നൽകാനുള്ള നടപടികള് ഉടന് പൂർത്തിയാക്കും. എരുമേലി വരെയുള്ള ദൂരത്തെ സ്ഥലമെടുപ്പിനുള്ള നടപടികള് ആരംഭിക്കുവാനുള്ള നിർദ്ദേശം നൽകും.

### *ലോട്ടറി*

185. കേന്ദ്ര ലോട്ടറി നിയമം സംസ്ഥാനങ്ങൾക്ക് അധികാരം നൽകിക്കൊണ്ടുള്ള രീതിയില് ഭേദഗതി ചെയ്യുന്നതിന് സമ്മർദ്ദം ചെലുത്തും. ലോട്ടറി മാഫിയയെ കേരളത്തിൽനിന്ന് പുറത്താക്കുന്നതിനുവേണ്ടി എല്ലാവിധ നടപടികളും സ്വീകരിക്കും. കേരള ഭാഗ്യക്കുറി സംരക്ഷിക്കും.

### *സെക്രട്ടേറിയറ്റും ഡിപ്പാർട്ട്മെന്റുകളും*

186. വൻകിട പ്രോജക്ടുകളുടെ മോണിറ്ററിംഗിന് പ്രത്യേക സംവിധാനമുണ്ടാക്കും. കേന്ദ്രാവിഷ്കൃത പദ്ധതികള് കേരളത്തിന് കൂടുതല് അനുയോജ്യമാക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാരില് സമ്മർദ്ദം ചെലുത്തും. എല്ലാ മാസവും അവയുടെ നടത്തിപ്പ് അവലോകനം ചെയ്യുന്ന സമ്പ്രദായം കൊണ്ടുവരും.

187. സംസ്ഥാന സെക്രട്ടേറിയറ്റില് നിന്നും വകുപ്പുകളിലേക്കും വകുപ്പുകളില്നിന്നു താഴെത്തലങ്ങളിലേക്കും വികേന്ദ്രീകരിക്കേണ്ട അധികാരങ്ങള്, ധനകാര്യ അധികാരങ്ങള് ഉൾപ്പെടെ, അടിയന്തിരമായി വികേന്ദ്രീകരിച്ചു നൽകണം. ഓരോ തട്ടിലും കൈകാര്യം ചെയ്യേണ്ട കാര്യങ്ങള് അനിവാര്യമായ സാഹചര്യങ്ങളിലല്ലാതെ മുകള് തട്ടിലേക്ക് പോകുന്നില്ലായെന്ന് ഉറപ്പ് വരുത്തും.

188. കാലഹരണപ്പെട്ട സർവീസ് നിയമങ്ങളും ചട്ടങ്ങളും മാനുവലുകളും, മാർഗനിർദ്ദേശങ്ങളും രീതി സമ്പ്രദായങ്ങളും കാലോചിതമായി പുതുക്കുന്നതിന് സമയബന്ധിതമായി പദ്ധതി ആവിഷ്കരിക്കും. തട്ടുകള് കുറച്ചുകൊണ്ട് സെക്രട്ടേറിയറ്റ് ഭരണ സംവിധാനത്തില്വേണ്ട പരിഷ്കാരങ്ങള് പൂർത്തിയാക്കണം.

189. മിഡില് മാനേജ്മെന്റ് ശക്തമാക്കുന്നതിന് സ്റ്റേറ്റ് സിവില് സർവീസ് രൂപീകരിക്കണമെന്ന ഭരണ പരിഷ്കാര കമ്മീഷന് നിർദ്ദേശം നടപ്പിലാക്കും.

190. അഴിമതിരഹിതവും സംശുദ്ധവുമായ സിവില് സർവ്വീസ് എന്ന ലക്ഷ്യത്തോടെ ലോകായുക്ത, ഓംബുഡ്സ്മാന്, വിജിലൻസ് സംവിധാനങ്ങളെ ഫലപ്രദമാക്കാനുണ്ട്. സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓംബുഡ്സ്മാന് പ്രാവർത്തികമാക്കുന്നതായിരിക്കും.

191. സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പൊതുസ്ഥലംമാറ്റത്തിന് വിദ്യാഭ്യാസവകുപ്പില് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തില് നടപ്പിലാക്കിയ ഓൺലൈന് സംവിധാനം എല്ലാ വകുപ്പുകളിലേക്കും വ്യാപിപ്പിക്കും

192. 'സേവനാവകാശ നിയമം' കൊണ്ടുവരും. നിലവിലുള്ള റെക്കോർഡുകളുടെയും രജിസ്റ്ററുകളുടെയും അടിസ്ഥാനത്തില് നൽകാവുന്നതും കൂടുതല് അന്വേഷണം ആവശ്യമില്ലാത്തതുമായ സർട്ടിഫിക്കറ്റുകള്അടുത്ത പ്രവൃത്തിദിവസം തന്നെയും അന്വേഷണത്തിന്റെ അടിസ്ഥാനത്തില് നൽകേണ്ട സർട്ടിഫിക്കറ്റുകളും റെക്കോർഡുകളും പരമാവധി അഞ്ച് ദിവസത്തിനുള്ളിലും നൽകാന് നടപടി സ്വീകരിക്കും. ഇതിനായി ആഫീസുകളെ തമ്മില് ഓൺലൈന് വഴി ബന്ധിപ്പിക്കും. സർക്കാരിനു ലഭിക്കുന്ന വിവിധങ്ങളായ നിവേദനങ്ങള് അവയുടെ സ്വഭാവം അനുസരിച്ച് ഓരോ വിഭാഗത്തിനും നിശ്ചിത സമയത്തിനുളളില് തീർപ്പുകൽപ്പിച്ച് പരാതിക്കാരനെ അറിയിക്കണമെന്ന് വ്യവസ്ഥ ചെയ്യും. ഇതില് വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥരില് നിന്ന് പിഴ ഈടാക്കും.

### *വിവര സംവേദന സാങ്കേതികവിദ്യയും ഇ-ഗവേണൻസും*

193. വിവിധ വകുപ്പ് - സ്ഥാപനതലങ്ങളില് സഞ്ചയിക്കപ്പെട്ടിരിക്കുന്ന വിവരശേഖരം (ഡാറ്റാ ബേയ്സ്) ഉദ്ഗ്രഥിപ്പിക്കും. ഉദാഹരണമായി ഫ്രണ്ട്സ് മുഖേന നികുതി പിരിയ്ക്കുമ്പോള് തന്നെ ബന്ധപ്പെട്ട തദ്ദേശ ഭരണ-വകുപ്പ് സ്ഥാപനങ്ങളില് ഈ വിവരം പുതുക്കി ചേർക്കപ്പെടുക എന്ന രീതി ആവിഷ്കരിക്കും.

194. രജിസ്റ്ററുകളും ഫയലുകളും എഴുതി സൂക്ഷിക്കുന്ന വിവരങ്ങള്ഡിജിറ്റല് രൂപത്തിലേക്ക് മാറ്റി ദ്രുതഗതിയില് വിവരവിനിമയം നടത്തി സേവനം ലഭ്യമാക്കുന്ന സംവിധാനം രൂപപ്പെടുത്തും. ഇത്തരം വിവരമാറ്റം വരുത്തുമ്പോള് അവയുടെ കൃത്യതയും വിശ്വാസ്യതയും ഉറപ്പുവരുത്താനും രേഖീകൃതവിവരങ്ങളുടെ പരസ്പരം കൈമാറ്റവും വിനിയോഗവും ഉറപ്പാക്കുന്നതിനും ഉള്ള നയവും നടപടി ക്രമവും അവയുടെ നിയമസുരക്ഷയ്ക്കായുള്ള ചട്ട വ്യവസ്ഥകളും ഉണ്ടാക്കും.

195. ഭൂരേഖകള് ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കാനും സർക്കാര് ആവശ്യങ്ങൾക്കും പൊതു ആവശ്യങ്ങൾക്കും അനുമതി തേടിക്കൊണ്ട് പരസ്പരം കൈമാറി ഉപയോഗിക്കാനും വ്യവസ്ഥപ്പെടുത്തും.

196. വിവിധ പദ്ധതികളുടെ ആസൂത്രണം, ഗുണഭോക്തൃനിർണയം, തുടങ്ങിയവയ്ക്ക് പൗരരുടെ വിവരങ്ങള്, ജനന-മരണവിവരങ്ങള്, വിദ്യാർത്ഥി വിവരങ്ങള് വോട്ടർ വിവരങ്ങള് തുടങ്ങിയ അടിസ്ഥാന വിവരങ്ങള് പരസ്പരം കൈമാറ്റി വിനിയോഗിക്കാന് വ്യവസ്ഥപ്പെടുത്തും.

197. ദൈനംദിന ഭരണ പ്രവൃത്തികളില് ഇലക്ട്രോണിക് രേഖകളുടെയും ഡിജിറ്റല് സിഗ്നേച്ചറിന്റെയും പ്രയോഗം സാധ്യമാക്കി സേവന നിർവ്വഹണം ദ്രുതഗതിയിലാക്കാന് നടപടിയുണ്ടാകണം.

198. സാർവ്വത്രിക ഈ.സാക്ഷരത നടപ്പാക്കാനുള്ള തീവ്രയത്നം തദ്ദേശഭരണതലത്തില് ലീപ് കേരള മിഷന് ഉൾപ്പെടെ ഉപയോഗപ്പെടുത്തി സാധിതമാക്കും. ഇതിനായി നിലവിലുള്ള ഐ.ടി.മിഷന്, ഐ.കെ.എം തുടങ്ങിയ ശൃംഖലാസംവിധാനങ്ങളെ പുസംഘടിപ്പിച്ച് ഉപയോഗപ്പെടുത്തും.

### *അധികാരവികേന്ദ്രീകരണം*

199. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ഒട്ടേറെ അധികാരങ്ങള് താഴേക്കു നൽകിയിട്ടുണ്ട് പലവകുപ്പുകളിലും ഉദ്യോഗസ്ഥരെയും തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കു വിന്യസിച്ചിട്ടുണ്ട് ഈ പുനർവിന്യാസ പ്രക്രിയ അധികാരത്തിലെത്തി ഒരുവർഷത്തിനകം പൂർത്തിയാക്കും. കൈമാറ്റപ്പെടുന്ന ജീവനക്കാരുടെ നിർവ്വഹണപരവും നിയന്ത്രണപരവുമായ മേൽനോട്ട അധികാരം

തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഭാരമേൽപ്പിക്കും. ഇതിനായി ലൈൻസി ഡിപ്പാർട്ടമെന്റ് കളുടെ അടിസ്ഥാനതല നിർവ്വഹണകൃത്യങ്ങള് പൂർണ്ണമായും തദ്ദേശഭരണക്രമവുമായി ഏകോപിപ്പിക്കും.

*200.* ജില്ലാ ആസൂത്രണസമിതി കേരളത്തിന് അനുയോജ്യമായ വിധം പുന:സംഘടിപ്പിക്കുകയും ഡി.പി.സി സെക്രട്ടേറിയറ്റ് രൂപീകൃതമാക്കുകയും ചെയ്ത് നിർവ്വഹണക്ഷമമാക്കും.

*201.* പഞ്ചായത്ത്-നഗര ഭരണ മാന്വല്, ബജറ്റ്-അക്കൗണ്ട്സ്, ഓഡിറ്റ് മാന്വല് എന്നിവ ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ചട്ടങ്ങള് അടിയന്തരമായി രൂപീകരിക്കും.

*202.* ഗ്രാമസഭകള് ഫലപ്രദമാക്കുന്നതിന് അയൽക്കൂട്ടങ്ങള്, റെസിഡൻസ് അസോസിയേഷനുകള് തുടങ്ങിയവ ഗ്രാമസഭകളുടെ ഉപഘടകങ്ങളാക്കി വളർത്തും.

*203.* സന്നദ്ധസാങ്കേതികപ്രവർത്തകര് അടങ്ങുന്ന കർമ്മ സമിതികള്, സാമൂഹ്യനിയമകാര്യപ്രവർത്തകര് അടങ്ങുന്ന ജാഗ്രതാ സമിതികള്, സദ്ഭരണഭാഗമായ പരാതി പരിഹാര സമിതികള്, സാമൂഹ്യാവലോകനസമിതികള്, സ്ഥാപനമാനേജ്മെന്റ് സമിതികള് എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഇടപെടല് നടത്തും.

*204.* സ്റ്റാൻഡിംഗ് കമ്മിറ്റികളെ പ്രായോഗിക വികേന്ദ്രീകൃതാധികാര നിർവ്വഹണവേദികളായി ഉത്തരവാദിത്തപ്പെടുത്തുംവിധം നിയമ-ചട്ട ഭേദഗതികള് നടപ്പാക്കി ശാക്തീകരിക്കും.

*205.* എല്ലാ പഞ്ചായത്തിലും ഒരു പൊതു കളിസ്ഥലവും പൊതു ശ്മശാനവും ഉറപ്പു വരുത്തും ജനങ്ങൾക്ക് ഒത്തുകൂടാനും ആശയവിനിമയം നടത്താനും സൗകര്യപ്പെടുന്ന വിധത്തിലുള്ള കമ്മ്യൂണിറ്റി സെന്ററുകളോ ഓപ്പണ്എയര് തിയേറ്ററുകളോ എല്ലാ പഞ്ചായത്തുകളിലും ഉറപ്പു വരുത്തും

### *ജുഡീഷ്യറി*

*206.* കീഴ്കോടതികളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും. കുടുംബകോടതികളുടെ എണ്ണം വർദ്ധിപ്പിക്കും. ജഡ്ജിമാർ, കൗൺസിലർമാര് തുടങ്ങിയവർക്ക് ലിംഗാവബോധ പരിശീലനങ്ങള് നൽകും.

*207.* ലീഗല് സർവ്വീസ് അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തും. പ്രൊട്ടക്ഷന് ഓഫീസർമാര്, സർവ്വീസ് പ്രൊവൈഡർമാർ, ജാഗ്രതാ സമിതികള്, വനിതാ സെല്ലുകള് എന്നിവയുമായി നെറ്റ്വർക്കിംഗ് ഉണ്ടാകും.

### *തൊഴില് നയം*

*208.* തൊഴിലാളി-തൊഴിലുടമ ബന്ധം മെച്ചപ്പെടുത്തുന്നതിനും ഉൽപ്പാദനത്തിന്റെ ഗുണനിലവാരവും കാര്യക്ഷമതയും ഉയർത്തുന്നതിനും തൊഴിലാളി സംഘടനകളോട് ചർച്ച ചെയ്യുക എന്നത് എല്ഡി.എഫിന്റെ നയമായിരിക്കും. ഇ.എസ്.ഐ വിപുലീകരിക്കും. തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നങ്ങളില് തീരുമാനമെടുക്കുന്നതിന് മുമ്പ് ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്യും എന്നത് എല്.ഡി.എഫ് സർക്കാരിന്റെ നയമായിരിക്കും.

*209.* തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കും പൂർണ്ണ സംരക്ഷണം നൽകും. ആരോഗ്യകരമായ തൊഴില് ബന്ധത്തിലൂടെ വ്യവസായവൽക്കരണത്തിന് കൂടുതല് പ്രോൽസാഹനജനകമായ ക്രിയാത്മക അന്തരീക്ഷം സൃഷ്ടിക്കാന് നടപടി സ്വീകരിക്കും. പുതിയ വ്യവസായസംരംഭങ്ങളുടെ നിർമ്മാണഘട്ടത്തിലും പ്രവർത്തനങ്ങളുടെ പ്രാരംഭദശയിലും അനാരോഗ്യകരമായ തൊഴില് കുഴപ്പങ്ങള് മൂലമുണ്ടാകുന്ന പ്രശ്നങ്ങള് പരിഹരിക്കാന് ആവശ്യമായ കർശന സംവിധാനങ്ങള് ട്രേഡ് യൂണിയനുകളുമായി ആലോചിച്ച് ഏർപ്പെടുത്തും.

*210.* വ്യാപാര സ്ഥാപനങ്ങളിലും മറ്റ് സ്വകാര്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകള് ഉൾപ്പെടെയുള്ളവർക്ക് സുരക്ഷിതത്വം ഉറപ്പു വരുത്തുന്ന തരത്തിലുളള നടപടികള്സ്വീകരിക്കും.

*211.* തൊഴിൽവകുപ്പ് ശക്തിപ്പെടുത്തും.

*212.* മറ്റ് സംസ്ഥാനങ്ങളില് നിന്നും കേരളത്തില് വന്നു തൊഴിലെടുക്കുന്നവരുടെ സ്ഥിതിയെക്കുറിച്ച് സമഗ്രാന്വേഷണം നടത്തും. ഇന്റര് സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് ആക്ട് നടപ്പിലാക്കും.

### *മദ്യനയം*

*213.* മദ്യവും മയക്കമരുന്നുകളും സമൂഹത്തില് ഗുരുതരമായ പ്രശ്നങ്ങള് സൃഷ്ടിക്കുന്നു. അവ വർജിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങള് വളരെ പ്രധാനപ്പെട്ടതാണ്. മദ്യപാനത്തെ കർശനമായി നിരുൽസാഹപ്പെടുത്തുന്ന ഒരു നയമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിക്കുള്ളത്. മദ്യപാനാസക്തിക്കെതിരെ വിപുലമായ ബോധവൽക്കരണ പരിപാടികള് ഗ്രാമസഭകളുടെ പങ്കാളിത്തത്തോടെ ആവിഷ്കരിക്കും. മദ്യമാഫിയയ്ക്കെതിരെ കർശനമായ നിയമനടപടികള് സ്വീകരിക്കുന്നതാണ്.

*214.* വിദേശ മദ്യഷാപ്പ കൾക്കുള്ള നിയന്ത്രണങ്ങള് കൂടുതല് കർക്കശമാക്കും. വീര്യംകൂടിയ മദ്യങ്ങളെ നിരുത്സാഹപ്പെടുത്തുകയും അതേ സമയം വീര്യംകുറഞ്ഞ കള്ളുപോലുള്ള പരമ്പരാഗത മദ്യം ഗുണനിലവാരം ഉറപ്പു വരുത്തി ലഭ്യമാക്കുകയും ചെയ്യുക എന്നതായിരിക്കും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നയം. വ്യാജ കള്ളിനെതിരെ കർശനമായ നടപടികള് തുടരും. ചെത്തുവ്യവസായ സംരക്ഷണത്തിനുള്ള നടപടി തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് രൂപം നൽകും.

### *ഗതാഗതം*

*215.* കെ.എസ്.ആർ.ടി.സി ചെയ്യുന്ന സേവനം കണക്കിലെടുത്ത് മതിയായ സഹായം നൽകും. കടബാധ്യത ഒറ്റത്തവണ തീർപ്പ് വഴി ഇല്ലാതാക്കും. ഇതിനായി പ്രത്യേക പാക്കേജിന് രൂപം നൽകും. പെൻഷന് മാസാദ്യം തന്നെ കെ.എസ്.ആർ.ടി.സി വിതരണം ചെയ്യുന്നു എന്നകാര്യം ഉറപ്പ് വരുത്തും.

### *റവന്യൂ*

*216.* കയ്യേറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കും.

### *പരിസ്ഥിതി നയം*

*217.* തീരദേശ പരിപാലനം ഉൾപ്പെടെ പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങള് വികസന പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്ന രീതി പ്രാവർത്തികമാക്കും.

*218.* ഹരിത സാങ്കേതിക വിദ്യാ പ്രയോഗത്തിലൂടെ ഊർജ്ജ ഉപഭോഗം കുറയ്ക്കുകയും, പ്രകൃതി വിഭവ സംരക്ഷണവും വിനിയോഗവും ക്രമീകരിക്കുകയും സുസ്ഥിര വികസനത്തിലൂന്നിയുള്ള സാമൂഹ്യ-സാമ്പത്തിക വികസനക്രമത്തിന് മുൻഗണന നൽകുകയും ചെയ്യും.

*219.* മലിനജലം ശുദ്ധീകരിച്ച് പുനഃചംക്രമണം നടത്തിയും പാഴ്വസ്തുക്കളുടെ പരമാവധി പുനരുപയോഗം സാധ്യമാക്കിയും വ്യവസായങ്ങളെ സീറോ ഡിസ്ചാർജ്ജ് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് പ്രേരിപ്പിക്കും. ഇതിനായി സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനുള്ള ഇടപെടല് നടത്തും.

*220.* ഇന്നു നിലവിലുള്ള മലിനീകരണ നിയന്ത്രണ നിയമത്തിലും മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനത്തിലും ഉള്ള പരിമിതികളും പോരായ്മകളും പരിഹരിക്കും

*221.* ക്ലീന് ടെക്നോളജി, ഗ്രീന് ടെക്നോളജി തുടങ്ങിയ നൂതന സങ്കേതങ്ങളെ സമൂഹത്തിന്റെ ആവശ്യത്തിനുതകുന്ന രീതിയില് പ്രയോഗത്തിലെത്തിക്കുന്നതിന് പരിസ്ഥിതി പരിപാലന ഏജൻസിയെ പ്രാപ്തമാക്കുന്ന തരത്തിലുള്ള ഇടപെടല് നടത്തും.

*222.* പ്രാദേശിക സർക്കാരുകളും വിവിധ സർക്കാര് വകുപ്പു കളും നടപ്പിലാക്കിവരുന്ന വികസന പ്രവർത്തങ്ങള് പരിസ്ഥിതിക്കും സമൂഹത്തിനും ദോഷമുളവാക്കുന്നവയല്ലെന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കും അതേ സമയം കേവല പരിസ്ഥിതി വാദമുയർത്തി വികസന പ്രവർത്തനങ്ങളെ തടസപ്പെടുത്തുന്ന നീക്കങ്ങളെ തുറന്ന് കാട്ടു കയും ചെയ്യും. പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിരുത്സാപ്പെടുത്തുന്നതിനുള്ള നടപടികള് സ്വീകരിക്കും.

### *ക്രമസമാധാനപാലനവും പോലീസും*

*223.* ജനമൈത്രി സുരക്ഷാപദ്ധതി എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും വ്യാപിപ്പിക്കും. കേരള സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വ്യാപകമായി നടപ്പാക്കും.

*224.* സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയന് സ്ഥാപിക്കും. മൊത്തം പോലീസ് സേനയുടെ *15* ശതമാനം എന്ന നിരക്കിലേക്ക് വനിതാ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കും.

*225.* സംസ്ഥാനത്ത് വ്യവസായ സംരക്ഷണ സേന രൂപീകരിക്കും.

*226.* ട്രാഫിക് അപകട നിവാരണത്തിനും നിയന്ത്രണത്തിനുമായി സംസ്ഥാനാടിസ്ഥാനത്തില് പ്രത്യേകം പരിശീലനം നൽകപ്പെട്ട പോലീസ് വിഭാഗം രൂപീകരിക്കും. ട്രാഫിക് ഫൈന് ഈടാക്കുന്നത് ഇലക്ട്രോണിക് സംവിധാനം വഴിയാക്കി മാറ്റിയും ക്യാമറകള് സ്ഥാപിച്ചും അഴിമതിക്കുള്ള സാധ്യത ഇല്ലാതാക്കും.

*227.* പോലീസിന് നൽകിയ പരാതിയിന്മേല് എടുത്ത നടപടി പൊതുജനങ്ങളെ അറിയിക്കുന്നതിന് ഡിജിറ്റല് പെറ്റീഷന് മോണിറ്ററിംഗ് സംവിധാനം പൊതുജനങ്ങൾക്ക് എല്ലാവർക്കും ലഭ്യമാകത്തക്കവിധത്തില് നടപ്പിലാക്കും.

*228.* കമാണ്ടോ വിഭാഗം, ആഭ്യന്തര സുരക്ഷാ ഇന്റലിജൻസ് വിഭാഗം, ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗം എന്നിവ സംയോജിപ്പിച്ച് സംസ്ഥാന ഭീകരവിരുദ്ധ ടാസ്ക് ഫോഴ്സ് രൂപീകരിക്കും. സൈബര് കുറ്റകൃത്യങ്ങള് കൈകാര്യം ചെയ്യാനുള്ള ശേഷി പോലീസ് സേനയില് സൃഷ്ടിക്കും.

229. ജയിലുകളുടെ ആധുനികവൽക്കരണ പ്രക്രിയ ശക്തിപ്പെടുത്തും.

230. അഞ്ചുവർഷം കൊണ്ട് 140 മണ്ഡലങ്ങളിലും ഫയര് സ്റ്റേഷന് സ്ഥാപിക്കും.

### *വിമുക്തഭടന്മാര്*

231. വിമുക്തഭടന്മാർക്കായി ആരംഭം കുറിച്ച ഇ.സി.എച്ച്.എസ് പോളി ക്ലിനിക്കിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

232. മലപ്പുറം ജില്ലയില്വിമുക്തഭടന്മാര് രൂപം നൽകിയ സൈനിക പബ്ലിക് സ്കൂളിന് എന്.ഒ.സി നൽകും.

233. യുദ്ധ സ്മാരകങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങള് പരിഹരിക്കും.

234. അർദ്ധ സൈനിക വിഭാഗങ്ങളുടെ പ്രശ്നങ്ങള് പരിഹരിക്കുന്നതിനുള്ള നടപടികള് സ്വീകരിക്കും.

### *അഴിമതിക്കെതിരെ*

235. അഴിമതിരഹിത സംശുദ്ധഭരണം എല്.ഡി.എഫ് ഉറപ്പു വരുത്തും

236. ഒരുവർഷം കൊണ്ട് വിജിലൻസ് കേസുകളില് അന്വേഷണം പൂർത്തിയാക്കി കേസുകള് കോടതിയില് സമർപ്പിക്കത്തക്ക വിധത്തില് വിജിലൻസ് വകുപ്പിനെ ആധുനികവൽക്കരിക്കും. പുതിയ വിജിലൻസ് കോടതികള് സ്ഥാപിക്കും.

237. സംശുദ്ധമായ സിവില് സർവീസും അഴിമതിരഹിത പൊതുപ്രവർത്തനവും ഉറപ്പു വരുത്തുന്നതിന് സമഗ്രമായ നിയമനിർമ്മാണം നടത്തും. അതിലേക്കായി നിലവിലുള്ള അഴിമതിനിരോധന നിയമത്തിലും കേരള ലോകായുക്ത നിയമത്തിലും സമഗ്രമായ മാറ്റങ്ങള് വരുത്തും.

238. അഴിമതി, കാര്യക്ഷമതയില്ലായ്മ എന്നിവയ്ക്കെതിരായി സംഘടനകളുടെ സഹായത്തോടെ വലിയ ബഹുജന ക്യാമ്പയിന് ആരംഭിക്കുന്നതും ശക്തമായ ഭരണനടപടികള് സ്വീകരിക്കുന്നതുമാണ്.

239. പൊതുപ്രവർത്തകരെക്കുറിച്ചും അവരുടെ സ്വത്തുവിവരങ്ങളെക്കുറിച്ചും ജനങ്ങൾക്ക്സുതാര്യവും വിശ്വാസ്യയോഗ്യവുമായ നിലയില് വിവരം നൽകുവാനും അന്യസംസ്ഥാനങ്ങളിലോ അന്യരാജ്യങ്ങളിലോ അവർക്കുള്ള സ്വത്തുക്കള് പൊതുജനമധ്യത്തില് വെളിച്ചം കാണുവാനും ഇന്നുള്ള സംവിധാനം അപര്യാപ്തമാണ്. ഇതിനായി കേരള ലോകായുക്ത നിയമത്തിലും ചട്ടങ്ങൾക്കും ആവശ്യമായ പരിഷ്കാരങ്ങള് വരുത്തുന്നതാണ്.

### *സംവരണനയം*

240. പട്ടികജാതി/പട്ടികവർഗക്കാർക്കും വിദ്യാഭ്യാസപരമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കും സർക്കാര് ഉദ്യോഗങ്ങളില് ഇന്നുള്ള തോതില് സംവരണം തുടരണമെന്ന നയത്തില് എല്.ഡി.എഫ്. ഉറച്ചു നിൽക്കുന്നു. സംവരണകാര്യത്തില് പരസ്പര വിരുദ്ധവും അവസരവാദപരവുമായ നിലപാടുകള് സ്വീകരിക്കുന്നവരുടെ ഒരു മുന്നണിയാണ് യു.ഡി.എഫ്. ഓരോ സമുദായത്തിനും അർഹതപ്പെട്ട സംവരണാനുകൂല്യം മുഴുവന് അവർക്കു തന്നെ കിട്ടുമെന്ന് ഉറപ്പു വരുത്തേണ്ടതാണ് അതോടൊപ്പം, മുന്നോക്ക സമുദായങ്ങളിലെ പാവപ്പെട്ടവർക്ക് 10% സംവരണം ഏർപ്പെടുത്തുകയും വേണം. ഈ രണ്ടു കാര്യങ്ങളും നടപ്പില് വരാന് ഉചിതമായ ഭരണഘടനാ ഭേദഗതി ആവശ്യമാണ്. ഇത്തരമൊരു ഭരണഘടനാ ഭേദഗതി നടപ്പില് വരുത്താന് എല്.ഡി.എഫ്. പരിശ്രമിക്കുന്നതായിരിക്കും.

241. ദളിത് ക്രൈസ്തവർക്ക് പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങള് ലഭ്യമാക്കണമെന്ന ആവശ്യം ന്യായയുക്തമാണെന്ന് എല്.ഡി.എഫ് കരുതുന്നു. ഇതു പ്രായോഗികമായി നടപ്പിലാക്കുമ്പോള് നിലവിലുള്ള പട്ടികജാതി വിഭാഗങ്ങള് അനുഭവിച്ചു വരുന്ന ആനുകൂല്യങ്ങള് പൂർണ്ണമായും സംരക്ഷിക്കാനുള്ള നടപടികള് സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം അവരുടെ സംഘടനകളുമായി ചർച്ച ചെയ്ത് അഭിപ്രായസമന്വയം ഉണ്ടാക്കാന് നടപടികള് സ്വീകരിക്കും.

---

## ഉപസംഹാരം

ആഗോളവൽക്കരണ-ഉദാരവൽക്കരണ നയങ്ങള് പിന്തുടർന്ന കഴിഞ്ഞ യു.ഡി.എഫ് സർക്കാര് കേരളം നേടിയ നേട്ടങ്ങളെ മുഴുവനും തകർക്കുന്ന തരത്തിലുള്ള നിലപാടാണ് സ്വീകരിച്ചത്. ഇതിൽനിന്നും വ്യത്യസ്തമായി ഓരോ മേഖലയിലും ജനകീയ ബദലിന് രൂപം നൽകാനാണ് എല്.ഡി.എഫ് സർക്കാര് പരിശ്രമിച്ചത്. മതേതര അടിത്തറയും സാമ്രാജ്യത്വവിരുദ്ധ സമീപനവും ഇത്തരം വികസനത്തിന് അത്യന്താപേക്ഷിതമാണ്. ഇതിന്റെ അടിസ്ഥാനത്തില് സാമ്പത്തിക വളർച്ചയും സാമൂഹ്യ-സാമ്പത്തിക നീതിയും ഒന്നിച്ചു കൊണ്ടുപോകുന്ന കേരള വികസന മാതൃകയ്ക്ക് രൂപം നൽകി. അനിയന്ത്രിതമായ കമ്പോളവൽക്കരണമാണ് വികസന മാർഗം എന്ന ധാരണ തിരുത്തുന്നതിന് ഈ നയങ്ങളിലൂടെ സാധ്യമാവുകയും ചെയ്തു.

പ്രകടനപത്രികയില് എല്.ഡി.എഫ് ജനങ്ങളുടെ മുമ്പില് വച്ച വാഗ്ദാനങ്ങള് നടപ്പിലാക്കി മുന്നോട്ടു പോവുകയാണ് ഈ സർക്കാര് ചെയ്യുത്. നേട്ടങ്ങളുടെ നിറവില് നിന്നുകൊണ്ട് കൂടുതല് ശോഭനമായ നാളയിലേക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണി ആത്മവിശ്വാസത്തോടെ ഉറ്റു നോക്കുകയാണ് കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണത്തിന് ഒരു തുടർച്ച ഉണ്ടായേ തീരൂ. കഴിഞ്ഞ അഞ്ചുവർഷത്തെ അനുഭവങ്ങള് ഉൾക്കൊണ്ടുകൊണ്ട് പുത്തന് വികസന മാതൃക സൃഷ്ടിക്കായുള്ള കർമ്മപരിപാടി കേരളത്തിലെ ജനങ്ങളുടെ മുന്നില് എല്.ഡി.എഫ് അവതരിപ്പിക്കുന്നത്. ഇത് നടപ്പില് വരുത്താന്, ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മുഴുവന് സ്ഥാനാർത്ഥികളേയും വിജയിപ്പിക്കാന് കേരളത്തിലെ പ്രബുദ്ധരായ മുഴുവന് ജനങ്ങളോടും ഇടതുപക്ഷ ജനാധിപത്യ മുന്നണി സവിനയം അഭ്യർത്ഥിക്കുന്നു.

***വൈക്കം വിശ്വന്***
*കൺവീനര്*
*എല്.ഡി.എഫ് സംസ്ഥാന കമ്മിറ്റി*